**ധനകാര്യം**

## 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ശ്രീ. ഒ. ആർ. കേളു): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2024-25 | | | | |
|---|---|---|---|---|---|---|
| | | 15-02-2024-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXV | പട്ടികജാതി /പട്ടികവർഗ്ഗ/മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 784,94,06,000 | 309,80,07,000 | 1569,88,13,000 | 619,60,13,000 | 2189,48,26,000 |

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി : (ശ്രീ. വി. അബ്ദുറഹിമാൻ) : സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. അനൂപ് ജേക്കബ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ന്യൂനപക്ഷ സ്കോളർഷിപ്പുകൾ യഥാസമയം വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകളിൽനിന്നും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ

കൊഴിഞ്ഞുപോക്ക് തടയുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അട്ടപ്പാടി ആദിവാസി മേഖലയിലെ ശിശുമരണങ്ങൾ ഒഴിവാക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട

പെൺകുട്ടികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതിയുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരമുള്ള സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് വർദ്ധിപ്പിക്കാനും കാലവിളംബം കൂടാതെ വിതരണം ചെയ്യാനും നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വിവിധ നൈപുണ്യവികസന പദ്ധതികൾ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ന്യൂനപക്ഷക്ഷേമ വകുപ്പ് നൽകിവരുന്ന ധനസഹായങ്ങളും ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികജാതി ഉന്നതികളിൽ നടപ്പാക്കുന്ന ഭവനസുരക്ഷ പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്കുള്ള ഗ്രാന്റുകൾ മുടങ്ങിക്കിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആദിവാസി കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി നൽകുമെന്ന സർക്കാർ വാഗ്ദാനം നടപ്പിലാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആദിവാസി ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുവാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലൈഫ് ഭവനപദ്ധതി മുഖേന അർഹതപ്പെട്ട മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനങ്ങൾ നിർമ്മിച്ചുനൽകാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ ക്രമക്കേട് കണ്ടെത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിദ്യാവാഹിനി പദ്ധതിയിൽ കോടിക്കണക്കിന് രൂപ കുടിശ്ശിക വന്നതായും തന്മൂലം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് പ്രതിസന്ധി നേരിടുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗതാഗത സംവിധാനങ്ങളുടെ അപര്യാപ്തമൂലം അട്ടപ്പാടി മേഖലയിലുള്ള ആദിവാസി ഊരുകളിലെ അരിവാൾ രോഗികൾ ചികിത്സ ലഭിക്കാതെ മരണപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇ-ഗ്രാന്റ് കുടിശ്ശിക ഉള്ളതിനാൽ ബിരുദപഠനം പൂർത്തിയാക്കിയ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ടി.സി. നിഷേധിക്കുന്നത് അവരുടെ ഉപരിപഠനത്തെ ദോഷകരമായി ബാധിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള ഭവനനിർമ്മാണ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കണമെന്ന

ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ :</u>

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 21,89,48,26,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. യു. എ. ലത്തീഫ്
5. ശ്രീ. നജീബ് കാന്തപുരം
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. എൻ. ഷംസുദ്ദീൻ
8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. കെ. പി. എ. മജീദ്

10. ശ്രീ. പി. അബ്ദുൽ ഹമീദ്

11. ശ്രീ. പി. ഉബൈദുള്ള

12. ശ്രീമതി കെ. കെ. രമ

ചർച്ച

ശ്രീ. മുരളി പെരുനെല്ലി: സർ, 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ബ്രിട്ടീഷ് ഭരണത്തിന്റെ അവശിഷ്ടമെന്ന നിലയിലാണ് കോളനികൾ എന്നപേര് നിലനിന്നിരുന്നത്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ പാർശ്വവൽകരിക്കപ്പെട്ട ഒരു പദപ്രയോഗമായ 'കോളനി' എന്നുള്ളത്. അത് ഒഴിവാക്കി 'പട്ടികജാതി നഗർ' എന്നാക്കി മാറ്റാൻ നടപടിയെടുത്ത, കഴിഞ്ഞ മൂന്നുവർഷം പ്രസ്തുത വകുപ്പ് കൈകാര്യം ചെയ്തു, നിലവിൽ പാർലമെന്റിൽ എം.പി.-യായി തെരഞ്ഞെടുക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസ്ഥാനത്തുനിന്നും രാജിവച്ച ശ്രീ. കെ. രാധാകൃഷ്ണൻ നേതൃത്വം കൊടുത്ത, ഇപ്പോൾ ശ്രീ. ഒ. ആർ. കേളു നേതൃത്വം കൊടുക്കുന്ന

ഈ വകുപ്പിന് എല്ലാവിധ അഭിനന്ദനങ്ങളും നൽകുകയാണ്. കേന്ദ്ര സർക്കാരും മറ്റു ഇതര സംസ്ഥാനങ്ങളും പട്ടികജാതി ക്ഷേമത്തിന് ബജറ്റിൽ നീക്കിവയ്ക്കുന്ന തുകയെക്കാൾ, ജനസംഖ്യാനുപാതത്തെക്കാൾ ഉയർന്ന നിരക്കിൽ കഴിഞ്ഞ അഞ്ചുവർഷവും പണം നീക്കിവച്ച സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ എന്നത് വളരെ ശ്രദ്ധേയമാണ്. ഇതിൽ ഗണ്യമായ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയാണ് ചെലവഴിക്കുന്നതെന്നതും പ്രത്യേകമായ കാര്യമാണ്. പട്ടികജാതി സമൂഹത്തിന്റെ ഉന്നമനത്തിനായി ബജറ്റിന്റെ 9.81 ശതമാനം തുകയാണ് വകയിരുത്തിയിട്ടുള്ളത്. 2023-24-ൽ 2979.40 കോടി രൂപയാണ് കേരളത്തിൽ ഇതിന്റെ ഭാഗമായി വകയിരുത്തിയിട്ടുള്ളത്. ഇതിൽ 55 ശതമാനം പട്ടികജാതി വികസന വകുപ്പുമുഖേനയും 45 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് ചെലവഴിക്കുന്നത്. പ്രാദേശിക പദ്ധതി രൂപീകരണത്തിൽ പ്രസ്തുത വിഭാഗത്തിന് യാതൊരു പങ്കാളിത്തവുമില്ലായിരുന്ന സ്ഥിതിവിശേഷം മാറ്റിക്കൊണ്ട് പട്ടികജാതി വിഭാഗങ്ങൾക്ക് ഇതിൽ പങ്കാളിത്തമുണ്ടാക്കാൻ കഴിയുന്നതരത്തിലുള്ള ഒരു സംവിധാനമുണ്ടായെന്നുള്ളതും അവർ ഇതിന്റെ

സജീവ ഭാഗമായി വന്നതും വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ മുന്നേറ്റത്തിന്റെ ഭാഗമായി നഗറുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തി രൂപീകരിച്ച 'സേഫ് ' ക്ലബ്ബുകളുടെ പ്രവർത്തനം വളരെയേറെ ശ്ലാഘനീയമായ പദ്ധതിയാണ്. കലാ, കായിക സംസ്കാരിക പ്രവർത്തനങ്ങൾ, പഠന ക്യാമ്പുകൾ എന്നിവ വഴി കുട്ടികളിൽ നേതൃഗുണം വളർത്തിയെടുക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ട്യൂഷൻ പ്രോഗ്രാമിലൂടെ അവരുടെ പഠനനിലവാരം മെച്ചപ്പെടുത്താനും സേഫ് ക്ലബ്ബുകൾ സഹായിക്കുന്നുയെന്നത് വളരെ ശ്രദ്ധേയമായ കാര്യമാണ്. വിവിധ വകുപ്പുകളുടെ വികസന പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനാവശ്യമായ സംവിധാനങ്ങളില്ലാത്തതുകൊണ്ട് പലതും അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ലെന്നുള്ള കുറവ് നിലനിൽക്കുകയാണ്. അതുപരിഹരിക്കുന്നതിന് ഇത്തരം ക്ലബ്ബുകൾ സഹായിക്കുന്നതിന്റെ ഫലമായി വളരെ സുതാര്യമായി ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്കെത്തിക്കാൻ കഴിയുന്നുവെന്നത് ഈ ക്ലബ്ബിന്റെ പ്രവർത്തനത്തിലൂടെ സാധിക്കുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം ശക്തമാക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച കോർപ്പറേഷൻ ഹെഡ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം 2011-ൽ നടന്നതാണ്. പിന്നീടുള്ള അഞ്ചുവർഷക്കാലം യാതൊരു പുരോഗതിയും അക്കാര്യത്തിലുണ്ടായിട്ടില്ല. 2016-ൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽവന്നപ്പോഴാണ് അതിനൊരു അനക്കം വച്ചത്. ഇപ്പോൾ ഓഫീസിന്റെ നിർമ്മാണപ്രവർത്തനം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. കോർപ്പറേഷന്റെ പ്രവർത്തനത്തിൽ ഇതൊരു നാഴികക്കല്ലായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്. പി.ജി വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് 25 പേർക്ക് മാത്രമാണ് മുമ്പുണ്ടായിരുന്നത്. ഇന്ന് ഏകദേശം അഞ്ഞൂറോളംപേർക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ട്. 25 ലക്ഷം രൂപ വീതമാണ് ഇതിന് സഹായം നൽകുന്നത്. പിന്നാക്ക വിദ്യാർത്ഥികൾക്കും 10 ലക്ഷം രൂപവീതം സ്കോളർഷിപ്പ് നൽകുന്നുണ്ട്. രണ്ടര ലക്ഷം രൂപയ്ക്കു മുകളിൽ വരുമാനമുള്ള എസ്.സി./എസ്.ടി വിദ്യാർത്ഥികൾക്ക് കേന്ദ്ര ബി.ജെ.പി. സർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നിഷേധിക്കുന്ന സമീപനമാണെടുത്തത്. അതുകണ്ട് അന്തംവിട്ടുനിൽക്കുകയല്ല

കേരളത്തിലെ ഇടതുപക്ഷ സർക്കാർ ചെയ്തത്, പിണറായി സർക്കാർ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തി വരുമാന ഭേദമില്ലാതെ എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകാനാണ് തീരുമാനിച്ചത്. എൽ.ഡി.എഫ്. സർക്കാർ ആർക്കൊപ്പമാണെന്നതിന്റെ തെളിവാണ് ഈ സംഭവങ്ങളിലൂടെ കാണാൻ കഴിയുന്നത്. കൂടാതെ ഒന്നു മുതൽ പത്താം ക്ലാസ്സുവരെയുള്ള പിന്നാക്ക വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പും കേന്ദ്ര ഗവൺമെന്റ് 9, 10 ക്ലാസ്സുകൾ വരെയാക്കി ചുരുക്കുകയുണ്ടായി. അത്തരം സമീപനം ബി.ജെ.പി എടുത്തപ്പോൾ ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകാൻ സംസ്ഥാനം നടപടി സ്വീകരിച്ചുവെന്നതും ഈ സർക്കാർ ആരുടെകൂടെ നിൽക്കുന്നു എന്നതിന്റെ തെളിവാണ്. രാജ്യം സ്വാതന്ത്ര്യം നേടി മുക്കാൽ നൂറ്റാണ്ട് പിന്നിട്ടിട്ടും ഇന്ത്യൻ ജനതയുടെ 30 ശതമാനം വരുന്ന എസ്.എസി./എസ്.ടി വിഭാഗങ്ങൾ ഇന്നും കുമ്പിളിൽ കഞ്ഞിയുമായി പിന്നാക്കാവസ്ഥയിലാണ്. എന്നാൽ 'പാളയിൽ കഞ്ഞി കുടിപ്പിക്കും, തമ്പ്രാനെന്നു വിളിപ്പിക്കും' എന്നുപറഞ്ഞ തമ്പുരാക്കൻമാരെ പടിയിറക്കിക്കൊണ്ട് കേരളം ഇന്ത്യയിൽ ആ നിലയിൽ മുന്നോട്ടുപോകുന്ന

കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഏകദേശം 90 ശതമാനം വരുന്ന പട്ടികവർഗ്ഗക്കാർ മുഖ്യധാരയിൽനിന്നും ഒറ്റപ്പെട്ട സാഹചര്യത്തിലാണ് താമസിക്കുന്നത്. ഇവരുടെ വിദ്യാഭ്യാസത്തിനായി, പിന്നാക്കാവസ്ഥ പരിഹരിക്കാൻ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നണ്ടെന്നുള്ളത് വളരെ ശ്രദ്ധേയമാണ്. വർഷങ്ങളായി എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ തുടർച്ചയായി മികവിന്റെ റിസൾട്ട് കൈവരിക്കുന്ന കേന്ദ്രങ്ങളായി ഈ കേന്ദ്രങ്ങൾ മാറിക്കഴിഞ്ഞിരിക്കുകയാണ്. അയ്യായിരത്തി അഞ്ഞൂറോളം വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നുവെന്നത് ഈ മേഖലയിൽ സർക്കാർ നൽകുന്ന കരുതലിന്റെ ലക്ഷണമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്താനായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുമാത്രമായി നടപ്പാക്കിയിരുന്ന 'പഠനമുറി പദ്ധതി' 8, 9, 10 ക്ലാസുകൾക്ക് മാത്രമാണുണ്ടായിരുന്നത്. അതിപ്പോൾ 5 മുതൽ 7 വരെയുള്ള ക്ലാസ്സുകൾക്കും ബാധകമാക്കിയിട്ടുണ്ട്. യു.പി., ഹൈസ്കൂൾ എല്ലാവിഭാഗക്കാർക്കും പഠനമുറി, ഇതിന്റെ ഭാഗമായി പതിനായിരം പഠനമുറികളാണ് ഈ

രണ്ടുവർഷംകൊണ്ട് കേരളത്തിൽ നിർമ്മിച്ചത്. അത് കുട്ടികൾക്ക് പഠനം മെച്ചപ്പെടുത്താൻ സൗകര്യപ്രദമായ സംഭവമാണെന്നുള്ളത് കേരളത്തിന്റെ പ്രത്യേകതയാണ്. പട്ടികജാതിക്കാർക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പരിവർത്തിത ക്രൈസ്തവർക്കും തുല്യമായ അളവിൽ കേരളം നൽകുന്നുണ്ട്. യു.ഡി.എഫ് കുടിശ്ശികയാക്കിയ 159 കോടി രൂപയാണ് ഈ വിഭാഗക്കാർക്ക് നൽകാനുള്ളത്. അത് കൊടുത്തുതീർത്തത് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷമാണ്. പല പദ്ധതികളും കുടിശ്ശിക വരുത്തുമ്പോൾ അതെല്ലാം ഏറ്റെടുത്ത് നൽകുന്ന പ്രവൃത്തി നടത്തിയത് ഇടതുപക്ഷ സർക്കാരാണ്. പിന്നാക്ക സമുദായ വികസന കോർപ്പറേഷന് കൂടുതൽ പണം ലഭ്യമാക്കി പ്രവർത്തനം ഗണ്യമായി വിപുലപ്പെടുത്താൻ ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. ന്യൂനപക്ഷക്ഷേമം ലക്ഷ്യംവച്ച് വഖഫ് ബോർഡിനുള്ള ധനസഹായം വർധിപ്പിക്കുന്നതും ഹജ്ജ് കമ്മിറ്റിക്ക് സ്ഥിരം ഗ്രാന്റ് വർധിപ്പിക്കുന്നതുമൊക്കെ സ്വാഗതാർഹമാണ്. ആർ.എസ്.എസ്. ബി.ജെ.പി നേതൃത്വം നൽകുന്ന കേന്ദ്ര സർക്കാർ ശാസ്ത്രബോധം കുട്ടികളിൽ ഇല്ലാതാക്കാൻ ശക്തമായ ഇടപെടൽ നടത്തുന്ന ഒരു കാലഘട്ടമാണിത്. ഡാർവിന്റെ പരിണാമ

സിദ്ധാന്തംപോലും പഠന വിഷയത്തിൽ പാടില്ലായെന്നുള്ളതാണ് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിരിക്കുന്നത്. ഇരുണ്ട കാലഘട്ടത്തിലേയ്ക്ക് രാജ്യത്തെ കൊണ്ടുപോകാനാവശ്യമായ പരിശ്രമമാണ് ബി.ജെ.പി. സർക്കാർ നടത്തുന്നത്. അതിന്റെ ഭാഗമായി ഇടതുപക്ഷ സ്വാധീനം ഇല്ലാതാക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ബി.ജെ.പി സർക്കാർ മുന്നോട്ടു പോകുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ സീറ്റ് ഒരുപാട് കുറഞ്ഞുപോയല്ലോ; ആ കുറഞ്ഞുപോയ പല മണ്ഡലങ്ങളും പരിശോധിച്ചാൽ ഇടതുപക്ഷ സ്വാധീനമല്ല, ഇടതുപക്ഷ ആശയങ്ങൾക്ക് സ്വാധീനമുള്ള അഥവാ, ഇടതുപക്ഷ സംഘടനകൾ നേതൃത്വംകൊടുത്ത, കർഷക സമരങ്ങൾ നടന്ന പ്രദേശങ്ങളിലാണ് ബി.ജെ.പി. പുറകോട്ടു പോയതെന്ന് നമുക്ക് കാണാൻ കഴിയും. യൂറോപ്പിൽ തീവ്രവലതുപക്ഷം അധികാരത്തിലെത്തുന്ന ഘട്ടത്തിലാണ്, ഇവിടെ മോദിയുടെ നേതൃത്വത്തിൽ ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നത്. ഈ കഴിഞ്ഞ ദിവസം ബഹുമാന്യനായ പി. രാജീവ് മിനിസ്റ്റർ സംസാരിച്ചുകൊണ്ടിരുന്ന വേളയിൽ 'ഞങ്ങൾ വലതുപക്ഷമല്ല' എന്ന് നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചാടി എഴുന്നേറ്റ്

പറയുകയുണ്ടായി. ഇപ്പോൾ ലോകം മുഴുവൻ ഇടതുപക്ഷ ആശയങ്ങൾ സ്വാധീനം ചെലുത്തുകയാണ്. ഫ്രാൻസിൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് മുന്നേറ്റമുണ്ടായിട്ടുണ്ടെന്ന വാർത്തകൾ ഇന്നത്തെ മാധ്യമങ്ങളിൽ വന്നിട്ടുണ്ട്. നിങ്ങൾ വലതുപക്ഷമല്ലെന്ന് പറയുന്ന കാര്യം ശരിയാണ്. അപ്പോൾ നിങ്ങൾ ഏത് പക്ഷമാണ്; ഒരു തർക്കവുമില്ലാതെ പറയാം നിങ്ങളുടേത് തീവ്ര വലതുപക്ഷ പാർട്ടിയാണെന്ന്. കെ.പി.സി.സി.-യുടെ പേര് മാറ്റുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. കെ.പി.സി.സി.-യുടെ പൂർണ്ണ രൂപം 'കേരളാ പ്രദേശ് കോൺഗ്രസ് കമ്മിറ്റി' എന്നതിനുപകരം 'കൂടോത്ര പ്രചരണ കോൺഗ്രസ് കമ്മിറ്റി' എന്ന് മാറ്റുന്നതായിരിക്കും കൂടുതൽ ഉചിതം. അതായിരിക്കും ജനങ്ങളെ കൂടുതൽ ആകർഷിക്കുക. കൂടോത്രംവഴി എതിരാളികളെ വീഴ്ത്താനും ഇല്ലാതാക്കാനും കഴിയുമെന്ന അറുപിന്തിരിപ്പൻ ആശയങ്ങളും അന്ധവിശ്വാസങ്ങളും വച്ചുപുലർത്തുന്ന ഒരു പാർട്ടിയായി കോൺഗ്രസ് മാറിയിരിക്കുന്നുവെന്നതിന്റെ തെളിവായി മാത്രമെ ആ കൂടോത്ര സംഭവത്തെ കാണാൻ കഴിയുകയുള്ളൂ. കുട്ടികളുടെ മനസ്സിൽനിന്നും ശാസ്ത്രബോധം കുത്തിച്ചോർത്തി കൂടോത്ര

ആശയങ്ങൾ സന്നിവേശിപ്പിക്കുന്നതിൽ ആർ.എസ്.എസ്-ഉം ബി.ജെ.പി.-യും കോൺഗ്രസ് സംഘടനകളും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? ഈ സംഘടനകളെല്ലാം ഒരേ ആശയങ്ങൾതന്നെയാണ് പ്രതിനിധാനം ചെയ്യുന്നത്. കേരളത്തിൽ ശാസ്ത്രബോധം ശക്തിപ്പെടുത്തുന്നതിൽ ഇടതുപക്ഷമാണ് മുന്നിട്ടുനിൽക്കുന്നതെന്നാണ് കാണാൻ കഴിയുന്നത്. ഇടതുപക്ഷ ആശയങ്ങൾ ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്നത് ശാസ്ത്ര ബോധത്തിന്റെ പിൻബലത്തോടുകൂടിയാണ്. ഇവിടെ നിങ്ങൾ എസ്.എഫ്.ഐ. എന്ന പ്രസ്ഥാനത്തെ എതിർക്കുകയാണ്, കുട്ടികൾ നയിക്കുന്ന പ്രസ്ഥാനമാകുമ്പോൾ അവർക്ക് ചില തെറ്റുകളൊക്കെ പറ്റിയെന്നിരിക്കും. അത്തരം തെറ്റുകൾ തിരുത്തുമെന്ന് അവർതന്നെ വ്യക്തമാക്കിയിട്ടുണ്ട്. എന്തുകൊണ്ടാണ് അവർ എസ്.എഫ്.ഐ.-യെ എതിർക്കുന്നത്? നമ്മുടെ ക്യാമ്പസ്സുകളിൽ ശാസ്ത്രബോധവും പുരോഗമനാശയങ്ങളും പ്രചരിപ്പിക്കുന്ന കാര്യത്തിൽ മുന്നിൽ നിൽക്കുന്നത് എസ്.എഫ്.ഐ.-യാണ്. കെ.എസ്.യു. അല്ല. അതുകൊണ്ട് എസ്.എഫ്.ഐ. നിങ്ങളുടെ കണ്ണിലെ കരടായി മാറുകയാണ്. ആ കണ്ണിലെ കരടായ എസ്.എഫ്.ഐ.-യുടെ ശാസ്ത്ര ചിന്താഗതിയെ എതിർക്കുകമാത്രമല്ല

അവരെ ശാരീരികമായി വകവരുത്തുന്ന കാര്യത്തിലും നിങ്ങൾ മുൻപന്തിയിലാണ്. അതിന് ഒരുദാഹരണമാണ് തൃശ്ശൂരിൽ നടന്ന കലോത്സവ വേദിയിൽവച്ച് കൊച്ച്അനി എന്ന ഒരു എസ്.എഫ്.ഐ.-ക്കാരനെ കെ.എസ്.യു.-ക്കാർ കുത്തിമലർത്തിയത്. അതുകൊണ്ട് പുരോഗമനാശയങ്ങൾ ഇന്ന് ക്യാമ്പസ്സുകളിൽ സജീവമാണ്. പുരോഗമനാശയങ്ങൾ സജീവമാകുന്നതിന്റെ കാരണമെന്താണ്? കണ്ണൂർ യൂണിവേഴ്സിറ്റിയുൾപ്പെടെയുള്ള മലബാർ മേഖലയിലെ സർവകലാശാലകളിൽ നടന്ന വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പിൽ എന്തൊക്കെ പുലിവാലുകളാണ് ഉയർത്തിക്കൊണ്ടുവന്നത്? അവിടങ്ങളിലെല്ലാം നടന്ന തെരഞ്ഞുടുപ്പിൽ എസ്.എഫ്.ഐ. വൻ സ്വാധീനത്തോടെ മുന്നിൽ വരികയാണുണ്ടായത്. എസ്.എഫ്.ഐ.-യോട് നിങ്ങൾക്ക് എതിർപ്പുമാത്രമല്ല, നിരവധി ഉശിരൻ സഖാക്കളെയാണ് കെ.എസ്.യു. ഗുണ്ടകൾ കൊലപ്പെടുത്തിയത്. അതിനുള്ള പരിശീലനത്തിന്റെ ഭാഗമായാണ് മദ്യപാനമുൾപ്പെടെയുള്ള പരിപാടികളുമായി നെയ്യാർ ഡാം അടക്കമുള്ള സ്ഥലങ്ങളിൽ നടന്നത്. എതിരാളികളെ ശാരീരികമായി വകവരുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായാണ് കെ.എസ്.യു.

മുന്നോട്ടുപോകുന്നത്. എസ്.എഫ്.ഐ. അടക്കമുള്ള ഇടതുപ്രസ്ഥാനങ്ങളുടെ ആശയങ്ങളാണ് കേരളത്തെ മുന്നോട്ടുനയിക്കുന്നത്. അങ്ങനെ മുന്നോട്ടുനയിക്കാനും അതിനെ ശക്തിപ്പെടുത്താനും പട്ടിജാതി/പട്ടികവർഗ്ഗ/പിന്നോക്ക മേഖലയിൽ ഇടതുപക്ഷ സർക്കാർ നടപ്പാക്കുന്ന എല്ലാ നടപടികളേയും പൂർണ്ണമായി പിന്തുണച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഈ വകുപ്പിന്റെ ചുമതലയേറ്റെടുത്ത മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയും അതോടൊപ്പം ഈ ധനാഭ്യർത്ഥനയെ എതിർക്കുകയും ചെയ്യുകയാണ്. 2011-ലാണ് പട്ടികവർഗ്ഗ മേഖലയിൽ സെൻസസ് നടന്നത്. ആ കണക്കനുസരിച്ച് സംസ്ഥാനത്ത് ഏകദേശം 5 ലക്ഷം പട്ടികവർഗ്ഗ വിഭാഗക്കാരായ ആളുകളുണ്ടെന്നാണ് പറയുന്നത്. അതിൽ ഏതാണ്ട് മുപ്പത്തിയേഴ് സമുദായങ്ങളാണുള്ളത്. ഈ സമുദായങ്ങളെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രത്യേക സബ് പ്ലാൻ പദ്ധതിയായി പട്ടികവർഗ്ഗ പദ്ധതികൾ സംസ്ഥാനത്ത് വിഭാവനം ചെയ്യുന്നത്. അട്ടപ്പാടി മേഖലയിലെ ഭവന നിർമ്മാണ പദ്ധതികളിൽ ചൂഷണം

നടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഇന്ന് സബ്മിഷനിലൂടെ ഉന്നയിക്കുകയുണ്ടായി. ഈ ചൂഷണം നമുക്ക് തടയാൻ കഴിയണം. അതിനായി പട്ടികവർഗ്ഗ സങ്കേത മേഖലകളിൽ വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികളെ വളർത്തിക്കൊണ്ടുവരുന്നതിനുള്ള സാഹചര്യമൊരുക്കേണ്ടതായിട്ടുണ്ട്. അതിനായി വിദ്യാഭ്യാസ മേഖലയിൽ ലംപ്സം ഗ്രാന്റ്, ഇ-ഗ്രാന്റ് അടക്കമുള്ള പദ്ധതികൾക്ക് പ്രോത്സാഹനം നൽകി സർക്കാർ മുന്നോട്ടുപോകണം. കേന്ദ്ര ഗവൺമെന്റ് ഇ-ഗ്രാന്റ് അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയത് ആഗസ്റ്റ്, ഡിസംബർ, മാർച്ച് എന്നിങ്ങനെ മൂന്ന് തവണകളിലായിട്ടാണ്. അതേസമയം സംസ്ഥാന സർക്കാർ വർഷത്തിലൊരിക്കൽ മാത്രമാണ് ഗ്രാന്റുകൾ അനുവദിച്ചുകൊണ്ട് ഉത്തരവിറക്കുന്നത്. ഈ വിഭാഗങ്ങൾക്ക് സമയബന്ധിതമായി ഇത്തരം ഗ്രാന്റുകൾ ലഭിക്കുന്നതിൽ അശാസ്ത്രീയതയുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുനേരെയുള്ള ചൂഷണങ്ങൾ തടയുന്നതിന് അക്കൗണ്ടിലൂടെ ലംപ്സം ഗ്രാന്റും ഇ-ഗ്രാന്റുമെല്ലാം നൽകുന്നത് സ്വാഗതാർഹമായ കാര്യമാണ്. കഴിഞ്ഞ ശനിയാഴ്ച എന്റെ

നിയോജകമണ്ഡലത്തിലെ കല്ലൂർ ഹയർ സെക്കൻഡറി സ്കൂൾ സന്ദർശിച്ച സമയത്ത് സ്കൂളിലെ മിക്ക കുട്ടികൾക്കും ബാങ്ക് അക്കൗണ്ടില്ലെന്ന് ഹെഡ്മാസ്റ്റർ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ബാങ്കിൽ അക്കൗണ്ട് തുടങ്ങണമെങ്കിൽ ഒരു കുട്ടിക്ക് 200 രൂപ നിരക്കിൽ അടയ്ക്കേണ്ടതായിട്ടുള്ളതിനാൽ അവരുടെ മാതാപിതാക്കൾ അതിന് തയ്യാറാകുന്നില്ല. പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനായി വയനാട് ജില്ലയിൽ നടപ്പാക്കിയിട്ടുള്ള എ.ബി.സി.ഡി. പദ്ധതിയുടെ മാതൃകയിൽ ജില്ല/നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഒരു ക്യാമ്പയിൻ സംഘടിപ്പിച്ചാൽ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങാൻ സാധിക്കും.

മറ്റൊന്ന്, പ്രഭാത ഭക്ഷണം സംബന്ധിച്ചാണ്. ഒന്നാം ക്ലാസ് മുതൽ ഹയർ സെക്കൻഡറി തലംവരെയുള്ള വിദ്യാർഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി വലിയ സന്തോഷത്തോടെ സ്വീകരിച്ച ഒരു പദ്ധതിയാണ്. ഇന്ന് ആ പദ്ധതി വെട്ടിച്ചുരുക്കി എൽ.പി., യു.പി. വിഭാഗങ്ങൾക്കുമാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. എട്ട്, ഒൻപത്, പത്ത്, പ്ലസ്-വൺ, പ്ലസ്-ടു വിഭാഗങ്ങളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണമില്ല. ഉദാഹരണത്തിന്,

ഒരു വീട്ടിൽനിന്നും അനുജനും ജ്യേഷ്ഠനും ഒരുമിച്ച് സ്കൂളിൽ പോകുമ്പോൾ അനുജന് പ്രഭാത ഭക്ഷണം ലഭിക്കുകയും ജ്യേഷ്ഠന് ഭക്ഷണം ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. അതിനാൽ ഇക്കാര്യത്തിലുള്ള വിവേചനപരമായ സമീപനം പരിശോധിക്കപ്പെടേണ്ടതാണ്. കൂടാതെ ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി പാഠപുസ്തകങ്ങളും യൂണിഫോമും നൽകിയിരുന്ന പദ്ധതിയും വിദ്യാഭ്യാസ വകുപ്പ് നിർത്തലാക്കിയിരിക്കുകയാണ്. ഈ പദ്ധതികൾ തുടരുന്നതിനുള്ള സാഹചര്യമൊരുക്കാൻ അങ്ങേയ്ക്ക് കഴിയണം. അങ്ങ് ഈ മേഖലയിൽ വളരെ നന്നായി പഠനം നടത്തി വിജയിച്ചുവന്ന മന്ത്രിയാണ്. കൂടാതെ പഞ്ചായത്ത് മെമ്പർ, പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നീ നിലകളിലെല്ലാം തിളക്കമാർന്ന സേവനം കാഴ്ചവച്ചിട്ടുള്ള ഒരംഗവും ഏറ്റവുമധികം പട്ടികവർഗ്ഗ വിഭാഗക്കാരുള്ള തിരുനെല്ലി പഞ്ചായത്തിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുമുള്ള അംഗവുംകൂടിയായതിനാൽ അങ്ങേയ്ക്ക് അതിന് കഴിയും. അതോടൊപ്പംതന്നെ ഇന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ

വിദ്യാർഥികൾക്ക് ഗവേഷണം നടത്തുന്നതിനായി ഒരു ITSR (Institute of Tribal Studies and Research) എന്റെ മണ്ഡലമായ സുൽത്താൻ ബത്തേരിയിലെ ചെതലയം എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിക്കുകയും നിരവധി വിദ്യാർഥികൾ അവിടെ ഗവേഷണം നടത്തിവരികയുമാണ്. അതിനാൽ ആ സ്ഥാപനത്തെ ഒരു ട്രൈബൽ യൂണിവേഴ്സിറ്റിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരുടെ നിരവധി കൃഷി ഭൂമികൾ ഇന്ന് ഉപയോഗശൂന്യമായി കിടക്കുകയാണ്. അങ്ങനെയുള്ളവരെ കാലാവസ്ഥാ വ്യതിയാനമനുസരിച്ചുള്ള കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചും സബ്സിഡി നൽകിക്കൊണ്ടും കൃഷിയിടങ്ങളിലേയ്ക്ക് തിരികെക്കൊണ്ട് വരുന്നതിനുള്ള നടപടിയും സ്വീകരിക്കണം. ഇന്ന് ആ വിഭാഗങ്ങളുടെ സ്ഥിതിയെന്താണ്? അന്യാധീനപ്പെട്ട കൃഷി ഭൂമി അവർക്ക് മടക്കി നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുൾപ്പെടെയുള്ള കോടതികളുടെ നിരവധി ഉത്തരവുകളുണ്ട്. അട്ടപ്പാടിയുൾപ്പെടെയുള്ള മേഖലകളിൽ ഗവൺമെന്റ് അതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്, പക്ഷെ കഴിയുന്നില്ല. ഇന്ന് പട്ടികവർഗ്ഗക്കാരുടെ

തരിശ്ശായ ഭൂമി ഇടനിലക്കാർ പാട്ടത്തിനെടുത്ത്, വർഷങ്ങളോളം കൃഷി ചെയ്ത്, അവരുടെതന്നെ കൈവശം വച്ചിരിക്കുന്ന സാഹചര്യം അട്ടപ്പാടിയുൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലുണ്ട്. അത്തരം ആളുകളെ കണ്ടെത്തി, അവർക്കെതിരെ നടപടി സ്വീകരിച്ച്, ആ ഭൂമി തിരികെ നൽകുന്നതിനുള്ള നടപടിയുണ്ടാകണം. അവർ ചെയ്യുന്നത് പാട്ടകൃഷിയാണ്, എത്രയോ വർഷങ്ങളായി അവർ പാട്ടക്കൃഷി തുടരുകയാണ്. ഇങ്ങനെ ഇടനിലക്കാർ പാട്ടകൃഷി ചെയ്യുന്നതിനാൽ അവർക്ക് സ്വന്തമായി കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പല മേഖലകളിലും പരാതികളും പരിഭവങ്ങളും കേസ്സുകൾപോലും നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ ദിവസം പട്ടികവർഗ്ഗ സബ്പ്ലാൻ പദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യം ഉന്നയിക്കുകയുണ്ടായി. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിച്ചു. ഒരു വർഷം ബജറ്റിൽ അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ സർക്കാരിന് കഴിയേണ്ടതല്ലേ? ഇതിൽ രണ്ട് വിഭാഗമുണ്ട്. ഒന്ന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പ്ലാൻ ഫണ്ട്. രണ്ട്, വകുപ്പ് നേരിട്ട് കൈകാര്യം

ചെയ്യുന്ന കോർപ്പസ് ഫണ്ട്. ഇത് രണ്ടും യോജിപ്പിച്ചുകൊണ്ട് സമയബന്ധിതമായി തനത് വർഷംതന്നെ ആവശ്യമായ പദ്ധതികൾ അനുവദിച്ച് അത് എക്സ്പെന്റീച്ചർ ആയില്ലെങ്കിൽ ഈ പാവങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ ചൂഷണമാണ്. അത് ഗവൺമെന്റ് തിരിച്ചറിയണം. ഇതിന് കൃത്യമായ മോണിറ്ററിംഗ് സംവിധാനം വേണം. ആ മോണിറ്ററിംഗ് സംവിധാനത്തിന്റെ ഭാഗമായി ഈ പദ്ധതികൾ കൃത്യമായി ചെലവഴിക്കപ്പെടുന്ന രീതിയിലേയ്ക്കുള്ള അവരുടെ അഭിപ്രായങ്ങൾ അറിയണം. ഊരുകൂട്ടങ്ങൾ വിളിച്ചുചേർത്ത് അവരുടെ അഭിപ്രായങ്ങൾ അനുസരിച്ച് പദ്ധതി രൂപീകരിക്കുന്ന സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. പ്രത്യേക ഗ്രാമസഭയും ഊരുകൂട്ടവും അവരുടെ അഭിപ്രായങ്ങൾ, അവരുടെ വികസന സെമിനാറുകൾ തുടങ്ങിയവ നടത്തിയിരുന്നു. ഇന്ന് അതിൽനിന്നൊക്കെ പിന്നോക്കം പോയിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. മന്ത്രിയുടെ പഞ്ചായത്തൊക്കെ നല്ല രീതിയിൽ നടത്തിയിരുന്നതാണ്.

മറ്റൊന്നാണ് ട്രൈബൽ ഹോസ്റ്റലുകൾ. സംസ്ഥാനത്തുള്ള ഏതെങ്കിലും ഒരു ഹോസ്റ്റൽ ഹൈടെക് ഹോസ്റ്റലായി കാണിച്ചുതരാൻ കഴിയുമോ; നമ്മുടെ

രാജ്യത്ത് ശാസ്ത്ര സാങ്കേതിക മേഖല അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഏതെങ്കിലുമൊരു ട്രൈബൽ ഹോസ്റ്റൽ ഹൈടെക് ആയി കാണിക്കാൻ കഴിയുമോ? കഴിയില്ല. അപ്പോൾ സ്വാഭാവികമായും വിദ്യാഭ്യാസ, കാർഷിക, ആരോഗ്യ മേഖലകളിലുള്ള സംരക്ഷണം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൊടുത്താൽ മാത്രമേ, അത്തരം പദ്ധതി ആവിഷ്ക്കരിച്ചാൽ മാത്രമേ ഈ മേഖയിലെ ചൂഷണം അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ.

<u>ചെയർപേഴ്സൺ</u>: പ്ലീസ് കൺക്ലൂഡ്. മറ്റൊരു ബില്ലുകൂടി പരിഗണിക്കാനുണ്ട്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ രാഷ്ട്രീയമൊന്നും പറയുന്നില്ല. ചികിത്സാ ധനസഹായം സംബന്ധിച്ച വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ നല്ല ഉദ്യോഗസ്ഥരുമുണ്ട്, മോശപ്പെട്ട ഉദ്യോഗസ്ഥരുമുണ്ട്. പാവപ്പെട്ടവർ ഒരു മെഡിക്കൽ കോളേജിലോ പ്രൈവറ്റ് ഹോസ്പിറ്റലുകളിലോ ട്രീറ്റ്മെന്റിൽ കഴിയുമ്പോൾ അവർക്ക് ഗവൺമെന്റ് അനുവദിച്ച അർഹതയുള്ള ചികിത്സാ ധസഹായത്തിനുവേണ്ടി ആപ്ലിക്കേഷൻ ഫോറം തയ്യാറാക്കി ജാതി സർട്ടിഫിക്കറ്റ്, ഇൻകം സർട്ടിഫിക്കറ്റ് തുടങ്ങി സർവ്വ രേഖകളുംവച്ച് കൊടുത്തുകഴിഞ്ഞാൽ ചില TEO (Tribal Extension

Officer)-മാർ അവർക്കത് നിഷേധിക്കും. അങ്ങനെ അവർ പിന്തള്ളപ്പെടുകയാണ് ചെയ്യുന്നത്. അത്തരം ചൂഷണങ്ങൾ ഇതിന്റെയൊരു ഭാഗമാണ്. ഈ ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണ്ടതല്ലേ; ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രി ആയിരുന്നപ്പോഴും അതിനുമുമ്പും യു.ഡി.എഫ്. ഉള്ള സമയത്തുമൊക്കെ ഞാൻ ഈ വിഷയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇതിൽ ഇരട്ടത്താപ്പ് നയം സ്വീകരിക്കുന്ന ചില താപ്പാനകളായ ഉദ്യോഗസ്ഥരും, എല്ലാ ഉദ്യോഗസ്ഥരുമില്ല, ചില ബിനാമികളുമുണ്ട്. അവരെ കണ്ടെത്താതെ ഇവരെ ചൂഷണത്തിൽനിന്നും രക്ഷപ്പെടുത്താൻ നമുക്ക് കഴിയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വളരെ ഗൗരവമായി പരിശോധിച്ച്, 'വിദ്യാവാഹിനി' അടക്കമുള്ള പദ്ധതികൾ സമഗ്രമായ രീതിയിൽ നടപ്പാക്കി കൂടുതൽ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിലേക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യങ്ങളൊരുക്കി ഈ മേഖല അതിവേഗം, ഈ പട്ടികജാതി/പട്ടികവർഗ്ഗ സമൂഹത്തെ ഈ നാടിന്റെ മാതൃകയായി ഉയർത്തിക്കൊണ്ടുവരാൻ കഴിയണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. വി. ശശി: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. കേരളത്തിന്റെ സർവതോമുഖമായ വികസനമാണ് നവകേരള നിർമ്മിതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. അത് പൂർണ്ണമായി സാക്ഷാത്കരിക്കണമെങ്കിൽ ചരിത്രപരമായ കാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ സർവതോമുഖമായ വികസനംകൂടി ഉറപ്പാക്കണം. സമഗ്ര വികസനത്തിനുള്ള ദീർഘകാല പദ്ധതികളും പൊതുസേവനം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളും ഉൾച്ചേരുന്ന ദ്വിമുഖ നയപരിപാടികളാണ് ഇതിനാവശ്യം. ഇതാണ് 2016 മുതൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. അതാണ് നവകേരള മിഷൻ. ഇതിന്റെ കീഴിലെ നാല് മിഷനുകളും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ള സാധാരണ ജനങ്ങളുടെ വികസന ആവശ്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് നടപ്പാക്കിയത്. മികച്ച ചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കി ആരോഗ്യരംഗം ജനസൗഹൃദമാക്കുന്ന 'ആർദ്രം' പദ്ധതിയും ഒരു പൊതുസംവിധാനത്തിലൂടെ വീട് ഇല്ലാത്തവർക്ക് വീട് നൽകുന്ന 'ലൈഫ്' പദ്ധതിയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയും ജലവിഭവ സംരക്ഷണവും മാലിന്യ സംസ്കരണവും ജൈവ പച്ചക്കറി കൃഷിയും കോർത്തിണക്കി രൂപകല്പന ചെയ്ത 'ഹരിത കേരളം' പദ്ധതിയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന താൽപര്യങ്ങളേയും ലക്ഷ്യമാക്കുന്നവയാണ്. അതായത്, ആരോഗ്യം, ഭവനം, വിദ്യാഭ്യാസം, ശുദ്ധജലം, കൃഷി എന്നിവയെല്ലാം ഈ ജനവിഭാഗങ്ങളുടെ സമഗ്ര വികസനത്തിന്റെയും അവിഭാജ്യ ഘടകങ്ങളാണ്. അതാണ് മറ്റ് ജനവിഭാഗങ്ങളോടൊപ്പം പട്ടിക വിഭാഗങ്ങൾക്കും നവകേരള മിഷനിലൂടെ ലഭ്യമാക്കിയത്.

ഇതിനുപുറമെ, പട്ടിക വിഭാഗങ്ങൾക്ക് മാത്രം വികസനം ലക്ഷ്യമാക്കി സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ജനസംഖ്യാനുപാതികമായ വിഹിതം ബജറ്റിൽ നീക്കിവയ്ക്കുന്നുണ്ട്. നീക്കി വയ്ക്കുന്ന തുകയുടെ 45% പട്ടികജാതി വിഭാഗങ്ങൾക്കും 23% പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പാക്കുന്നത്. ബാക്കി തുകയാണ് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികളിലൂടെ

നടപ്പാക്കുന്നത്. ഈ രണ്ട് ഫണ്ടുകളും ഭവനം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, ശുദ്ധജലം തുടങ്ങിയ വികസന ആവശ്യങ്ങൾക്കാണ് ചെലവഴിക്കുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും.

കാർഷിക തൊഴിലാളികളായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്വന്തമായി വീടും ഭൂമിയും എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തുടക്കം കുറിച്ചിട്ട് ഇപ്പോൾ 50 വർഷം പിന്നിട്ടിരിക്കുന്നു. സി. അച്യുതമേനോൻ മന്ത്രിസഭയിലെ കൃഷി-ഭവന നിർമ്മാണ വകുപ്പ് കൈകാര്യം ചെയ്തിരുന്ന എം. എൻ. ഗോവിന്ദൻ നായർ നടപ്പാക്കിയ ലക്ഷംവീട് പദ്ധതി ജനപങ്കാളിത്തത്തോടെ 1973-ലാണ് നടപ്പാക്കിയത്. അതിനുശേഷം 2009-10-ൽ ആരംഭിച്ച ഇ.എം.എസ്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയും ശ്രദ്ധേയമായിരുന്നു. അതിനുശേഷം 1995-ൽ നടപ്പാക്കിയ മൈത്രി ഭവന പദ്ധതി ഉൾപ്പെടെ പല പദ്ധതികളും നടപ്പാക്കിയെങ്കിലും ഇപ്പോഴും ഭൂമിയും വീടും ഇല്ലാത്ത പതിനായിരക്കണക്കിന് കുടുംബങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടാണ് 'ലൈഫ്' എന്ന പദ്ധതി നവകേരള മിഷന്റെ ഭാഗമായി നടപ്പാക്കിത്തുടങ്ങിയത്.

എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയുള്ള ആദ്യ ജില്ലയായി തിരുവനന്തപുരം ജില്ല ഇതിനകം മാറിക്കഴിഞ്ഞു. 8278 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 4138 ഏക്കർ ഭൂമിയാണ് 8 വർഷംകൊണ്ട് നമുക്ക് വിതരണം ചെയ്യാൻ സാധിച്ചത്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 39998 ഭവനങ്ങൾ 'ലൈഫ് പദ്ധതി'-യിലൂടെ ഇതിനകം നിർമ്മിച്ചുകഴിഞ്ഞു. ഇതുകൂടാതെ ട്രൈബൽ മിഷൻ പുനരധിവാസ പദ്ധതി പ്രകാരം 1806 ഭവനങ്ങളും പൂർത്തീകരിച്ചു. പട്ടികജാതി വിഭാഗത്തിൽ ഇതുവരെ 90865 വീടുകളാണ് പൂർത്തീകരിച്ചത്. പല ഭവന പദ്ധതികളിൽ ഏറ്റെടുത്ത് പൂർത്തിയാക്കാതെ കിടന്ന 19153 വീടുകളും പൂർത്തീകരിച്ചു. അതുകൂടി കൂട്ടിയാൽ 110018 വീടുകൾ പട്ടിക വിഭാഗങ്ങൾക്ക് മാത്രമായി പൂർത്തീകരിക്കാൻ ഈ കാലയളവിൽ സാധിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഇതുവരെ 'ലൈഫ് പദ്ധതി'-യിൽ 151822 വീടുകൾ നിർമ്മിച്ചുനൽകി. ഇതൊരു വലിയ നേട്ടമാണ്. ഇതുകൂടാതെ പൂർത്തിയാക്കാത്ത വീടുകൾ വാസയോഗ്യമാക്കാൻ നടപ്പാക്കിയ SAFE (Secure Accommodation and Facility Enhancement) പദ്ധതിയിലൂടെ 17828 വീടുകളാണ് അറ്റകുറ്റപ്പണി പൂർത്തീകരിച്ചത്. അതോടൊപ്പം മൂന്ന്

വർഷംകൊണ്ട് 9811 പഠന മുറികൾ പട്ടികജാതി വിദ്യാർഥികൾക്കായി നിർമ്മിച്ചുനൽകുകയും ചെയ്തു. 365 പഠന മുറികൾ പട്ടികവർഗ്ഗ വിദ്യാർഥികൾക്കായി നിർമ്മിച്ചുനൽകി. തീർച്ചയായും ഇതെല്ലാം ഈ കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്കുവേണ്ടി ചെയ്ത പ്രവർത്തനങ്ങളിലെ എടുത്തുപറയാവുന്ന വികസന പ്രവർത്തനങ്ങളാണ്. പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആധികാരിക രേഖകൾ എക്കാലത്തേയ്ക്കുമായി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് സഹായകരമായ എ.ബി.സി.ഡി. പദ്ധതി വളരെയേറെ ശ്രദ്ധിക്കപ്പെട്ടു. ജനന സർട്ടിഫിക്കറ്റ് മുതൽ ആവശ്യമായ എല്ലാ രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്ന ഈ പദ്ധതി വളരെ ശ്രദ്ധേയമായി. ഈ ഇനത്തിൽ വയനാട്, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഇതെല്ലാം ഇതിനകം പൂർത്തിയാക്കി. മറ്റ് ജില്ലകളിൽ ഇത് പുരോഗമിക്കുന്നു. ബഹുമാനപ്പെട്ട നമ്മുടെ രാഷ്ട്രപതി ശ്രീമതി ദ്രൗപതി മുർമ്മു ആണ് വളരെ ശ്രദ്ധേയമായ ഈ പദ്ധതി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തത് എന്നുകൂടി ഈ സന്ദർഭത്തിൽ നാം ഓർക്കേണ്ടതുണ്ട്. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആധികാരിക രേഖകൾ

എക്കാലത്തേയ്ക്കുമായി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് സഹായകരമായ എ.ബി.സി.ഡി. പദ്ധതി മാതൃക ഇന്ന് മറ്റ് സംസ്ഥാനങ്ങളിലും പകർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കാൻ 'ഉന്നതി' (കേരള എംപവർമെന്റ് സൊസൈറ്റി) മറ്റൊരു ശ്രദ്ധേയമായ പരിപാടിയാണ്. പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ഓണറേറിയത്തോടെ തൊഴിൽ പരിശീലനം നൽകുന്നതിനുമുള്ള പദ്ധതിയാണിത്.

ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് എന്ന പദ്ധതിയിലൂടെ സിവിൽ എഞ്ചിനീയറിംഗ്, ഡിപ്ലോമ ഇൻ എഞ്ചിനീയറിംഗ്, ഡിഗ്രി എന്നിവയിലൂടെ പാസ്സായ 500 പേർക്ക് അക്രെഡിറ്റഡ് എഞ്ചിനീയർമാരായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമനം നൽകി. പാരാമെഡിക്കൽ കോഴ്സ് പൂർത്തിയാക്കിയ 250 പേരെ വിവിധ ആശുപത്രികളിൽ നിയമിക്കുകയുണ്ടായി, 398 പേരെക്കൂടി ഈ വിഭാഗത്തിൽ ഉടൻതന്നെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. എം.എസ്.ഡബ്ല്യൂ. പാസായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ കുറച്ചുപേരെ പട്ടികജാതി

വികസന വകുപ്പിലും 54 പേരെ പട്ടികവർഗ്ഗ വികസന വകുപ്പിലും നിയമിച്ചുകഴിഞ്ഞു, ഇവർ സോഷ്യൽ വർക്കർമാരായി പ്രവർത്തിച്ചുവരികയാണ്. എസ്.ടി. വിഭാഗത്തിൽനിന്നും 1182-ഉം, എസ്.സി. വിഭാഗത്തിൽനിന്നും 1216-ഉം പ്രൊമോട്ടർമാരെ ഇതിനകം നിയമിച്ചുകഴിഞ്ഞു. 380 പേരെ മാനേജ്മെന്റ് ട്രെയിനികളായി എസ്.സി-എസ്.റ്റി. ഓഫീസുകളിലും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ പട്ടിക വിഭാഗത്തിലെ നിയമ ബിരുദം നേടിയ യുവതീ-യുവാക്കളെ അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ഗവ. പ്ലീഡർ ഓഫീസ്, സീനിയർ അഭിഭാഷകരുടെ ഓഫീസുകൾ, ലീഗൽ സർവ്വീസസ് സൊസൈറ്റികൾ, എസ്.സി-എസ്.റ്റി. ഓഫീസുകൾ തുടങ്ങിയവയിൽ പരിശീനത്തിനായി നിയമിച്ചിട്ടുണ്ട്. തൊഴിൽ പരിശീലനത്തോടൊപ്പം പട്ടിക വിഭാഗക്കാർക്ക് നിയമപരമായ പരിരക്ഷ ഉറപ്പാക്കുന്ന ജോലികൂടി ഇവർ നിർവഹിച്ചുവരുന്നുണ്ട്. ജനസംഖ്യാനുപാതികമായി എസ്.സി.-എസ്.ടി. വിഭാഗങ്ങൾക്ക് ബജറ്റിൽ തുക നീക്കിവയ്ക്കുന്നുണ്ടെങ്കിലും ഇതിന്റെ വിനിയോഗം പട്ടികജാതി വിഭാഗത്തിൽ 75-ഉം പട്ടികവർഗ്ഗ വിഭാഗത്തിൽ 79 ശതമാനം മാത്രമാണെന്ന് കണക്കുകൾ

പരിശോധിച്ചാൽ കാണാൻ കഴിയുന്നതാണ്. സമൂഹത്തിലെ ഏറ്റവും ദുർബലരായ ജനവിഭാഗങ്ങൾക്കായി നീക്കിവയ്ക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നീക്കിവയ്ക്കുന്ന തുകയ്ക്ക് നൽകുന്ന അതേ പ്രാധാന്യത്തോടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുകയും ലാപ്സാക്കുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്യാതിരിക്കാനുള്ള നയം മുൻകാലങ്ങളിൽ സ്വീകരിച്ചിരുന്നു, അത് വീണ്ടും തുടരണമെന്നാണ് എനിക്ക് പറയാനുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എം.ആർ.എസ്., പ്രിയദർശിനി പാരാമെഡിക്കൽ സെന്റർ എന്നിവയുടെ മാതൃകയിൽ പാലക്കാട് മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ സേവന - വേതന വ്യവസ്ഥകൾകൂടി കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. എം.ആർ.എസ്.-ലെ അധ്യാപക നിയമനം നടത്തുന്നത് പൊതുവിദ്യാഭ്യാസ വകുപ്പും പ്രിയദർശിനി പാരാമെഡിക്കൽ സെന്ററിലെ ജീവനക്കാരുടെ നിയമനം നടത്തുന്നത് ആരോഗ്യ വകുപ്പുമാണ്. അതേ മാതൃകയിൽ പാലക്കാട് മെഡിക്കൽ

കോളേജിലെ ജീവനക്കാരുടെ നിയമനം ബന്ധപ്പെട്ട വകുപ്പുകളിൽനിന്നുതന്നെ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് നന്നായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്, ആ കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്തിനുപുറത്ത് വ്യാപകമായി മതന്യൂനപക്ഷം ശാരീരികമായി ആക്രമിക്കപ്പെടുകയും അവരുടെ സ്വത്തുക്കൾ നശിപ്പിക്കപ്പെടുകയുമാണ് ചെയ്യുന്നതെങ്കിൽ, കേരളത്തിൽ പൊതു സമൂഹത്തിനുമുമ്പിൽ ഇവരുടെ ആത്മാഭിമാനത്തിന് ക്ഷതം വരുത്തുന്ന രീതിയിൽ, സമുദായ നേതാക്കന്മാരും ഈ സർക്കാരും അനവസരത്തിൽ അപഹസിക്കുകയാണ് ചെയ്യുന്നത്. 'ന്യൂനപക്ഷങ്ങൾ രണ്ടാംകിട പൗരന്മാരാകും' എന്ന എൽ.ഡി.എഫ്-ന്റെ തെരഞ്ഞെടുപ്പ് പരസ്യംതന്നെ ന്യൂനപക്ഷങ്ങളുടെ ആത്മാഭിമാനത്തിന് നേരെയുള്ള അപഹസിക്കൽ ആയിരുന്നില്ലേ; ഭയപ്പെടുത്തി കൂടെ നിർത്തലായിരുന്നില്ലേ അവരുടെ ഉദ്ദേശ്യം? സംസ്ഥാന ജനസംഖ്യയിൽ 27 ശതമാനം വരുന്ന മുസ്ലീം ന്യൂനപക്ഷത്തിന് സർക്കാർ

സർവ്വീസിലും മറ്റുമുള്ള പ്രാതിനിധ്യം വെറും 13 ശതമാനം മാത്രമാണ്. എന്നിട്ടും ഈ വിഭാഗത്തിന് അനർഹമായ എന്തൊക്കെയോ സംസ്ഥാന സർക്കാർ വാരിക്കോരി കൊടുത്തുകൊണ്ട് പ്രീണിപ്പിക്കുന്നുവെന്ന അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഏതാനും ആളുകൾ ഉന്നയിക്കുകയാണ്. കേരള സർക്കാർ സ്പോൺസർ ചെയ്തിരിക്കുന്നതും സർക്കാരിന്റെ ചെല്ലും ചെലവും ലഭ്യമായി പ്രവത്തിക്കുന്നതുമായ കേരള നവോത്ഥാന സമിതിയുടെ തലപ്പത്ത് ഇരിക്കുന്നവർ ഉൾപ്പെടെ ഇങ്ങനെ ചെയ്യുമ്പോൾ, ഈ അസത്യ പ്രചരണത്തിനെതിരായി യഥാർത്ഥ വസ്തുത ബോധ്യപ്പെടുത്തേണ്ട കടമ സർക്കാരിന്റേതല്ലേ; കോഴിക്കോട് മാൻഹോൾ ദുരന്തസമയത്ത് രക്ഷാപ്രവർത്തനം നടത്തുന്നതിനിടയിൽ മരണപ്പെട്ട നൗഷാദിന് എതിരെ പ്രയോഗിക്കപ്പെട്ട വാക്കുകൾ മതേതര കേരളം എങ്ങനെ മറക്കും? രാജ്യസഭയിൽ കേരളത്തിൽനിന്നുള്ളവർ മുഴുവൻ മുസ്ലീം വിഭാഗത്തിൽ നിന്നാണുപോലും! ഇവർ എങ്ങോട്ടാണ് നാടിനെ നയിക്കുന്നത്. “ ജാതി ചോദിക്കരുത്, പറയരുത്” എന്ന് പഠിപ്പിക്കേണ്ടവർ തന്നെയാണ് ഇങ്ങനെ പറയുന്നത്. ഇത്തരം ഘട്ടങ്ങളിലൊക്കെ സർക്കാർ സ്വീകരിച്ചുവരുന്നത്

കുറ്റകരമായ മൗനമാണ്. മുസ്ലീം സമുദായത്തെക്കുറിച്ച് ആരെങ്കിലും തെറ്റിദ്ധാരണ പരത്തുന്നുണ്ടെങ്കിൽ അത് അങ്ങനെതന്നെ യഥേഷ്ടം നടന്നുകൊള്ളട്ടേയെന്നാണ് സർക്കാർ വിചാരിക്കുന്നത്. എന്നാൽ ഇപ്പോൾ അവർ ചിലതെല്ലാം പഠിച്ചിട്ടുണ്ടാകും, കാരണം പല നിയമസഭാ മണ്ഡലങ്ങളിലും മൂന്നാം സ്ഥാനത്തേയ്ക്ക് ഭരണപക്ഷം പോയില്ലേ? അത് സംഭവിച്ചതിന്റെ കാരണക്കാർ ഈ പ്രചരണം നടത്തുന്നവർ തന്നെയാണ്. നിങ്ങളുടെ ബി.ജെ.പി. വിരോധം ആത്മാർത്ഥമാണെങ്കിൽ 'നവോത്ഥാന സമിതി' പുനഃസംഘടിപ്പിക്കണം. അല്ലെങ്കിൽ ഇതൊക്കെ നിങ്ങളുടെ അനുവാദത്തോടുകൂടിയാണ് നടക്കുന്നതെന്ന് ഞങ്ങൾക്ക് പറയേണ്ടിവരും. തിരഞ്ഞെടുപ്പിൽ കോൺഗ്രസ് ജയിച്ചാൽ "നിങ്ങളുടെ സ്വന്തം സ്വർണ്ണവും കെട്ടുതാലിയുമടക്കം പൊട്ടിച്ചെടുത്ത് മുസ്ലീങ്ങൾക്ക് വീതിച്ചുനൽകും" എന്നൊക്കെയുള്ള പ്രധാനമന്ത്രിയുടെ തിരഞ്ഞെടുപ്പ് കാലത്തെ പ്രസ്താവനയുടെ മറ്റൊരു പതിപ്പാണ് ഇത്തരത്തിൽ പ്രചരണം നടത്തുന്നവർ ഈ സംസ്ഥാനത്തും ചെയ്യുന്നത്. മദ്രസ്സ അധ്യാപകർക്ക് സർക്കാർ കോടിക്കണക്കിന് രൂപയുടെ ആനുകൂല്യങ്ങളും ശമ്പളവും നൽകുന്നുവെന്ന

തെറ്റായ ആരോപണം നേരത്തെ പലരും ഉന്നയിച്ചിരുന്നു. എന്നാൽ പള്ളിക്കമ്മിറ്റികളും മറ്റും പിരിച്ചുനൽകുന്ന വളരെ തുച്ഛമായ തുകയാണ് ഇവരിൽ പലർക്കും ലഭിക്കുന്നത് എന്നതാണ് യാഥാർത്ഥ്യം. ന്യൂനപക്ഷങ്ങൾക്ക് പൊതുവായുള്ള പദ്ധതികളിലല്ല, മറിച്ച് സച്ചാർ കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ മുസ്ലീം വിഭാഗത്തിനുവേണ്ടിയുള്ള പദ്ധതികളിലായിരുന്ന 80:20 എന്ന അനുപാതം നിശ്ചയിച്ചതെന്ന വസ്തുത പൊതുസമൂഹത്തെയും കോടതിയെയും ശരിയായ വിധത്തിൽ ധരിപ്പിക്കാൻ സർക്കാർ ശ്രമിച്ചില്ല. ഇത്തരം അവസരങ്ങളിൽ സർക്കാർ കാണിക്കുന്ന ബോധപൂർവ്വമായ മൗനം, അർഹമായത് മുസ്ലീം വിഭാഗത്തിന് നഷ്ടമാകാൻ ഇടയാക്കുന്ന എന്നതുപോലെതന്നെ അനർഹമായി എന്തൊക്കെയോ നേടുന്നുവെന്ന തോന്നലും സൃഷ്ടിക്കുന്നതാണ്. ഈ അടുത്ത കാലത്ത് ഒരു സ്ഥാപനം പരീക്ഷയിൽ വിജയിച്ച മുസ്ലീം പെൺകുട്ടികളുടെ ചിത്രങ്ങൾ അടങ്ങിയ പരസ്യം നൽകിയതിനെ 'പരീക്ഷാ ജിഹാദ്' എന്ന 'ഹാഷ് ടാഗോടെ' ദേശീയതലത്തിൽതന്നെ ചിലർ പ്രചരിപ്പിക്കാൻ ശ്രമിച്ചു. 'നീറ്റ്' പരീക്ഷാ ക്രമക്കേടിൽനിന്നും ശ്രദ്ധ തിരിച്ചുവിടാനുള്ള ശ്രമമാണ് ഈ വിദ്വേഷപ്രചാരകർ

ചെയ്തിരിക്കുന്നത്. സർക്കാർ ഉദ്യോഗസ്ഥരിൽ മുസ്ലീം വിഭാഗത്തിലെ കുറവ് ഈയടുത്ത കാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉത്തരവുകളുമായി കൂട്ടിവായിക്കേണ്ടതാണ്. ഭിന്നശേഷി സംവരണം നടപ്പിലാക്കാൻ ഉത്തരവ് ഇറക്കിയപ്പോൾ മുസ്ലീം വിഭാഗത്തിന് ഇരുപത് ശതമാനംവരെ സംവരണനഷ്ടം ഉണ്ടാകുമെന്ന് ഞങ്ങൾ പലവട്ടം ചൂണ്ടിക്കാണിച്ചതാണ്. സംവരണത്തിൽ കുറവ് വരാത്ത രീതിയിലായിരിക്കും അത് നടപ്പിലാക്കുക എന്നും അതിനായി ചട്ടം ഭേദഗതി ചെയ്യുമെന്നുമാണ് അന്ന് സർക്കാർ പറഞ്ഞത്. എന്നാൽ നാളിതുവരെ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണമെന്ന് കേന്ദ്രസർക്കാർ 1978 മുതൽ നിരന്തരം ആവശ്യപ്പെട്ടിട്ടും ഏറ്റവുമൊടുവിൽ 2010-ൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ, അന്നത്തെ ഇടതുപക്ഷ മുഖ്യമന്ത്രിയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടും, രൂപീകരിക്കാതിരുന്ന സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ 2013-ൽ രൂപീകരിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്. എല്ലാ സംസ്ഥാനങ്ങളിലും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുകൾ രൂപീകരിക്കപ്പെട്ടിട്ടും കേരളത്തിൽ അക്കാര്യം യാഥാർത്ഥ്യമായത് 2013-ലാണ്. സച്ചാർ കമ്മിറ്റി

ശിപാർശകൾ നടപ്പിലാക്കാൻ കേരളത്തിൽ പാലോളി കമ്മിറ്റി പ്രാബല്യത്തിൽവന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ ഒൻപത് ശീർഷകങ്ങളിലായി നൂറോളം ശിപാർശകൾ സമർപ്പിക്കപ്പെട്ടു, ഇതിൽ എഴുപത് ശതമാനത്തിലധികം ശിപാർശകളും നടപ്പിലാക്കപ്പെട്ടത് യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ്. പാലോളി കമ്മിറ്റി റിപ്പോർട്ടിൽനിന്നും യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പിലാക്കാത്ത ഏതെങ്കിലും ഒരു ശിപാർശ കഴിഞ്ഞ എട്ട് വർഷക്കാലയളവിൽ, ഒന്നും രണ്ടും പിണറായി സർക്കാരിന് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ? 2016-ലെ എൽ.ഡി.എഫ് പ്രകടനപത്രികയിൽ പാലോളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കുമെന്ന് പറഞ്ഞിട്ടും യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിവന്നിരുന്ന പല പദ്ധതികളും നിർത്തലാക്കുകയും പ്ലാൻ ഫണ്ട് ഭീമമായി വെട്ടിക്കുറയ്ക്കുകയുമാണ് ചെയ്തത്. 2016-24 വർഷം വരെ 708 കോടി രൂപ ബഡ്ജറ്റിൽ ഈയിനത്തിൽ വകയിരുത്തിയതിൽ 244 കോടി രൂപയും ലാപ്സായിപ്പോയി. 2024-ൽ കേവലം 55 ശതമാനം മാത്രമാണ് വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ ചെലവഴിച്ചത്. വഖഫ് ബോർഡ് മുഖാന്തരം നിർധനരായ യുവതികളുടെ

വിവാഹ സഹായധനമായി പരമാവധി 10,000/- രൂപവരെ അനുവദിക്കപ്പെടുന്ന പദ്ധതിയിൽ അപേക്ഷ നൽകിയാൽ കല്യാണം കഴിഞ്ഞ് പേരക്കുട്ടി ജനിച്ചാൽപ്പോലും സഹായം ലഭിക്കാത്ത അത്രയും കാലതാമസമുണ്ടാകുകയാണ്. കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികളിലായി ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും അനുവദിപ്പിക്കാനോ ലാപ്സാകാതെ പദ്ധതി നിർവഹണം നടത്തിക്കാനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. നിലവിലുള്ള പദ്ധതികളിൽ ആവശ്യത്തിന് തുക വകയിരുത്തണം, അത് ചെലവഴിക്കണം, ഒരു തുകപോലും ലാപ്സാക്കികളയരുത്, നമ്മൾ ചെയ്യേണ്ടത് അങ്ങനെയല്ലേ? പൗരത്വ നിയമഭേദഗതിക്കെതിരെ നടന്ന സമരങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 835 കേസ്സുകളിൽ ഇരുന്നൂറോളം കേസ്സുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഈ ഭേദഗതിയുടെ ചട്ടങ്ങൾ പുറപ്പെടുവിച്ചതിനെതിരെയും ഈ വർഷം സമരം നടത്തിയവർക്കെതിരെയും എട്ടോളം കേസ്സുകൾ വീണ്ടും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പൗരത്വനിയമം സംസ്ഥാനത്ത് നടപ്പിലാക്കില്ലെന്ന് പറഞ്ഞ ആൾക്കാരാണ് ഇതിനെതിരെ പ്രതിഷേധിക്കുന്നവർക്കെതിരെ വീണ്ടും വീണ്ടും കേസ്സുകൾ ചാർജ് ചെയ്യുന്നത്.

ഈ സർക്കാരിന്റെ ന്യൂനപക്ഷസ്നേഹം എന്നത് വാക്കുകളിൽ മാത്രമാണെന്ന് ഇനിയെങ്കിലും തിരിച്ചറിയണം. തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം) അമ്പേ പരാജയപ്പെട്ടുപോയെങ്കിൽ അതിനുള്ള പ്രധാനപ്പെട്ട കാരണം ഈ സർക്കാരിന്റെ മുസ്ലീം മതന്യൂനപക്ഷങ്ങളോടുള്ള അവഗണനകൂടിയാണ്. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെക്കുറിച്ച് പറയുമ്പോൾ നമ്മൾ ഓർമ്മിക്കേണ്ടത് മഹാനായ സി. എച്ച്. മുഹമ്മദ് കോയയുടെ വാക്കുകളാണ്. "മറ്റൊരു സമുദായത്തിന്റെ യാതൊന്നും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. എന്നാൽ എന്റെ സമുദായത്തിന് അർഹതപ്പെട്ടത് ഒന്നുപോലും നഷ്ടപ്പെടാൻ ഞങ്ങൾ അനുവദിക്കില്ല" എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു സംഘർഷമുണ്ടാക്കണ്ടെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ് ഞങ്ങളുടെ നേതാക്കൾ പലപ്പോഴും മിണ്ടാതിരിക്കുന്നത്. ഇതൊരു ദൗർബല്യമായി കാണരുത്. കേരളചരിത്രത്തിൽ ലീഗ് ഒരിക്കലും വർഗീയപരമായി ഒരു സമീപനവും സ്വീകരിച്ചിട്ടില്ല. സയ്യിദ് അബ്ദുറഹിമാൻ ബാഫക്കി തങ്ങൾ മുതൽ സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ വരെ മത സൗഹാർദ്ദത്തിന്റെ പ്രതീകങ്ങളാണ്.

പട്ടികജാതി/പട്ടികവർഗ്ഗത്തെക്കുറിച്ച് പറയുകയാണെങ്കിൽ, 1957 മുതൽ നോക്കിയാൽ ഇപ്രാവശ്യം മാത്രമാണ് കേരളത്തിൽ എസ്.സി. വിഭാഗത്തിൽനിന്നും ഒരു മന്ത്രിയില്ലാത്തത്. എസ്.ടി. വിഭാഗത്തിൽനിന്നും വന്ന പുതിയ മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹം വളരെ നന്നായി കാര്യങ്ങൾ നടപ്പാക്കുന്നയാളാണ്. പൊതുസമ്മതിയുണ്ടായിരുന്ന ശ്രീ. കെ. രാധാകൃഷ്ണനെ നാടുകടത്തി (......ബഹളം.......) ഒരു സംശയവുമില്ല; നല്ല നല്ല കുറേ ആൾക്കാരെ കൽപ്പിച്ചുകൂട്ടി നിങ്ങൾ ഇവിടെനിന്നും മത്സരിപ്പിച്ച് നാടുകടത്തുകയാണ് ചെയ്യുന്നത്.[1] (.....ബഹളം......) വളരെ ഭംഗിയായി കാര്യങ്ങൾ നടത്തിയിരുന്ന ഒരാളെ എന്തിനാണ്........ (....ബഹളം......)

ചെയർപേഴ്സൺ:ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം.(.....ബഹളം......)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അതുപോലെ ഇപ്പോഴത്തെ മന്ത്രിയിൽനിന്നും ദേവസ്വവും പാർലമെന്ററികാര്യ വകുപ്പുകളും എടുത്തുമാറ്റിയത് എന്തിനാണ്, (.....ബഹളം......) അത് ശരിയല്ല; അതിനെപ്പറ്റി പല അംഗങ്ങളും ഇതിനോടകം സംസാരിച്ചതുകൊണ്ട് ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല.

1 ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 11871/ഇ.ബി./2024/ലെജി. തീയതി 08-07-2024) സഭാ രേഖയിൽ നിലനിർത്തി.

ആദിവാസി ക്ഷേമത്തിനായുള്ള പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളുമെല്ലാം പത്ത് ശതമാനം പോലും നടപ്പിലാക്കപ്പെട്ടിട്ടില്ല എന്നതാണ് വാസ്തവം. (.....ബഹളം......)

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പോയിന്റ് ഓഫ് ഓർഡർ..........

ചെയർപേഴ്സൺ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പാർലമെന്റിലേയ്ക്ക് ജനങ്ങൾ തെരഞ്ഞെടുത്ത് വിജയിപ്പിച്ച് അയച്ച ഒരു അംഗത്തെ ഞങ്ങൾ നാടുകടത്തിയെന്ന നിലയിലുള്ള വാചകമുപയോഗിച്ചു. അത് അങ്ങേയറ്റം ഖേദകരമാണ്. ജനങ്ങളുടെ വിധിക്കെതിരായ അതീവ ഗുരുതരമായ ആരോപണമാണ്, ദയവായി ബഹുമാനപ്പെട്ട അംഗം അത് പിൻവലിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.[2]

---

2 ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 11871/ഇ.ബി./2024/ലെജി. തീയതി 08-07-2024) സഭാ രേഖയിൽ നിലനിർത്തി.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അത് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായമായിരിക്കാം. എന്റെ അഭിപ്രായം നേരെ മറിച്ചാണ്. അദ്ദേഹത്തെ ഇവിടെനിന്നും നാടുകടത്തിയത് തന്നെയാണ്. (......ബഹളം......)

ചെയർപേഴ്സൺ: അത് പരിശോധിച്ച് തീരുമാനം അറിയിക്കാം.[3]

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അദ്ദേഹം വളരെ നല്ലൊരു മനുഷ്യനായിരുന്നു. ശ്രീ. കെ. രാധാകൃഷ്ണനെപ്പോലുള്ള ഒരു സഖാവിനെ നിങ്ങൾക്ക് ഇവിടെ കാണിച്ചുതരാൻ സാധിക്കുമോ? (......ബഹളം......) കുറേ ആൾക്കാരെ നിങ്ങൾ കൽപ്പിച്ചുകൂട്ടി ഇവിടെനിന്നും പറഞ്ഞയയ്ക്കാൻവേണ്ടിയുള്ള ശ്രമം നടത്തി. (......ബഹളം......) അത് നടന്നില്ല. അദ്ദേഹത്തിനെ മാത്രം നിങ്ങൾക്ക് അയയ്ക്കാൻ സാധിച്ചു, അത് അദ്ദേഹത്തിന്റെ പേഴ്സണാലിറ്റി കൊണ്ടുതന്നെയാണ്. (......ബഹളം......)

ചെയർപേഴ്സൺ: പരിശോധിച്ച് തീരുമാനം അറിയിക്കാം. ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ആദിവാസി മേഖലയിലെ വാഗ്ദാനങ്ങൾ പത്ത് ശതമാനംപോലും നടപ്പിലാക്കപ്പെട്ടിട്ടില്ല എന്നതാണ് വാസ്തവം.

---
3

സംസ്ഥാനത്ത് ഒന്നരലക്ഷം പട്ടികവർഗ കുടുംബങ്ങളുള്ളതിൽ ഏകദേശം പതിനയ്യായിരത്തോളം കുടുംബങ്ങൾ ഇപ്പോഴും ഭവനരഹിതരാണ് (......ബഹളം......)

<u>ചെയർപേഴ്സൺ</u>: ക്രമപ്രശ്നം പരിശോധിച്ചശേഷം തീരുമാനം അറിയിക്കാമെന്ന് ചെയർ പറഞ്ഞല്ലോ.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഇതിൽ പകുതിയോളം കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ല....നാളിതുവരെയുള്ള ഭവന നിർമ്മാണ പദ്ധതികളുടെ പ്രയോജനമൊന്നും ഈ കുടുംബങ്ങൾക്ക് ലഭിച്ചിട്ടില്ല. 'കഴിഞ്ഞ എട്ടുവർഷത്തിനിടെ വിവിധ സംസ്ഥാന പദ്ധതികൾക്കായി അട്ടപ്പാടിയിൽ 250 കോടിയിലധികം രൂപയാണ് ചെലവഴിച്ചത്. ഇത്രയൊക്കെ ചെലവഴിച്ചിട്ടും പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജീവിതത്തിൽ കാര്യമായ പുരോഗതി കാണുന്നില്ല' ഇന്നത്തെ പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി നിയമസഭാ സമിതി അദ്ധ്യക്ഷനായിരിക്കെ സമർപ്പിച്ച റിപ്പോർട്ടിലെ വാചകങ്ങളാണിത്. അട്ടപ്പാടി മേഖലയിൽ കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 89 ശിശുമരണങ്ങളുണ്ടായിട്ടുണ്ടെന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ

ഓർമ്മിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി സ്വന്തം റിപ്പോർട്ടിലെ കണ്ടെത്തലുകൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട മങ്കട അംഗം ഇവിടെ ഇപ്പോൾ ചർച്ച നടക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പിന്റെ ആദരണീയനായിരുന്ന മുൻ മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ സംസ്ഥാനത്തുനിന്നും പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടതിനെ നാടുകടത്തിയെന്ന് വിശേഷിപ്പിച്ചതിനെ ഞാൻ അപലപിക്കുകയാണ്. ഒപ്പം, മുമ്പ് മുസ്ലീംലീഗിന്റെ ആദരണീയനായ കക്ഷിനേതാവ് കുഞ്ഞാലിക്കുട്ടി സാഹിബ് പാർലമെന്റിലേയ്ക്ക് മത്സരിച്ചത് സംസ്ഥാന രാഷ്ട്രീയത്തിൽനിന്നും നാടുകടത്താനുള്ള ലീഗിന്റെ ഗ്രൂപ്പുകളിയുടെ ഭാഗമായിരുന്നോയെന്നുകൂടി അദ്ദേഹം വ്യക്തമാക്കണം. അതുപോലെ യൂത്ത് കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. ഷാഫി പറമ്പിൽ ഇവിടെനിന്നും പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത് അസംബ്ലിയിൽനിന്നും നാട്

കടത്തിയതാണോയെന്നുകൂടി യു.ഡി.എഫ്. വ്യക്തമാക്കണം. ഇവിടെ ധനാഭ്യർത്ഥനാ ചർച്ച നടക്കുന്നത് ഒരു പുതിയ മന്ത്രി ഈ വകുപ്പിന്റെ ചുമതലയേറ്റ ഘട്ടത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഒ. ആർ. കേളുവിന് ആശംസകളും ഭാവുകങ്ങളും ആമുഖമായിത്തന്നെ ഞാൻ നേരുകയാണ്. അതേസമയം ധനാഭ്യർത്ഥനകളുടെ ചർച്ച നടക്കുമ്പോൾ ആദരണീയനായ മുൻമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ അവർകളെ നന്ദിയോടെ അനുസ്മരിക്കാതിരിക്കാൻ കഴിയില്ല. പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്കക്ഷേമവകുപ്പിൽ മാത്രമല്ല, ദേവസ്വം വകുപ്പിലൂൾപ്പെടെ അദ്ദേഹം നടത്തിയ സേവനങ്ങൾ കേരളത്തിന്റെ പൊതുസമൂഹം ആശ്ലേഷിച്ച് അംഗീകരിച്ചതാണ്. അതിന്റെ പ്രതീകമാണ് പത്തനംതിട്ട മുൻകളക്ടർ ഡോ. ദിവ്യ എസ്. അയ്യർ അദ്ദേഹത്തിന് സ്നേഹാലിംഗനം നൽകിയത് എന്നത് കേരളം മനസ്സിലാക്കിയ ഒരു വലിയ വസ്തുതയാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. കെ. രാധാകൃഷ്ണൻ അവർകൾ മന്ത്രിയായിരുന്നതിന്റെ അവസാന നാളുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഉത്തരവിറക്കിയ സാഹചര്യമുണ്ട്. നമ്മുടെ നാട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ

പിന്നാക്കവിഭാഗങ്ങൾ അധിവസിക്കുന്ന മേഖലകളെയാകെ കോളനികളെന്നുള്ള ബ്രിട്ടീഷ് ഭരണകാലം മുതൽ അടിമത്തത്തിന്റെ പ്രതീകമായി വിശേഷിപ്പിച്ചിരിക്കുന്ന ഒരു സാഹചര്യത്തെ തുടച്ചുനീക്കിക്കൊണ്ട് അതിനെ 'ഉന്നതി' എന്നും 'നഗർ' എന്നും പുനർനാമകരണം ചെയ്ത് ഉത്തരവിറക്കിയത്. സാമൂഹ്യപരിഷ്കാരത്തിന്റെ ഉത്തുംഗശൃംഗത്തിലേയ്ക്ക് ഇവിടത്തെ ദളിത് പിന്നാക്കവിഭാഗങ്ങളെ കൈപിടിച്ചുയർത്താനുള്ള ഗവൺമെന്റിന്റെ ഇച്ഛാശക്തികളെയും കാഴ്ചപ്പാടിന്റെയും പ്രതീകമാണ് ആ ഉത്തരവ്. എത്രയോ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ മൂന്നുവർഷംകൊണ്ട് ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഇവിടെ നടന്നിട്ടുള്ളത്. സമയപരിമിതിമൂലം എല്ലാം വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അടിസ്ഥാനസൗകര്യ വികസനത്തിൽ 'അംബേദ്കർ ഗ്രാമം' എന്ന പദ്ധതിയിലൂടെ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എന്റെ നിയോജകമണ്ഡലത്തിൽമാത്രം കൊമ്പുകുത്തി, കനകപ്പലം, മുറികല്ലുമ്പുറം, എരുത്വാപ്പുഴ, മൂക്കംപെട്ടി, ചെറുമല ഉൾപ്പെടെ ആറ് ഗ്രാമങ്ങളിൽ വലിയ വികസന മുന്നേറ്റത്തിനുള്ള സാഹചര്യമൊരുക്കി. അതുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാനുള്ളത്; പട്ടികജാതി

വികസനവകുപ്പിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ 25 വീടുകൾ വേണമെന്ന നിബന്ധനയുണ്ട്. അക്കാര്യത്തിലൊരു ഇളവ് അനുവദിക്കുകയും ഒന്നുകിൽ ആ നിബന്ധന എടുത്തുകളയുകയോ അഥവാ അടുത്തടുത്തുള്ള രണ്ട് പ്രദേശങ്ങളെ ക്ലബ് ചെയ്തുകൊണ്ട് നടപ്പിലാക്കുകയോ ചെയ്യുന്ന നടപടി പരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. കോട്ടയം ജില്ലയിലുൾപ്പെടെ പട്ടികജാതി വികസന വകുപ്പിൽ താലൂക്ക് ഓഫീസുകളുടെ ക്ലാസിഫിക്കേഷനുണ്ട്. പതിനയ്യായിരം വീടുകൾ ആ ഓഫീസിന്റെ പിരിധിയിലുണ്ടെങ്കിൽ എ ഗ്രേഡ് ആക്കുമെന്നാണ് വ്യവസ്ഥ. കോട്ടയം ജില്ലയിൽ ഏതാണ്ട് മൂന്നോളം ഓഫീസുകൾ ആ മാനദണ്ഡം പാലിക്കപ്പെട്ടിട്ടും എ ഗ്രേഡ് ആക്കാത്ത സ്ഥിതിയുണ്ട്. അതിൽ എന്റെ നിയോജക മണ്ഡലത്തിന്റെ ഭാഗങ്ങൾ ഉൾപ്പെടുന്ന മീനച്ചിൽ പട്ടികജാതി വികസന ഓഫീസുംകൂടി ഉൾപ്പെടുന്നുണ്ട്. അത്തരം ഓഫീസുകളെ എ ഗ്രേഡാക്കി കൂടുതൽ ധനസഹായവും കൂടുതൽ ആനുകൂല്യങ്ങളും ആ മേഖലയിലെ പട്ടികജാതിക്കാർക്ക് ലഭിക്കാനുള്ള സാഹചര്യവുമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഈ ഗവൺമെന്റ് ശ്രദ്ധേയമായ ഒട്ടേറെ കാര്യങ്ങൾ നടത്തിയിട്ടുണ്ട്. എന്റെ സമുദായത്തിൽനിന്നും പത്ത് ബി.എ.ക്കാരെ കണ്ടിട്ട് മരിക്കണമെന്നാണ് എന്റെ ആഗ്രഹം എന്ന് മഹാത്മാ അയ്യങ്കാളി ഒരിക്കൽ പറഞ്ഞു. ഇന്ന് ഐ.എ.എസ്.കാരും ഐ.പി.എസ്.കാരും ഐ.എഫ്.എസ്.കാരും പി.എച്ച്.ഡിക്കാരുമൊക്കെ നിരവധിയുള്ള സമൂഹമായി ആ സമുദായത്തെ മാറ്റാൻ കഴിഞ്ഞുവെങ്കിൽ ഈ ഗവൺമെന്റും ബന്ധപ്പെട്ട വകുപ്പും നടത്തിയ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്കോളർഷിപ്പ് വിഷയത്തിൽ കേന്ദ്രഗവൺമെന്റ് നമ്മളോടും അതിനേക്കാളുപരി പട്ടികജാതി/പട്ടികവർഗ ജനവിഭാഗങ്ങളോടും കാണിച്ച ചിറ്റമ്മ നയം ഈ ഗവൺമെന്റ് തിരുത്തിയത് ഇവിടെ സൂചിപ്പിച്ചു. സ്കോളർഷിപ്പിനോടൊപ്പം എസ്.എസി./എസ്.ടി. കുട്ടികൾക്ക് മുൻകൂട്ടി ഫീസടയ്ക്കാതെ പഠിക്കാൻ കഴിയുന്ന ഫ്രീ ഷിപ്പ് എന്നൊരു സംവിധാനം ഗവൺമെന്റ് ഇവിടെയുണ്ടാക്കി. അതുപോലെതന്നെ അവർക്ക് പൈലറ്റുകളാകാനുള്ള വിംഗ്സ് പദ്ധതി, സിവിൽ സർവീസ് പരിശീലനം, പഠനമുറി സംവിധാനം, വിവാഹധനസഹായം, എക്സൈസ്, ഫോറസ്റ്റ്

ഡിപ്പാർട്ടുമെന്റുകളിലേയ്ക്കടക്കം സ്പെഷ്യൽ റിക്രൂട്ട്മെന്റ് എന്നിവ നടപ്പിലാക്കി. അതുപോലെതന്നെ രാജ്യത്ത് ആദ്യമായി മുഴുവൻ പട്ടികവർഗക്കാർക്കും ഭൂമിയുള്ള ഒരു ജില്ലയായി കേരളത്തിന്റെ തലസ്ഥാന ജില്ലയായ തിരുവനന്തപുരത്തെ മാറ്റിയെങ്കിൽ അത് ഈ ഗവൺമെന്റിന് ഈ സമൂഹത്തോടുള്ള പ്രതിബദ്ധതയുടെ പ്രതീകമാണ് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ന്യൂനപക്ഷ സമുദായങ്ങളെക്കുറിച്ചുകൂടിയുള്ള ചർച്ച എന്നുള്ള നിലയിൽ പ്രതിപക്ഷത്തുനിന്നും സംസാരിച്ച ബഹുമാനപ്പെട്ട അംഗം ഇവിടെ ഒരു ഭാഗത്തെക്കുറിച്ചുമാത്രമാണ് സൂചിപ്പിച്ചത്. എന്നാൽ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളെയും ഒരുപോലെ കാണുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത് എന്നാണ് കാണാൻ കഴിയുന്നത്. സാമൂഹിക പ്രസക്തിയുള്ള ഒരു കാര്യംകൂടി ഞാൻ പറയാം; ന്യൂനപക്ഷ വിഭാഗങ്ങളിലെ രണ്ട് സമുദായങ്ങളെ തമ്മിലടിപ്പിക്കാനുള്ള ബോധപൂർവ്വമായ ദുഷ്പ്രചാരണങ്ങൾ ഈ സംസ്ഥാനത്ത് നടക്കുന്നുണ്ടെന്ന് ആധികാരികമായി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അക്കാര്യം ഗവൺമെന്റ് വളരെ ഗൗരവമായി കാണേണ്ടതുണ്ടെന്നും അത്തരം കാര്യങ്ങളിലുള്ള തെറ്റായ

പ്രവർത്തനങ്ങളും കുപ്രചാരണങ്ങളും തീർച്ചയായും തിരുത്തി മാതൃകാപരമായ ശിക്ഷാനടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും അഭ്യർഥിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം, ദയവായി അവസാനിപ്പിക്കണം, താങ്കളുടെ സമയം അവസാനിച്ചു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം, കേന്ദ്ര ഗവൺമെന്റ് നമ്മുടെ ഗ്രാന്റുകളും ധനസഹായങ്ങളുമെല്ലാം വെട്ടിക്കുറയ്ക്കുമ്പോൾ അത് ഏറ്റവുമധികം പ്രതിഫലിക്കുന്ന ഒരു മേഖലയാണ് പട്ടികജാതി/പട്ടികവർഗ പിന്നാക്ക വിഭാഗങ്ങൾ. അവർക്കുള്ള സ്കോളർഷിപ്പുകൾ എടുത്തുകളഞ്ഞതടക്കമുള്ള കാര്യങ്ങൾ ഇവിടെ ചർച്ചയ്ക്ക് വിഷയീഭവിച്ചതാണ്. അത്തരം കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന തെറ്റായ നടപടികൾക്ക് യു.ഡി.എഫ്. കയ്യടിച്ച് ഒളിഞ്ഞും തെളിഞ്ഞും പ്രോത്സാഹിപ്പിക്കുമ്പോൾ ഈ നാട്ടിലെ പാവപ്പെട്ടവന്റെയും പാർശ്വവൽക്കരിക്കപ്പെട്ടവന്റെയും ദുരിതത്തിന്റെ ഒരു vicarious liability പ്രതിപക്ഷത്തിനുമുണ്ട് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ

ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലിയുടെ പ്രസംഗം കേട്ടപ്പോൾ മുസ്ലീംലീഗിന്റെ ശൈലിയിലും ഭാവത്തിലുമൊക്കെ വരാൻപോകുന്ന മാറ്റത്തെയാണ് അത് സൂചിപ്പിക്കുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. ആദ്യമായി നമ്മുടെ ആഭ്യന്തര വകുപ്പിനെയും ന്യൂനപക്ഷ ക്ഷേമ വകുപ്പിനെയും തദ്ദേശസ്വയംഭരണ വകുപ്പിനെയും അഭിനന്ദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും വേണ്ടിയുള്ള പുതിയൊരു ഉത്തരവ് സർക്കാർ ഇറക്കിയിട്ടുണ്ട്. അതിന് വലിയൊരു നിരോധനമാണുണ്ടായിരുന്നത്. അതിന്റെ ചരിത്രം നമുക്കറിയാം; ബ്രിട്ടീഷ് ഭരണകാലത്ത് അവരുടെ അധികാര പരിധിയിലുണ്ടായിരുന്ന സ്ഥലങ്ങളിൽ ആരാധനാലയങ്ങൾ നിർമ്മിക്കാനോ പുനർനിർമ്മിക്കാനോ അനുവാദമില്ലായിരുന്നു. എന്നാൽ ഇ.എം.എസ്. മന്ത്രിസഭയാണ് ആ നിരോധനം നീക്കിയത്. ഉമ്മൻചാണ്ടി സർക്കാർ വളഞ്ഞ വഴിയിലൂടെ കൊണ്ടുവന്നെങ്കിലും പിണറായി സർക്കാർ അതിനെ വീണ്ടും

എടുത്തുകളഞ്ഞു എന്നുള്ളതാണ് വസ്തുത. പക്ഷെ ചില ആളുകൾ ഹൈക്കോടതിയിൽപ്പോയി ആ സർക്കാർ തീരുമാനം സ്റ്റേ ചെയ്യിപ്പിച്ചു. എന്നാൽ കഴിഞ്ഞ ദിവസം ഹൈക്കോടതി ആ സ്റ്റേ റദ്ദാക്കുകയും സർക്കാർ പറഞ്ഞതാണ് ശരി എന്നുള്ള തീരുമാനത്തിലെത്തുകയും അതനുസരിച്ച് കേരള ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയാണോ ഈയൊരു കാര്യമെന്നത് സ്വയം ആലോചിച്ചാൽ മതിയാകും. ഇ.എം.എസ്.-ന്റെ പേരിൽ ഒരു പള്ളിപോലുമുണ്ടെന്ന കാര്യം എല്ലാവർക്കുമറിയാം. അതുപോലെതന്നെ ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ഹജ്ജിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഈ വർഷമാണ് കേരളത്തിൽനിന്നുള്ള ഏറ്റവും കൂടുതൽ ഹാജിമാർ മക്കയിൽ മരണപ്പെട്ടത്. കാരണം 53 ഡിഗ്രി സെൽഷ്യസ് ചൂടായിരുന്നു അവിടെയുണ്ടായിരുന്നത്. കഴിഞ്ഞ വർഷം 300 പേർക്ക് ഒരു വോളന്റിയർ എന്നത് ഇത്തവണ 200 പേർക്ക് ഒരു വോളന്റിയർ എന്നുള്ള രീതിയിലാണുണ്ടായിരുന്നത്. എല്ലാ വോളന്റിയർമാരും മികച്ച സേവനം കാഴ്ചവച്ചിട്ടുണ്ട്. ഹജ്ജിനുപോയവർ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. ഹജ്ജ് ഹൗസ് കാണുന്നതുതന്നെ

മുസ്ലീംലീഗുകാർക്ക് വലിയ പ്രയാസമാണ്. അത് എന്തുകൊണ്ടാണ്; ശ്രീ. വി. എസ്. അച്യുതാനന്ദന്റെ കാലത്ത് നിർമ്മിച്ചതായതുകൊണ്ടാണ്. അവർ വിചാരിച്ചിട്ട് ഇതുവരെ ഒന്നും നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. അവർ എന്താണ് ചെയ്തത്? ഒരു സ്വകാര്യ കോളേജിൽ കെട്ടിടം നിർമ്മിക്കാനുള്ള ശ്രമം നടത്തി. ഹജ്ജ് ഹൗസിന് ആകപ്പാടെ ഒരുമാസത്തെ ഒഴിവ് മതിയല്ലോ; ബാക്കി സമയം അവർക്ക് ഉപയോഗിക്കാമല്ലോ. എന്നാൽ ബഹുമാനപ്പെട്ട പാലൊളി മുഹമ്മദ് കുട്ടി മന്ത്രിയായിരുന്നപ്പോൾ സ്വന്തം സ്ഥലമെടുത്ത് അവിടെ മനോഹരമായ ഒരു കെട്ടിടം പണിയുകയും അതിനടുത്ത് സ്ത്രീകൾക്കുവേണ്ടി മാത്രമായി മറ്റൊരു കെട്ടിടം നിർമ്മിക്കുകയും ചെയ്തു. നിലവിൽ മൂന്ന് എംബാർക്കേഷൻ പോയിന്റുകളിൽനിന്നാണ് ഹജ്ജിന് ആളുകൾ പോകുന്നത്. ഏറ്റവുമധികം വനിതകൾ ഹജ്ജ് തീർത്ഥാടനത്തിന് പോകുന്ന സംസ്ഥാനവും കേരളമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ മൂന്ന് സ്ഥലങ്ങളിലും വരാനും പോകാനുമുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തി സുസജ്ജമായ രീതിയിൽ നടപ്പിലാക്കുകയും ചെയ്തു എന്നുള്ളതാണ് നാം കാണേണ്ടത്. ഹജ്ജ് ഹൗസ് കാണുമ്പോൾതന്നെ ലീഗുകാർക്ക് വലിയ വെപ്രാളമാണ്. അതുകൊണ്ടാണ് കോഴിക്കോട് ഹജ്ജ്

എംബാർക്കേഷൻ പോയിന്റ് ആവശ്യമില്ല എന്ന രീതിയിൽ അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമ/റവന്യൂ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ പ്രത്യേകമായ സമിതിയുണ്ടാക്കി അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ വീണ്ടെടുക്കാനുള്ള ശക്തമായ ശ്രമം നടത്തുകയും അത് വലിയ രീതിയിൽ വിജയിക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ഇവിടെ ശ്രീ. മഞ്ഞളാംകുഴി അലി നേരത്തെ പറഞ്ഞു, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യത്തീംഖാനയിൽ കുട്ടികളെ ചേർക്കാൻ കൊണ്ടുവന്നപ്പോൾ എന്തായിരുന്നു ഉണ്ടായത്? ആ കുട്ടികളെ തീവ്രവാദികൾ എന്നുള്ള നിലയിൽ പിടിച്ചുകൊണ്ടുപോയി, മുക്കം മുസ്ലീം ഓർഫനേജിനെതിരെവരെ കേസ്സെടുത്തു. അവർ സുപ്രീംകോടതിവരെ പോയാണ് ആ കേസ്സൊക്കെ ഒത്തുതീർപ്പാക്കിയത്. ആ രീതിയിലുള്ള മനോഭാവമായിരുന്നു അന്നത്തെ ഭരണകാലത്തുണ്ടായിരുന്നത്. എന്നാൽ ഇന്ന് ഞാനിവിടെ പറഞ്ഞതുപോലെ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ പ്രതിപക്ഷം ചില മാധ്യമങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് ദുരാരോപണങ്ങൾ ഉന്നയിക്കുകയാണ്. പെട്രോൾ ഡീസൽ സെസ്സ് പിരിച്ചിട്ട് സാമൂഹ്യസുരക്ഷാ

പെൻഷൻ എന്താണ് കൊടുക്കാത്തതെന്ന് ഇന്നലെയും ചോദിക്കുന്നതു കേട്ടു. എന്താണ് ഒരു വർഷം സെസ്സിൽ നിന്നും കിട്ടുന്നത്? 2023-24 വർഷത്തെ സെസ്സിൽനിന്നും ആകെ കിട്ടിയത് 1064.63 കോടി രൂപയാണ്. എന്നാൽ ഒരു മാസം ക്ഷേമ പെൻഷൻ കൊടുക്കാൻ വേണ്ടത് 900 കോടി രൂപയാണ്. ഇത്രയുംതുക സെസ്സ് പിരിച്ചുകഴിഞ്ഞിട്ടും സാമൂഹ്യസുരക്ഷാ പെൻഷൻ എന്താ കൊടുക്കാത്തത് എന്നുള്ളകാര്യം കഴിഞ്ഞ ദിവസവും ആരോ പറയുന്നതുകേട്ടു.

പൗരത്വ വിഷയവുമായി ബന്ധപ്പെട്ട കേസ്സുകളെ സംബന്ധിച്ചും ഇവിടെ പറഞ്ഞു. ഗുരുതരമല്ലാത്ത എല്ലാ കേസ്സുകളും പിൻവലിക്കാൻവേണ്ടി കൃത്യമായ ഉത്തരവ് നൽകിക്കഴിഞ്ഞിട്ടുണ്ട്. അതനുസരിച്ച് 835 കേസ്സിൽ 724 എണ്ണവും പിൻവലിച്ചിട്ടുണ്ട്. അന്യന്റെ സ്വത്തിൽ കയറിയതോ സ്വത്ത് നാശം വരുത്തിയതോ ആയ ഗുരുതരമായ കേസ്സുകളേ ബാക്കിയുള്ളൂ. ബാക്കിയുള്ള എല്ലാ കേസ്സുകളും പിൻവലിച്ചിട്ടുണ്ട്. എങ്കിലും വീണ്ടും അതുതന്നെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. കൃത്യമായ കണക്ക് എല്ലാവർക്കും തന്നിട്ടുണ്ടല്ലോ; എന്നിട്ടും ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ട് പ്രശ്നങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്

മദ്യത്തിന്റെ വരുമാനം കൊണ്ടാണെന്നാണ് പറയുന്നത്. ഞാനതിന്റെ കണക്കെടുത്തുനോക്കിയപ്പോൾ, 2016-ൽ കള്ള് ഷാപ്പുകൾ ഒഴികെയുള്ള മദ്യഷാപ്പുകളുടെ എണ്ണം കേരളത്തിൽ 841 ആയിരുന്നു. 2024-25 വർഷത്തേയ്ക്ക് 8 എണ്ണം പുതുക്കിയിട്ടില്ല, രണ്ടെണ്ണം റദ്ദ് ചെയ്യുകയും ചെയ്തു; അങ്ങനെ ഇപ്പോൾ 802 മദ്യശാലകൾ മാത്രമാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. അന്നത്തേതിന്റെ അത്രയും ഇപ്പോഴില്ല; കുറവാണുള്ളത്. എന്നിട്ടാണ് ഈയൊരു രീതിയിലുള്ള കണക്കുകൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ശ്രീ. ഒ. ആർ. കേളു മന്ത്രിയായതിനുശേഷം വളരെ ശക്തമായി ഇക്കാര്യങ്ങളിലൊക്കെ ഇടപെടുന്നുണ്ടെന്ന് നമുക്കറിയാം. കാരണം അദ്ദേഹം ആ കാര്യങ്ങളിൽ വളരെ പരിജ്ഞാനമുള്ള ഒരു വ്യക്തിയാണ്. ഇവിടെ ബഹുമാനപ്പെട്ട വി. ശശി സൂചിപ്പിച്ചതുപോലെ ഭൂരഹിതരില്ലാത്ത നവകേരളം എന്ന സർക്കാരിന്റെ ലക്ഷ്യത്തിലേയ്ക്കടുക്കുകയാണ് നാം. ഭൂരഹിതരായ പട്ടികവർഗക്കാർ ഇല്ലാത്ത ആദ്യ ജില്ലയായി തിരുവനന്തപുരം ജില്ല മാറി. പട്ടികജാതി/പട്ടികവർഗ വകുപ്പുകളിൽനിന്നും ലഭ്യമാകുന്ന ഭൂമിക്ക് ഗുണഭോക്താക്കൾ നൽകേണ്ടിയിരുന്ന രജിസ്ട്രേഷൻ ഫീസ് പൂർണ്ണമായും ഒഴിവാക്കി. ഭൂരഹിത പുനരധിവാസ

പദ്ധതിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 55 വയസ്സിൽനിന്നും 70 ആക്കുകയും വരുമാന പരിധി ഒരു ലക്ഷം രൂപയാക്കുകയും ചെയ്തു. ഭവനനിർമ്മാണം, ചികിത്സ, പെൺകുട്ടികളുടെ വിവാഹം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി വകുപ്പുകളിൽനിന്നും ലഭിച്ച ഭൂമി പണയപ്പെടുത്തുന്നതിനും അനുമതി നൽകി. ഇത് വലിയൊരു സമാശ്വാസ നടപടിയാണ്. വീടുകൾക്ക് പുതുമോടി പിടിപ്പിക്കുന്നതടക്കമുള്ള ബാക്കി കാര്യങ്ങൾ നേരത്തെ ഇവിടെ പറഞ്ഞു. ഒരു കാര്യം പറയാനുള്ളത്, നിർവ്വഹണ ഏജൻസികളെ മാറ്റി ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ പ്രാതിനിധ്യം കൊടുക്കുന്ന രീതിയിൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത് ഏറ്റവും ഉചിതമായിരിക്കും. അതുപോലെ ഇവിടെ ന്യൂനപക്ഷ ക്ഷേമത്തെ സംബന്ധിച്ചും പറഞ്ഞു. മുസ്ലീങ്ങളുടെ പിന്നാക്കാവസ്ഥ പഠിക്കാൻ വേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് സച്ചാർ കമ്മിറ്റിയുണ്ടാക്കിയത്. പക്ഷെ, കേന്ദ്ര ഗവൺമെന്റ് അത് നടപ്പാക്കിയില്ല. അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നും കേരളത്തിൽ യഥാവിധി നടപ്പാക്കാൻ കഴിയാത്ത കാര്യമായതുകൊണ്ടാണ് നമ്മൾ പാലൊളി കമ്മിറ്റിയെ വച്ച് അതനുസരിച്ചുള്ള ശിപാർശകൾ നൽകിയത്. ആ

ശിപാർശയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ മുസ്ലീങ്ങൾ.... നേരത്തെ പറഞ്ഞതുപോലെ മുസ്ലീങ്ങൾ ഒരുപാട് പിന്നാക്കമാണ്. കേരളത്തിലെ മുസ്ലീം ജനസംഖ്യ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ രംഗങ്ങളിൽ ഇതരസംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട നിലയിലാണെന്നും എന്നാൽ കേരളത്തിലെ മറ്റ് സമുദായങ്ങളെക്കാൾ പിന്നാക്കമാണെന്നും കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പൊതുവിദ്യാഭ്യാസം, സാമൂഹ്യസുരക്ഷിതത്വം, വിദ്യാഭ്യാസ-ഉദ്യോഗ സംവരണം, തൊഴിൽ സാമ്പത്തിക വളർച്ച, കാര്യപ്രാപ്തി ആർജിക്കൽ, സ്കോളർഷിപ്പ്, പശ്ചാത്തല സൗകര്യങ്ങളൊരുക്കൽ തുടങ്ങിയ ഒരുപാട് കാര്യങ്ങൾ നടപ്പിലാക്കുന്നത്. ഇതനുസരിച്ചാണ് വിധവകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി, വിദ്യാർത്ഥികൾക്കുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി, വിവിധ സ്കോളർഷിപ്പുകൾ, വിവാഹ പൂർവ്വ കൗൺസിലിംഗ്, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം, ന്യൂനപക്ഷ യുവജന

പരിശീലന പരിപാടികൾ എന്നിവയൊക്കെ നടത്തുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിലാണ് ഇവയെല്ലാം നടന്നുകൊണ്ടിരിക്കുന്നത്.

മാധ്യമങ്ങൾ അനാവശ്യമായ പ്രചാരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഐ.എസ്.ആർ.ഒ. കേസ്സിൽ അഞ്ചുപേർക്കെതിരെ തിരുവനന്തപുരത്ത് സി.ബി.ഐ. കുറ്റപത്രം സമർപ്പിച്ചുവെന്ന് കഴിഞ്ഞ ദിവസം ഞാൻ പത്രത്തിൽ വായിക്കുകയുണ്ടായി. ഐ.എസ്.ആർ.ഒ. കേസ്സുമായി ബന്ധപ്പെട്ട് എന്തായിരുന്നു അന്ന് പത്രക്കാരുണ്ടാക്കിയ വാർത്ത? മാലിയിൽനിന്നുള്ള മറിയം റഷീദ എന്ന സ്ത്രീ അനുഭവിക്കാത്ത പ്രശ്നങ്ങളെന്തെങ്കിലുമുണ്ടോ; അതുപോലെ ഫൗസിയ ഹസൻ; എന്ത് നേട്ടമാണ് നമുക്കുണ്ടായത്? മുമ്പ് മാലിയിൽനിന്ന് ഒരുപാട് ടൂറിസ്റ്റുകൾ ഇവിടെ വരുമായിരുന്നു. ഇപ്പോൾ ആരെയും തിരുവനന്തപുരത്ത് കാണാനില്ലെന്ന ഗുണമാണ് ലഭിച്ചത്. അതുപോലെ ശ്രീ. നമ്പി നാരായണൻ. ഇങ്ങനെയുള്ള ഒരുപാട് കാര്യങ്ങളാണ് ഇവിടെ ചെയ്തത്. ഒറ്റക്കാര്യം, എന്നെ വാടകയ്ക്കെടുത്തതാണെന്ന് ഇവിടെ ആരോ പറഞ്ഞു; ആരോ പറയട്ടേ; ഞാനൊരു കാര്യം പറയാം. ഇവിടെ സ്പീക്കർ പത്ത് മിനിട്ട് വോട്ടിംഗിന്

ബെല്ലടിച്ച ഒരു കാലമുണ്ടായിരുന്നു. ഒരു വോട്ടിന്റെ ഭൂരിപക്ഷത്തിനായി സ്പീക്കർ കാസ്റ്റിംഗ് വോട്ട് ചെയ്ത കാലഘട്ടത്തിൽ, അന്ന് ശ്രീ. മഞ്ഞളാംകുഴി അലി ചെയ്തതുപൊലെയൊക്കെ ചെയ്യാമെന്ന് പറഞ്ഞ് എന്റെ അടുത്ത് വന്നതാണ്. അങ്ങനെ കിട്ടുമെന്ന് വിചാരിക്കേണ്ട നിങ്ങൾ. വേറൊരാളെ കൊണ്ടുവന്നിട്ട് രാജിവയ്പിച്ചിട്ടാണ് നിങ്ങൾ തെരഞ്ഞെടുപ്പ് നടത്തിയത്. ഇപ്പോൾ അയാളുടെ സ്ഥിതിയെന്താണെന്ന് ദൈവത്തിനുമാത്രമേ അറിയുകയുള്ളൂ. സ്വന്തം പുരയ്ക്ക് തീവച്ചിട്ടുവരെ അയാൾ അവിടെയില്ലാതായിപ്പോയി. അങ്ങനെ കാത്തുനിൽക്കേണ്ട; അന്ന് മലപ്പുറം ജില്ലയിൽ 32 സ്കൂൾ കൊടുത്തപ്പോഴും ഇത് വലിയ സാമുദായിക അസന്തുലിതമാണ് ഇപ്പോൾതന്നെ ചെയ്യണോയെന്നാണ് പ്രതിപക്ഷ നേതാവ് ചോദിച്ചത്. ഏതായാലും മലപ്പുറം ജില്ലയിൽ പ്ലസ് ടു കൊടുക്കണമെന്ന് കോൺഗ്രസ്സുകാരെക്കൊണ്ട് പറയിപ്പിച്ച ലീഗുകാരെന്ന നേട്ടം ഈ കാര്യത്തിലുണ്ടായിട്ടുണ്ടെന്നുമാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. പുതുതായി വകുപ്പിന്റെ ചുമതലയേറ്റ ശ്രീ. ഒ. ആർ. കേളു

മിനിസ്റ്ററെ അഭിനന്ദിക്കുന്നു. അതോടൊപ്പംതന്നെ ജനങ്ങളുടെ സ്നേഹമേറ്റുവാങ്ങി മത്സരിച്ച് ജയിക്കുകയും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുകളെ കാര്യക്ഷമമായി നയിക്കുകയും പ്രവർത്തിക്കുകയും ചെയ്ത മുൻമന്ത്രിക്കെതിരായി എനിക്കുമുമ്പ് സംസാരിച്ച ശ്രീ. മഞ്ഞളാംകുഴി അലി നടത്തിയ പരാമർശം പിൻവലിക്കണം. അത്തരം പരാമർശത്തോട് ഞാൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. അങ്ങയുടെ നേതാവായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെ നേരത്തെ നിങ്ങളുടെ പാർട്ടി ഇത്തരം തീരുമാനങ്ങളെടുത്ത് പാർലമെന്റിലേയ്ക്ക് അയച്ചതാണ്. ഈ ഘട്ടത്തിൽ ശ്രീ. ഷാഫി പറമ്പിലിനെ ഈ നിലയിലേയ്ക്ക് മത്സരിപ്പിക്കാനും അതിനുശേഷം ജയിച്ച് പാർലമെന്റിലേയ്ക്ക് അയയ്ക്കുന്ന സാഹചര്യമുണ്ടാക്കി. ഇതെല്ലാം നാട്ടുകടത്തലായിട്ടാണോ യു.ഡി.എഫ്.-ൽ ചിത്രീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാൻ അങ്ങ് തയ്യാറാകണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

വിശ്വാസികളും അവിശ്വാസികളും പരസ്പര ബഹുമാനത്തോടെയും സമാധാനത്തോടെയും കഴിയുന്ന ഒരു ബഹുസ്വര സമൂഹമാണ് നമ്മുടേത്.

വിശ്വാസത്തെയും ആചാരങ്ങളെയും സ്വാഗതം ചെയ്യുന്നു. അതിനാവശ്യമായ സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്. കാരണം സമൂഹത്തിൽ ഭൂരിഭാഗം വരുന്നവരെയും വിശ്വാസികളായി നമുക്ക് കാണാൻ സാധിക്കും. എന്നാൽ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നാം എതിർക്കേണ്ടതുമാണ്. നരബലിയും മൃഗബലിയും കൂടോത്രവും മറ്റും ഈ ആധുനിക സമൂഹത്തിൽ അപമാനകരമാണെന്ന് സൂചിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അന്ധവിശ്വാസത്തിൽ അഭിരമിക്കുന്നവരെ പൊതുസമൂഹം പുച്ഛിച്ചുതള്ളുമെന്നതിൽ യാതൊരു സംശയവുമില്ല. നിർഭാഗ്യവശാൽ പൊതുപ്രവർത്തകർക്കിടയിൽ ഇന്ന് ചർച്ചയായിട്ടുള്ള കൂടോത്ര വിവാദം പ്രബുദ്ധ കേരളത്തിനുതന്നെ നാണക്കേടാണെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. "കോൺഗ്രസ്സെന്നാൽ കൂടോത്രം, കൂടോത്രമെന്നാൽ കോൺഗ്രസ്" എന്നുള്ള നിലയിലേയ്ക്ക് മാറിയിരിക്കുകയാണ്. ശാസ്ത്രം ഇത്രയേറെ വളരുന്ന ഒരു ഘട്ടത്തിൽ വളർച്ചയില്ലാത്തവരായി കോൺഗ്രസ് മാറുന്നുവെന്നുള്ളതും പ്രത്യേകമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വിപ്ലവകരമായ പല തീരുമാനങ്ങളും നടപ്പിലാക്കാൻ കഴിഞ്ഞ ഗവൺമെന്റാണ്

ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഒരു സമയത്ത് പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങൾക്ക് അമ്പലത്തിൽ കയറാനോ അമ്പലങ്ങളിലെ വഴികളിലൂടെ നടക്കാനോ കഴിയാത്ത സാഹചര്യത്തെക്കുറിച്ച് ഞാനും നിങ്ങളുമെല്ലാം നന്നായി ചർച്ച ചെയ്തിട്ടുണ്ട്; പ്രസംഗിച്ചിട്ടുമുണ്ട്. എന്നാൽ ഈ കാലഘട്ടത്തിൽ ശ്രീകോവിലിന്റെ അകത്ത് അവരെ പ്രവേശിപ്പിക്കുന്നതിനും ശാന്തി നടത്തുന്നതിന് നിയമനം നടത്തുന്നതിനും സാഹചര്യമുണ്ടാക്കിയ ഇച്ഛാശക്തിയുള്ള ഗവൺമെന്റാണ് സഖാവ് പിണറായി വിജയന്റേതെന്ന് ഈ അവസരത്തിൽ എടുത്തുപറയുകയാണ്. സാധാരണ മനുഷ്യരുടെ സ്വപ്നങ്ങൾക്ക് നിറം പകർന്ന് യാഥാർത്ഥ്യമാക്കാൻ ഓരോ കുടുംബത്തിലെയും ഒരംഗമായി പ്രവർത്തിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന ക്ഷേമ വികസന പ്രവർത്തനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ ന്യൂനപക്ഷ വിഭാഗങ്ങളെ ഹൃദയത്തോട് ചേർത്തുപിടിക്കാൻ കഴിഞ്ഞ എട്ട് വർഷക്കാലമായി ഒന്നും രണ്ടും പിണറായി സർക്കാരിന് സാധിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ സാമ്പത്തികമായി വലിയ

പ്രതിസന്ധികളുണ്ടാകുന്നതിനുള്ള ക്രമീകരണമാണ് കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയത്. പണം നൽകാതെ കേരളത്തിനുമേൽ സാമ്പത്തികമായ ബാധ്യത അടിച്ചേൽപ്പിക്കുന്ന സാഹചര്യങ്ങൾ അതിജീവിക്കാൻ നമ്മുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പുതിയ ലോകക്രമത്തിൽ സാമൂഹ്യ-സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനാവശ്യമായ രീതിയിൽ വിദ്യാഭ്യാസവും നൈപുണ്യ വികസനവും തൊഴിലവസരവും നൽകി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകർ/തൊഴിൽ ദാതാക്കളാക്കി മാറ്റുന്നതിന് നിരവധി പദ്ധതികൾ ആവിഷ്കരിച്ചു. കേരള എംപവർമെന്റ് സൊസൈറ്റി നടപ്പിലാക്കി. പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും സമാനമേഖലകളിലെ വിദഗ്ധരുടെ മാർഗനിർദേശങ്ങൾ നൽകുന്നതിനുമായി 'സ്റ്റാർട്ടപ്പ് സിറ്റി' എന്ന പുതിയ പദ്ധതി നടപ്പിലാക്കുകയാണ്. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ഓണറേറിയം നൽകി തൊഴിൽ പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനുമായി സർക്കാർ സംവിധാനത്തിലെ വിവിധ വകുപ്പുകളിൽ നിയമിക്കുന്ന സാഹചര്യമുണ്ടായി.

രണ്ടുവർഷക്കാലയളവിൽ അവരുടെ പ്രവൃത്തിപരിചയം പുതുക്കുന്നതിനായി ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (ട്രേസ്) പദ്ധതി നടപ്പിലാക്കി. ഇതുവഴി നിരവധി യുവതീയുവാക്കൾക്ക് ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിയുന്ന സാഹചര്യമാണ് രൂപപ്പെട്ടത്. 250 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ, 400 പട്ടികജാതി വിദ്യാർത്ഥികൾ എന്നിവർക്ക് വിവിധ ആശുപത്രികളിൽ സേവനമനുഷ്ഠിക്കാൻ കഴിയുന്ന സാഹചര്യം രൂപപ്പെടുത്തി. 500 പേർ അക്രെഡിറ്റഡ് എഞ്ചിനീയർമാരായി സേവനം നടത്തുന്ന സാഹചര്യമുണ്ടായി. എം.എസ്.ഡബ്ല്യൂ. യോഗ്യതയുള്ള 114 പേർ സോഷ്യൽ വർക്കറായി ജോലി ചെയ്യുന്നു. മാനേജ്മെന്റ് ട്രെയിനികളായി പട്ടികജാതി, പട്ടികവർഗ്ഗ, തദ്ദേശഭരണ സ്ഥാപനങ്ങളിൽ 380 പേരെ നിയമിക്കുന്ന സാഹചര്യമുണ്ടായി. 2398-ലധികം എസ്.സി. പ്രൊമോട്ടർമാർ നമ്മുടെ നാട്ടിലുണ്ട്. ജ്വാല പദ്ധതി വഴി ഏതാണ്ട് 114 പേർക്ക് ഗവൺമെന്റ് പ്ലീഡറുടെ അസിസ്റ്റന്റുമാർ, സീനിയർ അഭിഭാഷകർ, സ്പെഷ്യൽ കോടതികൾ, ലീഗൽ സർവ്വീസസ് സൊസൈറ്റി എന്നിവയിൽ പരിശീലനം നൽകി തൊഴിൽ വൈദഗ്ധ്യം നേടാൻ പ്രാപ്തരാക്കി മാറ്റി ജ്വാല പദ്ധതിയെ സജീവമാക്കി മാറ്റുകയാണ്. ഐ.ഐ.ടി.,

ഐ.ഐ.എം.പോലെയുള്ള സ്ഥാപനങ്ങളിലേയ്ക്ക് മുൻകൂട്ടി ഫീസ് അടയ്ക്കാതെ ഫ്രീഷിപ്പ് കാർഡുകൾ ഏർപ്പെടുത്തുകയും പ്രവേശനം ആരംഭിക്കുകയും ചെയ്തു. സിവിൽ സർവ്വീസിലേയ്ക്ക് എത്തിക്കുന്നതിനായി നിരവധി പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി പ്രത്യേക പരിശീലനം നൽകി വരുന്നു. കഴിഞ്ഞ തവണ ടി വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്തപ്പോൾ  എന്റെ ജീവിതത്തെക്കുറിച്ച് ഞാൻ പരാമർശിച്ചിരുന്നു. ആ വകുപ്പ് ഓരോ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ കരുതലോടെ എങ്ങനെയാണ് കൊണ്ടുപോകുന്നുവെന്നതിനെക്കുറിച്ച് പരാമർശിച്ചിരുന്നു. ഈ കാലയളവിലും വിദ്യാഭ്യാസ രംഗത്ത് വലിയ മുന്നേറ്റം സൃഷ്ടിക്കാൻ ടി വകുപ്പിന് സാധിച്ചിട്ടുണ്ട്. ലോകത്തിന്റെ ഏത് കോണിലേയ്ക്കും കടന്നുചെല്ലാനും ഏതുനിലയിലുള്ള വിദ്യാഭ്യാസം സ്വായത്തമാക്കാനും കഴിയുന്ന നിലയിലേയ്ക്ക് മാറാൻ സാധിച്ചു. എല്ലാ നിലയിലുമുള്ള വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ചു. അതിന്റെ ഭാഗമായി 25,00,000 രൂപവരെ ധനസഹായം നൽകാനും 717-ലധികം പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിനുമുള്ള അവസരം ലഭ്യമാക്കുന്നതിനും

സാഹചര്യമുണ്ടായി. അവരുടെ സ്വപ്നങ്ങൾക്കാകെ ചിറകുവയ്ക്കുകയാണ്. ‘ Wings’ പദ്ധതിയിലൂടെ കൊമേഴ്സ്യൽ പൈലറ്റാകാൻ പരിശീലനം നൽകി 150 പേർക്ക് എയർപോർട്ട് എയർലൈനുകളിൽ ജോലി ലഭ്യമാക്കി, കേന്ദ്ര സർക്കാർ വല്ലാത്ത നിലയിലേയ്ക്ക് തകർക്കുമ്പോഴും ഉന്നതിയിലേയ്ക്കുള്ള നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ/ ഏറ്റെടുക്കാൻ നമുക്ക് സാധിക്കുന്നുണ്ട്. രണ്ടര ലക്ഷം രൂപയ്ക്കുമുകളിൽ വരുമാനമുള്ള പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് കേന്ദ്ര സർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നിഷേധിക്കുന്ന സാഹചര്യമുണ്ടായി. അതിനെതിരെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ആരും ഒരുവാക്കും മിണ്ടുന്നതായി കണ്ടില്ല. പക്ഷെ ബജറ്റിൽ തുക വകയിരുത്തി വരുമാന ഭേദമില്ലാതെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർഥികൾക്കും സ്കോളർഷിപ്പ് നൽകാൻ തീരുമാനിച്ച സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ്സുവരെയുള്ള പിന്നാക്ക വിദ്യാർഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കി. സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് പുനഃസ്ഥാപിക്കാൻ കഴിയുന്ന സാഹചര്യമാണ് നടപ്പിലാക്കിയിട്ടുള്ളത്.

ചെയർപേഴ്സൺ: പ്ലീസ്....... കൺക്ലൂഡ്

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, നവകേരള നിർമ്മിതിയിലേയ്ക്ക് ചുവടുവയ്ക്കുന്നതിനെ സംബന്ധിച്ചെല്ലാം ചർച്ച ചെയ്തു. നിരവധി വീടുകൾ നിലവിൽ പൂർത്തീകരിച്ച് കഴിഞ്ഞു. 1,40,121 വീടുകൾ 'ലൈഫ് 'ഭവന പദ്ധതി മുഖേനയും വകുപ്പിന്റെ വിഹിതവും (418 കോടിയിലധികം രൂപ) ചെലവഴിച്ചുകൊണ്ട് പൂർത്തിയാക്കുന്ന നിലയിലെത്തി. ‘ SAFE’ പദ്ധതിയിലൂടെ 17829 വീടുകൾ പുതുമോടിയിലേയ്ക്ക് മാറുന്ന സാഹചര്യമുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെ 'അബേദ്ക്കർ ഗ്രാമം പദ്ധതി'-യിലൂടെ നിരവധിയായ അടിസ്ഥാന സൗകര്യ വികസനങ്ങൾ ആ പ്രദേശങ്ങളിലുണ്ടായി. സ്വകാര്യവൽക്കരണ നയങ്ങളും ആഗോളവൽക്കരണ നയങ്ങളും കേന്ദ്ര ഗവൺമെന്റ് വല്ലാതെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ..........

ചെയർപേഴ്സൺ: കൺക്ലൂഡ് ചെയ്യൂ.....

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വകാര്യ മേഖലയിലും എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിലുമൊക്കെ സംവരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗൗരവമായി

ചിന്തിക്കണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. ഇന്ത്യൻ ജനസംഖ്യയുടെ 30%-ത്തിലധികം വരുന്ന പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ഇന്നും സമൂഹത്തിന്റെ പിൻനിരയിലാണ്. എന്നാൽ രാജ്യത്തിന്റെ പൊതുസ്ഥിതിയിൽനിന്നും ഏറെ മുന്നിലാണ് കേരളം. നിരവധി വിഷയങ്ങൾ പരിഹരിക്കുന്നതിനായി കഠിന പരിശ്രമത്തിൽ ഏർപ്പെടുന്ന വകുപ്പിനെയും ഗവൺമെന്റിനെയും പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥന ചർച്ചയെ പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു. വകുപ്പുമന്ത്രിയായി പുതിയതായി ചാർജ്ജെടുത്ത ശ്രീ. ഒ. ആർ. കേളുവിനെ ഈ അവസരത്തിൽ അഭിനന്ദിക്കുന്നതോടൊപ്പം നേരത്തെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ശ്രീ. മഞ്ഞളാംകുഴി അലി...., പട്ടികജാതി വകുപ്പ് വളരെ കാര്യക്ഷമതയോടെ നാടിനാകെ മാതൃകയായി പ്രവർത്തിച്ച മന്ത്രിയായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ സഖാവിനെ നാടുകടത്തിയെന്ന് പറഞ്ഞത് വളരെയേറെ ദയനീയമായി

തോന്നുന്നു. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും എം. പി.-മാരായി ജയിച്ചിട്ടുണ്ട്. ശ്രീ. കെ. രാധാകൃഷ്ണൻ സഖാവിനെ നാട് കൂടോത്രം ചെയ്ത് വിട്ടതല്ല, ജനങ്ങൾ വോട്ട് ചെയ്ത് വിജയിപ്പിച്ചാണ് അദ്ദേഹം എം.പി.-യായി പാർലമെന്റിലേയ്ക്ക് പോയത്.

നവകേരള നിർമ്മിതിക്കായി കാലത്തിനനുയോജ്യമായ നിരവധി വികസന പ്രവർത്തനങ്ങളുമായി മുന്നേറുകയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. മുഖ്യധാരയിൽനിന്നും വിവിധങ്ങളായ സാഹചര്യങ്ങളാൽ അകറ്റിനിർത്തപ്പെട്ടിട്ടും അവഗണനയും ഒറ്റപ്പെടുത്തലുകളും നേരിട്ട് ഒരു സമൂഹത്തെ ചേർത്തുപിടിച്ച നാളുകളാണ് കഴിഞ്ഞ എട്ട് വർഷത്തെയും ഭരണം. എല്ലാവർക്കും സ്വന്തമായി ഭൂമി എന്ന നയം സംസ്ഥാന സർക്കാർ നടപ്പിലാക്കിയതിന്റെ ഭാഗമായി പുനരധിവാസ പദ്ധതിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 55 വയസ്സിൽനിന്നും 70 വയസ്സാക്കി ഉയർത്തി. മാത്രമല്ല, വരുമാനപരിധി 50,000 രൂപയിൽനിന്നും 1,00,000 രൂപയാക്കി ഉയർത്തി. പട്ടികജാതിക്കാരിൽ ദുർബല വിഭാഗങ്ങളായ നായാടി, കള്ളാടി, ചക്ലിയർ, വേടർ തുടങ്ങിയവർക്ക് ഭൂമിയോടൊപ്പം പാർപ്പിടം

ഒരുക്കുന്നതിന് 7,50,000 രൂപവരെ നൽകുന്നു. തൊഴിൽ സംരംഭത്തിന് 5,00,000 രൂപവരെയും നൽകിവരുന്നുണ്ട്. പട്ടികജാതിക്കാരിൽപ്പെട്ട ദുർബലരായ ഈ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനയിൽ സവിശേഷ ശ്രദ്ധ നൽകിയാൽ മാത്രമേ ഇവരെ മുന്നോട്ടുകൊണ്ടുവരാൻ സാധിക്കുകയുള്ളൂവെന്ന നിലപാടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഇവർക്ക് ആനുകൂല്യം നൽകിവരുന്നത്. സ്വന്തം ഭൂമിയെന്നത് എല്ലാ അർത്ഥത്തിലും ഇപ്പോൾ സ്വന്തം ഭൂമിയായിത്തന്നെ മാറുകയാണ്. പുനരധിവാസ പദ്ധതിപ്രകാരം ലഭ്യമായ ഭൂമി സർക്കാർ അനുമതിയോടെ പണയപ്പെടുത്തിയുള്ള അനുപാതം ലഭ്യമാക്കിയിരിക്കുന്നുവെന്നതിനെ സംബന്ധിച്ചാണ് പറയുന്നത്. വീട് നിർമ്മിക്കുന്നതിനും കുടുംബാംഗങ്ങളെ ചികിത്സിക്കുന്നതിനും കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനും പെൺമക്കളെ വിവാഹം കഴിപ്പിക്കുന്നതിനുമെല്ലാം ബഹുഭൂരിപക്ഷം ആളുകൾ അവരുടെ ആധാരം പണയപ്പെടുത്തി തുക കണ്ടെത്താറുണ്ട്. അത്തരത്തിലുള്ള ഒരു സാധ്യത, തിരിച്ചടയ്ക്കൽ ശേഷിയുണ്ടായിട്ടും ന്യായമായ പലിശയ്ക്ക് വായ്പ ലഭിക്കാതെ വട്ടിപ്പലിശയും കൊള്ളപ്പലിശയും നൽകിവരുന്ന സാഹചര്യത്തിൽനിന്നും

പ്രമാണം പണയപ്പെടുത്തി സഹകരണ ബാങ്കുകളിൽനിന്നും ദേശസാത്കൃത ബാങ്കുകളിൽനിന്നും തുക കണ്ടെത്തുന്നതിനുള്ള സാധ്യതയാണ് ഇതിലൂടെ ഇവർക്ക് ലഭ്യമായിരിക്കുന്നത്.

യുവജനങ്ങളെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതാണ് 'ഉന്നതി' പദ്ധതി. ഇതിനായി സ്ഥാപിക്കപ്പെട്ട സംവിധാനമാണ് 'Kerala Empowerment Society'. പട്ടികജാതി വിഭാഗത്തിൽനിന്നുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള യുവജനങ്ങൾക്ക് സർക്കാർ സംവിധാനത്തിനുകീഴിൽ ഓണറേറിയത്തോടുകൂടി പരിശീലനം നൽകുന്ന നൂതന പദ്ധതിയായ ‘ The Training for Career Excellence (TRACE)' വലിയ പ്രതീക്ഷയാണ് നൽകുന്നത്. സിവിൽ എഞ്ചിനീയറിംഗ് ബിരുദമോ ഡിപ്ലോമയോ പാസ്സായ പ്രൊഫഷണൽ ബിരുദധാരികളായ 500 പട്ടികജാതി വിഭാഗക്കാരായ വിദ്യാർഥികൾക്കും യുവജനങ്ങൾക്കും എഞ്ചിനീയർമാരായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമനം നൽകിവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിലെ 500 പേർക്ക് പ്രത്യേക നിയമന നടപടികൾ സ്വീകരിച്ച് പി.എസ്.സി. വഴി ബീറ്റ് ഫോറസ്റ്റ്

ഓഫീസർമാരായി നിയമനം നൽകിവരുന്നു. ഇന്ത്യൻ ചരിത്രത്തിൽ ആദ്യമായി ഒരേസമയത്ത് തദ്ദേശവാസികളായ 500 പേർ സർക്കാരിന്റെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ നിയമനത്തിലൂടെയാണ് സർക്കാർ സർവീസിൽ പ്രവേശിച്ചത്. കാടിന്റെ ചലനങ്ങളെയും പ്രകൃതിയെയും അറിയുന്നവരെയും വനത്തിലെ മൃഗങ്ങളുടെ ഓരോ അനക്കവും മനസ്സിലാക്കുന്നവരെയുമാണ് വനത്തിന്റെ സംരക്ഷകരായി ഏൽപ്പിച്ചിരിക്കുന്നത്. കാടിന്റെ മക്കൾ കാടിന്റെ സംരക്ഷകരായി മാറുന്ന കാഴ്ചയാണ് ഈ നടപടികളിലൂടെ നാം സാക്ഷ്യം വഹിച്ചത്. രണ്ടര ലക്ഷം രൂപയ്ക്കുമേൽ വരുമാനമുള്ള പട്ടികജാതി വിദ്യാർഥികൾക്ക് കേന്ദ്ര സർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നിഷേധിച്ചപ്പോൾ തുക വകയിരുത്തി വരുമാന ഭേദമില്ലാതെ എല്ലാ പട്ടികജാതി വിദ്യാർഥികൾക്കും സ്കോളർഷിപ്പ് നൽകുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. IIM, IIT എന്നീ സ്ഥാപനങ്ങളിലും NIFT ഉൾപ്പെടെയുള്ള സ്വയംഭരണ സ്ഥാപനങ്ങളിലും CA, ICWAI, Company Secretary (CS) തുടങ്ങിയ കോഴ്സുകൾക്കും സ്വകാര്യ സർവകലാശാലകളിലും വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങളിലും സംസ്ഥാനത്തിന് പുറത്ത് പഠനം

നടത്തുന്നവർക്കും സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചു. കണ്ണൂരിലെ ആലക്കോട് സ്വദേശിയായ ഗോപിക ഗോവിന്ദൻ കേരളത്തിലെ പട്ടികവർഗ്ഗത്തിൽനിന്നുള്ള ആദ്യത്തെ എയർഹോസ്റ്റസായി എന്ന നേട്ടവും സ്വന്തമാക്കി. തളിപ്പറമ്പ് സ്വദേശിയായ സങ്കീർത്തന ദിനേശ് കൊമേഴ്സ്യൽ പൈലറ്റായി ലൈസൻസ് നേടിയ ആദ്യ പട്ടികജാതി യുവതിയാണ്. രണ്ടുപേർക്കും ഈ നേട്ടം സ്വന്തമാക്കുവാൻ സഹായകമായത് സംസ്ഥാന  പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന 'Wings' എന്ന പദ്ധതിയിലൂടെയാണ്. ഇത്തരം തൊഴിൽ സാദ്ധ്യതകൾ തങ്ങളുടെ കൂടെയുള്ളതാണെന്ന ധൈര്യം പകരുവാൻ പട്ടികജാതി വിഭാഗത്തിലെ യുവാക്കളെയും യുവതികളെയും പ്രാപ്തരാക്കിയ പദ്ധതിയാണിത്. ഏറെ എടുത്തുപറയേണ്ട കാര്യം, മാതാപിതാക്കൾ നഷ്ടപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് 'കൈത്താങ്ങ്' പദ്ധതിയിലൂടെ പ്രതിമാസ ധനസഹായം 2,000 രൂപയായി വർദ്ധിപ്പിച്ചു. പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 1,25,000 രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 1,50,000

രൂപയായും ഉയർത്തി. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ രാവിനെ പകലാക്കി അധ്വാനിക്കുന്നവർക്ക് ഇത് നൽകുന്ന ആശ്വാസം വളരെ വലുതാണ്.

'അംബേദ്ക്കർ ഗ്രാമം പദ്ധതി' സമഗ്രമായി പരിഷ്കരിച്ചു. 'അംബേദ്ക്കർ ഗ്രാമം പദ്ധതി'-യിലൂടെ എന്റെ നിയോജകമണ്ഡലത്തിൽ ഈ ഗവൺമെന്റ് മൂന്നുവർഷംകൊണ്ട് ആറ് വികസന പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചുവെന്നുള്ളത് അഭിനന്ദനാർഹമാണ്. 25 കുടുംബങ്ങൾ താമസിക്കുന്ന മേഖലകളെ പദ്ധതിയിലുൾപ്പെടുത്തി വ്യക്തിഗതാനുകൂല്യ പ്രവർത്തികൾ ഏജൻസികൾക്കുപകരം ഗുണഭോക്താക്കൾക്കുതന്നെ നൽകുവാൻ കഴിയുന്ന രീതിയിലാണ് പരിഷ്കരിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പ് ഉൾപ്പെടെയുള്ള നിരവധി ഏജൻസികളെ നടത്തിപ്പിനായി ചുമതലപ്പെടുത്തി. വീടുകളുടെ പുനരുദ്ധാരണ സഹായ പദ്ധതി ഒന്നര ലക്ഷം രൂപയിൽനിന്നും രണ്ടുലക്ഷമായി വർദ്ധിപ്പിച്ചു. പ്രദേശത്തെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി നടത്തിപ്പ് സുഗമമാക്കാനും മുൻവർഷങ്ങളിൽ പൂർത്തീകരിക്കാതെ പോയ 380-ലേറെ പദ്ധതികൾ പൂർത്തീകരിക്കാനും സാധിച്ചത് ഏറെ അഭിനന്ദനാർഹമാണ്. ഇതിന് മുൻകൈ എടുത്തവരെ പ്രത്യേകം

അഭിനന്ദിക്കുവാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പട്ടികജാതി വിദ്യാർഥികൾക്കായുള്ള പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി നവീകരിക്കുന്നതിന് ശ്രദ്ധ കാണിച്ചതും വളരെ അഭിനന്ദനാർഹമാണ്. എല്ലാ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും ഇന്റർനെറ്റ് സൗകര്യങ്ങളേർപ്പെടുത്തി. മാറുന്ന കാലത്തിനനുസരിച്ച് എല്ലാ മേഖലകളിലും മുന്നേറുന്നതിനും അറിവ് നൽകുന്നതുമായ വിധത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഹോസ്റ്റലുകളിലും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും മെസ് അലവൻസ് വർദ്ധിപ്പിച്ചു. പഠന കാര്യങ്ങളിൽ സഹായിക്കുന്നതിന് പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ റെസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചു. വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി എന്നിവയുടെ നിലവിലുള്ള നിരക്കിന്റെ ഇരുപത് ശതമാനം വർദ്ധിപ്പിക്കുകയും വിദ്യാർഥികൾക്കായുള്ള സ്പെഷ്യൽ ഇൻസെന്റീവ് വർദ്ധിപ്പിക്കുകയും ചെയ്തു. ഗവേഷണ വിദ്യാർഥികൾക്കുള്ള അപേക്ഷ പ്രായപരിധി ഉയർത്തി, സർക്കാർ ധനസഹായത്തോടെ 563 പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശത്തുപോയി

പഠിക്കുന്നതിന് സാധിച്ചു. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നു. സാമൂഹികവും ചരിത്രപരവുമായ സാഹചര്യങ്ങളാൽ പിന്തള്ളപ്പെട്ടിരിക്കുന്ന, അധ:കൃതരെന്ന് മുദ്രകുത്തി മാറ്റിനിർത്തിയിരിക്കുന്ന, ഒരു ജനതയെ പൊതുസമൂഹത്തിനോടൊപ്പം അഭിമാനകരമായ നേട്ടങ്ങൾ നൽകുന്ന ആത്മവിശ്വാസത്തോടുകൂടി തലയുയർത്തിപ്പിടിച്ച് നിൽക്കുന്ന അവകാശബോധവും ആത്മവിശ്വാസവുമുള്ളവരായി ജീവിക്കുവാൻ പ്രാപ്തി നൽകുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച് മാതൃകാപരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എല്ലാ പദ്ധതികൾക്കും അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ആദ്യമായി വകുപ്പിന്റെ ചുമതലയിലേക്കുവന്ന ശ്രീ. ഒ. ആർ. കേളു അവർകളെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. അതേസമയം പട്ടികജാതി വിഭാഗത്തിൽനിന്നും ഒരു മന്ത്രിയില്ലാത്ത ആദ്യത്തെ മന്ത്രിസഭയാണിത്. കേരളത്തിലെ പട്ടികജാതി വിഭാഗക്കാർ വലിയ

പ്രതിഷേധമാണ് ഇക്കാര്യത്തിലുയർത്തുന്നത്. ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ ശ്രീ. എ. പി. അനിൽ കുമാർ പട്ടികജാതി വിഭാഗത്തിൽനിന്നും ശ്രീമതി പി. കെ. ജയലക്ഷ്മി പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും മന്ത്രിമാരായിട്ടുണ്ടായിരുന്നു. എൽ.ഡി.എഫ്.-ൽ ഓരോ എം.എൽ.എ.-മാരുള്ള വിവിധ പാർട്ടികളുണ്ട്. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ശ്രീ. കെ. ബി. ഗണേഷ് കുമാർ, ശ്രീ. അഹമ്മദ് ദേവർകോവിൽ, ശ്രീ. ആന്റണി രാജു ഇവരെയെല്ലാം എൽ.ഡി.എഫ്. മന്ത്രിമാരാക്കി. ശ്രീ. കോവൂർ കുഞ്ഞുമോൻ 25 വർഷത്തിലധികമായി എം.എൽ.എ. ആണ്. അദ്ദേഹത്തിന്റെ പാർട്ടിക്കും ഒരു എം.എൽ.എ. മാത്രമേ ഉള്ളൂ. ശ്രീ. കോവൂർ കുഞ്ഞുമോന് മന്ത്രിയാകാനുള്ള അയിത്തം എന്താണ്; ശ്രീ. കോവൂർ കുഞ്ഞുമോനെ അവഗണിച്ചാലും അദ്ദേഹത്തിന്റെ പാർട്ടി എന്താണെന്ന് അറിയാമല്ലോ; പ്രസംഗിക്കുമ്പോൾ തടസ്സപ്പെടുത്തുന്നത് ശരിയല്ല. കോവൂർ കുഞ്ഞുമോന്റെ പാർട്ടിയുടെ പേര് RSP (Leninist) എന്നാണ്. ശ്രീ. കുഞ്ഞുമോനെ അവഗണിച്ചാലും ലെനിനെ അവഗണിക്കാൻ പാടുണ്ടോ; കേരളത്തിൽ നിലവിലുള്ള ഏക ലെനിനിസ്റ്റ് പാർട്ടിയാണ് RSP. ആ പാർട്ടിയുടെ എം.എൽ.എ. സഭയിലുണ്ടായിട്ടുപോലും ആ പാർട്ടിക്ക്

മന്ത്രിസഭയിൽ പ്രവേശനം കൊടുത്തില്ല. ചരിത്രത്തിലാദ്യമായി SCSP&TSP ഫണ്ട് കുറയുകയാണ്. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ TSP രണ്ടുശതമാനമായിരുന്നത് മൂന്ന് ശതമാനമാക്കി ഉയർത്തി. ഇപ്പോഴോ; ചുരുക്കി മൂന്ന് കാര്യം പറയാം. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി, തൊഴിൽ, വികസനത്തിന്റെ വിഹിതം ഇത് മൂന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറയുകയാണ്. ഭൂമിയെന്ന് പറയുമ്പോൾ, ഫ്ലാറ്റുകൾ വന്നു. ഫ്ലാറ്റുകൾ വരുമ്പോഴുള്ള പ്രശ്നമെന്താണ്; പണ്ട് പത്ത് സെന്റ് ഭൂമിയെന്നത് മൂന്ന് സെന്റായി. ഫ്ലാറ്റാകുമ്പോൾ കേരളത്തിന്റെ പട്ടികജാതിക്കാരന്റെ ഭൂമിയെന്ന അവകാശത്തെ ആത്യന്തികമായി റദ്ദ് ചെയ്യുകയാണ് ചെയ്യുന്നത്. വീടായിരിക്കുമ്പോൾ കുടുംബം വലുതാകുന്നതനുസരിച്ച് വീട് വികസിപ്പിക്കാൻ സാധിക്കും. ഫ്ലാറ്റ് ആ സാധ്യതയെ ഇല്ലാതാക്കുന്ന കാര്യമാണ്. അവരുടെ ഭൂമി എന്നുപറയുന്ന അവകാശംതന്നെ ഈ സംവിധാനത്തിൽക്കൂടി ഇല്ലാതാകുകയാണ്. തൊഴിലെല്ലാം പിൻവാതിൽവഴി നിയമിക്കുന്നതുകൊണ്ട് ഭരണഘടനാപരമായ സംവരണം അവിടെ നിഷേധിക്കുകയാണ്. ഞാൻ മലയാള മനോരമയുടെ

വാർത്ത വായിച്ചു, ആരോഗ്യ വകുപ്പിൽ പതിനായിരം പേരെ നിയമിച്ചപ്പോൾ ഒരാളെയാണ് എംപ്ലോയ്മെന്റ് എക്ചേഞ്ച് നിയമിച്ചത്. പട്ടികജാതിക്കാരന് തൊഴിലെന്ന അവകാശത്തെ ഇല്ലാതാക്കുകയാണ്. വികസനത്തിന്റെ വിഹിതത്തെക്കുറിച്ച് പ്രതിപക്ഷനേതാവ് എപ്പോഴും പറയുന്നതാണ്. പ്ലാൻ വഴിയാണെങ്കിൽ പത്തുശതമാനം പട്ടികജാതിക്കാർക്കും മൂന്ന് ശതമാനം പട്ടികവർഗ്ഗത്തിനും ലഭിക്കും. അത് പ്രോജക്ടാകുമ്പോൾ ഇല്ലാതാകുകയാണ് ചെയ്യുന്നത്. കിഫ്ബി വന്നപ്പോൾ പ്ലാനിൽനിന്ന് പ്രോജക്ടിലേക്ക് സർക്കാരിന്റെ കോൺസെൻട്രേഷൻ മാറിയതോടുകൂടി നഷ്ടം സംഭവിച്ചത് കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കാണ്. ഭൂമി, തൊഴിൽ, വികസനത്തിന്റെ വിഹിതം എന്നീ മൂന്ന് കാര്യത്തിലും പട്ടികജാതി/പട്ടികവർഗ്ഗക്കാരെ വളരെ സിസ്റ്റമാറ്റിക്കായി കബളിപ്പിച്ച ഒരു ഗവൺമെന്റാണ് ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റെന്ന് പറയാൻ സാധിക്കും. അതുപോലെ ഇവർക്ക് ഭൂമി വാങ്ങുന്നതിന് നൽകുന്ന തുക ഉപയോഗിച്ച് പാടം, വയൽ തുടങ്ങിയ ഉപയോഗശൂന്യമായ സ്ഥലങ്ങളാണ് വാങ്ങുന്നത്. അവർക്ക് അന്തസ്സായി താമസിക്കാനുള്ള അവകാശം

ഇത്രയുംകാലമായി നൽകാൻ സാധിക്കുന്നില്ല. അതുപോലെ വീട് വയ്ക്കുന്നതിന് നൽകുന്നത് നാലുലക്ഷം രൂപ മാത്രമാണ്. എന്നാൽ വെയിറ്റിംഗ് ഷെഡിന് നൽകുന്നത് 5 ലക്ഷം രൂപയാണ്. തിരുവനന്തപുരം നഗരത്തിൽ ഒരു പശുത്തൊഴുത്ത് പണിഞ്ഞതിന് 40 ലക്ഷം രൂപയാണ് ചെലവായത്. പട്ടികജാതിക്കാരന്റെ വീടിന് നൽകുന്നത് 4 ലക്ഷം രൂപയാണ്. മാറ്റം വരണ്ടേ; വെറുതെ പ്രസംഗിച്ചാൽ മാത്രം മതിയോ; അവർക്ക് നൽകുന്ന വീടിന്റെ പേര് മാറ്റുന്നത് നല്ലതാണ്. പ്രസംഗിക്കുമ്പോൾപ്പോലും അതിനുപകരം ഏത് പേര് പറയണമെന്ന് അറിയില്ല. പകരമൊരു പേര് ഇതുവരെ പറഞ്ഞിട്ടില്ല. ഉന്നതി, നഗർ എന്നൊക്കെ പറയുന്നതല്ലാതെ ഈ മേഖലയിലുള്ള അവഗണനകൊണ്ട് മറുവശത്ത് പേര് പറയുന്നതുമില്ല. ഇതിന്റെ നവീകരണത്തിനുവേണ്ടി എം.എൽ.എ.-മാരുടെ വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപയാണ് ലഭിക്കുന്നത്. അത് ഒന്നിനും തികയില്ല. കോളനികൾ അല്ലെങ്കിൽ പകരം പറയുന്ന ഉന്നതിയോ, നഗറോ, പ്രകൃതിയോ..., ഈ സങ്കേതങ്ങളുടെ നവീകരണമല്ല, അതിന്റെ അപനിർമ്മാണമാണ് വേണ്ടത്. അതിനുവേണ്ടി പുതിയ സംരംഭങ്ങൾ തുടങ്ങണം. അവിടെ പുതിയ സാദ്ധ്യതകളുണ്ടാക്കണം.

അടിമുടി അത് നവീകരിക്കണം, അപനിർമ്മിക്കണം. അതിനുവേണ്ടിയുള്ള നടപടിയുണ്ടാകുമോ; ഇവരുടെ ഫണ്ട് വകമാറ്റി ചെലവഴിച്ച് അതില്ലാതാക്കുന്നു, അതിൽ അഴിമതി നടത്തുന്നു. അത് തടയാൻവേണ്ടി എസ്.സി./എസ്.ടി. ഫണ്ട് ദുരുപയോഗം തടയുന്ന നിയമം കേരള നിയമസഭ പാസ്സാക്കണമെന്നും ശ്രീ. ഐ. സി. ബാലകൃഷ്ണൻ സൂചിപ്പിച്ചു. ഇ-ഗ്രാന്റ്സിന്റെ കാര്യത്തെക്കുറിച്ചും എല്ലാ അംഗങ്ങളും സൂചിപ്പിച്ചു. രണ്ടുവർഷമായി പാവപ്പെട്ട കുട്ടികൾക്ക് ഇ-ഗ്രാന്റ്സ് നിഷേധിക്കുകയാണ്. ആഗസ്റ്റ്, ഡിസംബർ, മാർച്ച് മാസങ്ങളിൽ മൂന്ന് തവണകളായി കൊടുത്തുകൊണ്ടിരുന്നതാണ്. അത് ഒറ്റത്തവണയാക്കാൻ സർക്കാർ തീരുമാനിച്ചു. രണ്ടുവർഷമായി അത് കിട്ടുന്നില്ല. പല കുട്ടികൾക്കും പഠനം മതിയാക്കി പോകേണ്ട സാഹചര്യം ഈ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. അതിനൊരു പരിഹാരമുണ്ടാകണ്ടേ; ഇ-ഗ്രാന്റ്സ് കൃത്യമായി കൊടുക്കണ്ടേ; അതുപോലെ മാധ്യമത്തിൽ വന്ന വാർത്ത, ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചെലവിട്ടത് പതിനാല് ശതമാനം ഫണ്ട് മാത്രമാണെന്നാണ്. ഒരു രൂപപോലും ചെലവഴിക്കാത്ത കാര്യങ്ങളുമുണ്ടെന്ന് സൂചിപ്പിച്ചു. കേന്ദ്ര സർക്കാരാണെങ്കിൽ മൗലാനാ ആസാദ് ഫെലോഷിപ്പ് ഇല്ലാതാക്കി, എന്നാൽ

കൊടുത്തുകൊണ്ടിരുന്നത് നിലനിർത്തുമെന്ന് പറഞ്ഞു, അതും മാസങ്ങളായി കുടിശ്ശികയാണ്. ശ്രീ. നരേന്ദ്രമോദിയുടെ സർക്കാരും ഈ സർക്കാരും ഇക്കാര്യത്തിലെല്ലാംതന്നെ ഒരേ സമീപനമാണ്. ക്രൈസ്തവമേഖലയിലെ പിന്നാക്കാവസ്ഥ പരിഹരിക്കാൻവേണ്ടി സർക്കാർ ജസ്റ്റിസ് ബെഞ്ചമിൻ കോശി കമ്മീഷനെ നിയോഗിച്ചു. ഈ കമ്മീഷൻ റിപ്പോർട്ട് കൊടുത്തിട്ട് പതിമൂന്ന് മാസമായി. റിപ്പോർട്ട് എന്താണെന്നറിയണ്ടേ; ആ റിപ്പോർട്ട് പുറത്തുവിടുന്നില്ല, അതിന്മേൽ തീരുമാനങ്ങളെടുക്കുന്നില്ല. അതിന്റെ വിശദാംശങ്ങൾ ചോദിച്ച് വകുപ്പുകൾക്ക് കത്തയച്ചിരിക്കുന്നു എന്നൊക്കെയുള്ള മറുപടിയാണ് ലഭിച്ചിരിക്കുന്നത്. ഒരു കാര്യംകൂടി സൂചിപ്പിക്കാം. കഴിഞ്ഞ ദിവസം ഒരു ബില്ലിന്റെ ചർച്ചാവേളയിൽ ഡോ. കെ. ടി. ജലീൽ സംസാരിച്ചപ്പോൾ, 'ഞാൻ CAA-ക്കെതിരെ, ബി.ജെ.പി.-ക്കെതിരെ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോയെന്ന് ചോദിച്ചു.' ഞങ്ങളുടെ എല്ലാപേരുടെയും ഫേസ്ബുക്കുകളിൽ ഇക്കാര്യങ്ങളുണ്ട്. പക്ഷേ ഒരു കാര്യം മാത്രം പറയാം, CAA-ക്കെതിരെ ഞാൻ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നാണ് അദ്ദേഹം ചോദിച്ചത്. എന്റെ ഫേസ് ബുക്കിൽ, CAA സമരകാലത്ത് ഞാനിട്ടൊരു

പോസ്റ്റാണ്. 'പ്രതിഷേധങ്ങൾ അവസാനിക്കുന്നില്ല, വരും ദിവസങ്ങളിൽ പങ്കെടുക്കുന്ന CAA വിരുദ്ധ പരിപാടികളിൽ കഴിയുന്നിടത്തെല്ലാം ഒരുമിച്ചുകാണാം. ജനുവരി 6- ആലത്തൂർ, ശ്രീമതി രമ്യ ഹരിദാസ് നയിക്കുന്ന ലോംഗ് മാർച്ചിന്റെ സമാപന സമ്മേളനം. ജനുവരി 7 - കോതമംഗലം ശ്രീ. ഡീൻ കുര്യാക്കോസ് എം.പി. നയിക്കുന്ന ലോംഗ് മാർച്ച്. ജനുവരി 8 - കരിമ്പം, കോങ്ങാട്, പാലക്കാട്. ജനുവരി 9 - 4 പി.എം. മലപ്പുറം കെ.എസ്.യു. സ്റ്റുഡന്റ്സ് വാക്കൗട്ട്, 6 പി.എം. തറയിട്ടാൽ, മലപ്പുറം പൗരത്വഭേദഗതി നിയമത്തിനെതിരായ ആസാദി പ്രൊട്ടസ്റ്റ്, 7 പി. എം. അരീക്കോട് പൗരത്വ ഭേദഗതി നിയമത്തിനെതിരെ നൈറ്റ് ഓഫ് ഫൈറ്റ്. ജനുവരി 10 – പൗരത്വ ഭേഗതിക്കെതിരെ തെങ്ങണ- ചങ്ങനാശ്ശേരി. ജനുവരി 11 – പൗരത്വ ഭേദഗതി നിയമത്തിനെതിരെ ചെങ്ങന്നൂർ. ജനുവരി - 16 പൗരത്വ ഭേദഗതി നിയമത്തിനെതിരെ ചാവക്കാട്. ജനുവരി 20 – പൗരത്വ ഭേദഗതിക്കെതിരെ തേവലക്കര.' ഇതിനെതിരെ ഇങ്ങനെ നടന്ന് പ്രസംഗിച്ച ഒരാൾ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നൊക്കെ ചോദിച്ചാൽ, അദ്ദേഹത്തിന്റെ അവസരത്തിൽ ഇത് തിരിച്ചുചോദിക്കുമ്പോൾ അത് ക്ഷീണമാകില്ലേ എന്നെങ്കിലും

ചിന്തിക്കണ്ടേ; അതുപോലും ചിന്തിക്കാതെ ഇങ്ങനെയൊക്കെ പറയുക എന്നുപറഞ്ഞാൽ ശരിയല്ല. അതുപോലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നിലവിലുള്ള പ്രി-മെട്രിക് ഹോസ്റ്റലുകളുടെ ആകെ കപ്പാസിറ്റി 13,000 ആണ്. അതൊരു 25,000 ആയെങ്കിലും വർദ്ധിപ്പിക്കണം. അതുപോലെ കൂടുതൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ സംരംഭങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന വരുമാന പരിധി എടുത്തുകളയണം. അവിടെനിന്നും കൂടുതൽ സംരംഭകരുണ്ടാകണം. നേരത്തെ സൂചിപ്പിച്ചതുപോലെ, ഉന്നതി, പ്രകൃതി എന്നീ സർക്കാർ തീരുമാനിക്കുന്ന എന്തെങ്കിലും സാധ്യതയാകട്ടെ, അവിടെനിന്നും സംരംഭകരുണ്ടാകണ്ടേ; അതിന് സാദ്ധ്യതയുള്ള ഒരു മേഖലയിൽ അവിടെമാത്രം വരുമാനപരിധിയൊന്നും വയ്ക്കരുത്. ..........

ചെയർപേഴ്സൺ: കൺക്ലൂഡ് ചെയ്യൂ.....

ശ്രീ. പി. സി. വിഷ്ണുനാഥ്: വ്യവസായം, കച്ചവടം, സ്റ്റാർട്ടപ്പ് എന്നിവയൊക്കെ ചെയ്യാൻ എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തരത്തിലേയ്ക്ക് വരുമാനപരിധി എടുത്തുകളയണമെന്നുകൂടി

ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ കോഴ്സ് കഴിഞ്ഞ എസ്.സി./എസ്.ടി കുട്ടികൾക്ക് തൊഴിൽ സ്ഥാപനങ്ങൾ ഉപാധികളില്ലാതെ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം സർക്കാർ നൽകുന്നതിനെക്കുറിച്ചുകൂടി ആലോചിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ മേഖലയിൽ ധാരാളം കാര്യങ്ങൾ, ഒരുദിവസം മുഴുവൻ പറഞ്ഞാലും തീരാത്തത്ര പ്രശ്നങ്ങൾ എസ്.സി./എസ്.ടി മേഖലയിലുണ്ട്. അതെല്ലാം പരിഹരിക്കാൻ ശ്രീ. ഒ. ആർ. കേളുവിന് കഴിയട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

<u>ശ്രീ. കെ. എം. സച്ചിൻ ദേവ്</u>: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ ദിവസമാണ് ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റും കണ്ണൂർ പാർലമെന്റ് എം.പി.-യുമായ ശ്രീ. കെ. സുധാകരന്റെ വീട്ടുവളപ്പിൽനിന്നും കൂടോത്രവുമായി ബന്ധപ്പെട്ട ചില സാമഗ്രികൾ കണ്ടെത്തിയെന്നുള്ള വാർത്ത വായിക്കാൻ ഇടയായത്. സ്വാഭാവികമായും ഭൗതികവാദത്തിൽ വിശ്വസിക്കുന്നവരൊന്നും അതുമായി ബന്ധപ്പെട്ട് ആഴത്തിൽ വിശകലനം ചെയ്യാനോ പഠിക്കാനോ സന്നദ്ധമാകില്ല. എന്നാൽ

ഇന്നലെ ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ വാഹനം കാസർഗോഡ് എവിടെയോ വച്ച് അപകടത്തിൽപ്പെട്ടുവെന്നുള്ള വാർത്തയും വായിക്കാൻ ഇടയായി. ഞങ്ങളൊക്കെ ഭൗതികവാദികളും വൈരുദ്ധ്യാത്മക ഭൗതികവാദം പഠിക്കുന്നവരുമൊക്കെ ആയതുകൊണ്ടുതന്നെ ഇത് രണ്ടും ഒരു കാരണവശാലും ചേർത്ത് വായിക്കില്ല. പക്ഷേ, ഇനി അങ്ങനെ ആരെങ്കിലും വായിച്ചിട്ടുണ്ടെങ്കിൽ അവരെ കുറ്റംപറയാനും കഴിയുകയില്ലെന്നുള്ളതാണ് സമീപ ദിവസങ്ങളിലെ രണ്ട് വാർത്തകളിലൂടെ കാണാൻ കഴിയുന്നത്. ഇവിടെ ബഹുമാന്യനായ ശ്രീ. പി. സി. വിഷ്ണുനാഥിന്റെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു. പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ വലിയ ചില നിരീക്ഷണങ്ങൾ ഇവിടെ പ്രതിപാദിക്കുകയാണ്ടായി. 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റിന്റെ മുന്നിലുണ്ടായിരുന്ന വളരെ പ്രധാനപ്പെട്ട പദ്ധതിയിലൊന്നായിരുന്നു ഭൂമിയില്ലാത്ത സാധാരണ, അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കുക എന്നുള്ളത്. ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുക എന്നുള്ള വളരെ പ്രധാനപ്പെട്ട കേരളത്തിന്റെ മുന്നിലെ ആവശ്യം യാഥാർത്ഥ്യമാക്കാൻ വേണ്ടി ഭൂപരിഷ്കരണ നിയമം

നടപ്പിലാക്കിയ കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അട്ടിമറിക്കാനുള്ള വിമോചന സമരം നടത്തിയവരുടെ കൂട്ടത്തിലുള്ളവരാണ് ഇന്ന് ഈ അടിസ്ഥാന ജനവിഭാഗത്തിന്റെ ഭൂമി പ്രശ്നത്തെ സംബന്ധിച്ച് ഇവിടെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള പ്രസംഗം നടത്തുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥിന്റെ പ്രസംഗത്തിൽത്തന്നെ സൂചിപ്പിക്കുന്നുണ്ട്; കേരളത്തിൽ ഐതിഹാസികമായൊരു ഭൂസമരംനടന്നത് വയനാട് ജില്ലയിലെ മുത്തങ്ങയിലാണ്. ആ ഭൂസമരത്തിന്റെ ഭാഗമായി നിരവധി ആദിവാസി വിഭാഗത്തിൽപ്പെട്ട സാധാരണക്കാർ/പാവപ്പെട്ടവർ ആ സമരത്തിന്റെ ഭാഗമായി. ആ സമരത്തെ എങ്ങനെയാണ് കേരളത്തിലെ കോൺഗ്രസ്സ് ഗവൺമെന്റ് നേരിട്ടതെന്നതിന്റെ അനുഭവം കേരള ചരിത്രത്തിന്റെ ഭാഗമായിട്ടുണ്ട്. അതിനെല്ലാം നേതൃത്വം കൊടുത്ത വലതുപക്ഷ രാഷ്ട്രീയത്തിന്റേയും കോൺഗ്രസ്സിന്റെയും ഏറ്റവും ഉത്തരവാദപ്പെട്ടവർ തന്നെയാണ് ഈ കേരളത്തിൽ പാവപ്പെട്ടവന്റെ ഭൂപ്രശ്നത്തെ സംബന്ധിച്ച് തെറ്റിദ്ധാരണ പരത്തുന്ന വിധത്തിൽ ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലിയുടെ പ്രസംഗവും ഞാൻ ശ്രദ്ധിച്ചു. നേരത്തെ നമ്മുടെ

ഗവൺമെന്റിലെ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. കെ. രാധാകൃഷ്ണനെ നാടുകടത്തിയെന്നാണ് അദ്ദേഹം പരാമർശിച്ചിട്ടുള്ളത്. ഇവിടെ നേരത്തെ പല അംഗങ്ങളും സൂചിപ്പിച്ചു. ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് 2019-ലെ ലോക് സഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ച ആളാണ്. അദ്ദേഹത്തെ നാട് കടത്തിയെന്ന നിലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒരു പ്രവർത്തകനും അങ്ങനെയൊരു പ്രയോഗം നടത്തിയിട്ടില്ല. അതിനുശേഷം ഈ തിരഞ്ഞെടുപ്പിലാണല്ലോ പാലക്കാട് നിന്നുള്ള നിയമസഭാ അംഗം ശ്രീ. ഷാഫി പറമ്പിൽ ലോക് സഭയിലേക്ക് മത്സരിച്ചത്. അദ്ദേഹത്തെ നിയമസഭയിൽനിന്ന് ലോക് സഭയിലേക്ക് നാടുകടത്തി എന്ന പ്രയോഗവും ഞങ്ങളാരും ഉന്നയിക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ജനാധിപത്യ പ്രക്രിയ അങ്ങേയറ്റം മഹത്തരമായ പ്രക്രിയയാണ്. ആ മഹത്തായ ജനാധിപത്യ പ്രക്രിയയിലൂടെയാണ് ഓരോ നിയമനിർമ്മാണ സഭകളിലേയ്ക്കും ജനാധിപത്യ വേദികളിലേക്കും ഒരാൾ തിരഞ്ഞെടുക്കപ്പെടുന്നത്. അത് ഏറ്റവും സവിശേഷകരവും അതോടൊപ്പംതന്നെ ജനങ്ങളുടെ അവകാശമുപയോഗപ്പെടുത്തി നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രക്രിയയുമാണ്. അതിനെ അതർഹിക്കുന്ന ബഹുമാനത്തോടുകൂടി നമ്മൾ

അംഗീകരിക്കേണ്ടേ? എന്നാൽ ഇവിടെ ബഹുമാനപ്പെട്ട മുസ്ലീം ലീഗിന്റെ നേതാവ് സൂചിപ്പിക്കുകയുണ്ടായത് നാട് കടത്തി എന്നുള്ളതാണ്. ജനാധിപത്യ വ്യവസ്ഥയോടും അതുൾക്കൊള്ളുന്ന മൂല്യങ്ങളോടുമുള്ള നിഷേധാത്മക സമീപനമാണ് അദ്ദേഹത്തിന്റെ വാക്കുകളിലൂടെ ഈ നിയമസഭയിൽ പ്രതിധ്വനിച്ചിട്ടുള്ളതെന്ന് പറയാതെ നിർവ്വാഹമില്ല. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ ജനവിഭാഗങ്ങൾക്ക് ക്ഷേമകരമായ പ്രവർത്തനങ്ങളേറ്റെടുത്ത് മുന്നോട്ട് വരികയാണ്. ഏറ്റവും അടിസ്ഥാന ജനവിഭാഗമെന്നുള്ള നിലയിൽ അവരുടെ ഉന്നതിക്ക് പരമപ്രധാനമായി വേണ്ടത് മികവാർന്ന വിദ്യാഭ്യാസം നൽകുക എന്നുള്ളതാണ്. ആ വിദ്യാഭ്യാസത്തിലൂടെ അവരെ പ്രാപ്തമാക്കി അവർക്ക് തൊഴിൽ നൽകി അവരെ സമൂഹത്തിന്റെ ഉന്നതിയിലേയ്ക്ക് കൈപിടിച്ചുയർത്തുക എന്നുള്ള പരമപ്രധാനമായ ഉത്തരവാദിത്വമാണ് തീർച്ചയായും ഒരു ഗവൺമെന്റ് നിർവ്വഹിക്കേണ്ട ഉത്തരവാദിത്വം. അതിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക മേഖലയിലെ ജനങ്ങൾക്ക്, വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുക എന്നുള്ള വളരെ ക്രിയാത്മകമായ നിലയിലുള്ള

വികസന പദ്ധതികൾ നടപ്പിലാക്കി വരികയാണ്. പട്ടികജാതി മേഖലയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 'പഠന മുറി' വളരെ ആശ്വാസമായൊരു പദ്ധതിയാണ്. പട്ടികവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഏറെ ഉപയോഗപ്രദമായ ഈ പദ്ധതി നേരത്തെ എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ആയിരുന്നു. എന്നാൽ ഈ സർക്കാർ അഞ്ചാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി 'പഠന മുറി' കൂടുതൽ വിദ്യാർത്ഥികൾക്ക് പഠിക്കാൻ സൗകര്യപ്രദമാകുന്ന വിധത്തിലേയ്ക്ക് മാറ്റിക്കഴിഞ്ഞു. ഒരു കാലത്ത് പട്ടിജാതി പട്ടികവർഗ്ഗ പിന്നോക്ക ജനവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ വിദ്യാഭ്യാസമെന്നുള്ളത് ഒരു ഘട്ടത്തിലും നേടാൻ സാധിക്കാതെ വന്നിരുന്ന വളരെ പ്രധാനപ്പെട്ടൊരു കാര്യമായിരുന്നു. വിദേശ വിദ്യാഭ്യാസം പ്രാപ്യമാക്കി പിന്നാക്ക വിദ്യാർത്ഥികൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകി വിദേശത്ത് പോയി വിദ്യാഭ്യാസം നേടാൻ കഴിയുന്ന വിധത്തിലുള്ള സൗകര്യമൊരുക്കാൻ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞു. ഇതുവരെ 717 വിദ്യാർത്ഥികളാണ് ലോകത്തിന്റെ വിവിധ മേഖലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപ്പോയി

വ്യത്യസ്തവും വൈവിധ്യവുമാർന്ന കോഴ്സുകൾ നേടി പഠന പ്രവർത്തനവുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇവിടെ ചരിത്രം തിരുത്തിക്കൊണ്ട് വിവിധ നിയമങ്ങൾ, നിയമനങ്ങൾ തന്നെ നടത്തുകയാണ്. വനം കാക്കുന്നതിന് വനമേഖലയിൽത്തന്നെ ജനിച്ച് ജീവിച്ച് വളർന്നുവന്നവരെ നിയോഗിക്കാൻ ഈ ഗവൺമെന്റ് സന്നദ്ധമായി. അഞ്ഞൂറോളം വരുന്ന വനാശ്രിതരായി ജീവിച്ച് വളർന്ന് വന്നവരെ ആ മേഖലയിലെ വ്യത്യസ്തമായ തൊഴിൽ മേഖലകളിൽ വിന്യസിക്കാൻ സാധിച്ച അഭിമാനകരമായ ഇടപെടൽ നടത്തിയ ഗവൺമെന്റായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മാറി. ഭൂവിതരണത്തിന്റെ കാര്യത്തിൽ കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ 28,010 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന ഗവൺമെന്റായി ഈ ഗവൺമെന്റ് മാറുകയാണ്. ഭൂമി വാങ്ങുമ്പോഴുള്ള രജിസ്ട്രേഷൻ ഫീസുൾപ്പെടെ ഒഴിവാക്കി ആശ്വാസകരമാകുന്ന വിധത്തിൽ അവരെ സഹായിക്കാനുള്ള എല്ലാവിധ സഹായ സഹകരണങ്ങളും ഈ ഗവൺമെന്റിന്റെ ഭാഗമായി ഉണ്ടാകുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നുവർഷംകൊണ്ട് 11,358 പട്ടികജാതിക്കാർക്ക് 607

ഏക്കറോളം വരുന്ന ഭൂമി വിതരണം ചെയ്യുന്ന സമീപനം സ്വീകരിച്ചു. പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ ഭവന നിർമ്മാണത്തിനായി 418 കോടിരൂപ 2020, 2021, 2022 കാലയളവിൽ ലൈഫ് മിഷന് കൈമാറി. എ.ബി.സി.ഡി. (അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ) പദ്ധതികൾ നേരത്തെ ഇവിടെ അംഗങ്ങൾ സൂചിപ്പിച്ചു. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആധികാരികമായ രേഖകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുവേണ്ടി ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനിച്ചു. ഇങ്ങനെ വ്യത്യസ്തമായ പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പിലാക്കി വരികയാണ്. പട്ടികവർഗ്ഗ മേഖലയിൽ ജനങ്ങളുടെ ജനസംഖ്യ ആനുപാതത്തെക്കാൾ ഉയർന്ന നിലയിലാണ് ഈ വിഭാഗക്കാരുടെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് ഈ നിലയിലെല്ലാം ഈ മേഖലയെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുമ്പോഴും കേന്ദ്ര-ഗവൺമെന്റ് നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നു. അങ്ങനെ നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്ന കേന്ദ്ര ഗവൺമെന്റിനെതിരായി ഒരക്ഷരം മിണ്ടാൻ ഇവിടത്തെ

യു.ഡി.എഫ്-ന്റെയോ കോൺഗ്രസ്സിന്റെയോ അംഗങ്ങൾ സന്നദ്ധമായില്ല. തീർച്ചയായും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് അവർക്കാവശ്യമായ എല്ലാവിധത്തിലുമുള്ള ക്ഷേമ വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽക്കൂടി പിൻതുണയ്ക്കുകയാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ശ്രീ. കെ. എം. സച്ചിൻദേവ് പ്രസംഗിക്കുന്നതിനുമുമ്പ് പ്രിയപ്പെട്ട ശ്രീ. പി. സി. വിഷ്ണുനാഥ് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. 'മലർന്ന് കിടന്ന് തുപ്പരുത്' എന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ള ഒരേയൊരുകാര്യം. കേരളത്തിൽ ഇടതുപക്ഷവും യു.ഡി.എഫ്.-ഉം മാറിമാറി ഭരിച്ച കാലയളവിലെല്ലാം സ്വീകരിച്ച നയങ്ങളെ സംബന്ധിച്ചുള്ള വ്യത്യസ്തത ഈ സമൂഹത്തിലെ ജനങ്ങൾക്ക് തിരിച്ചറിയാം. മുൻമന്ത്രിയായിരുന്ന വ്യക്തിയാണ് പ്രിയപ്പെട്ട ശ്രീ. മഞ്ഞളാംകുഴി അലി. ജനാധിപത്യത്തിന് നിരക്കാത്ത വാക്കുകൾ ഈ സഭയിൽ പ്രയോഗിക്കുന്നത് ആർക്കും ഗുണകരമല്ല. അങ്ങനെയെങ്കിൽ നേരത്തെ പറഞ്ഞ വാക്കുകൾ അവർക്കും അക്കാര്യത്തിലും

ബാധകമാണെന്ന് സൂചിപ്പിക്കുകയാണ്. നമ്മളെല്ലാം ജനാധിപത്യ മര്യാദകൾ പരസ്പരം അംഗീകരിച്ച് പോകേണ്ടവരാണ്. അത് പൊതുസമൂഹം കാണുന്നുണ്ടെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ആയിരമാണ്ടുകളായി ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിൽ ജന്മിത്തത്തിന്റെയും നാടുവാഴിത്തത്തിന്റെയും ചാട്ടവാർ അടിയേറ്റ് അടിമത്തത്തിന്റെ ഇരുട്ടറകളിൽമാത്രം ജീവിക്കേണ്ടിവന്ന ഒരു വലിയ വിഭാഗത്തിന്റെ സാമൂഹ്യ പുരോഗതിയുടെ ചരിത്ര നിർമ്മിതിക്കാണ് ആധുനിക കേരളം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ ഓരോ ജാതി വിഭാഗങ്ങളെയും വെള്ളം കയറാത്ത അറകളാക്കി മാറ്റി രാഷ്ട്രീയ ചതുരംഗ കളികളിലെ കള്ളികളും കരുക്കളുമാക്കി ഈ വിഭാഗത്തെ ജാതിയുടെ പേരിൽ ഭിന്നിപ്പിച്ച് തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടിപ്പോലും ശബ്ദമുയർത്താൻ കഴിവില്ലാത്തവരായി മാറ്റിയ അനുഭവമാണ് നമുക്ക് മുമ്പിലുള്ളത്. ചില വലതുപക്ഷ സംഘ്പരിവാർ വർഗ്ഗീയ രാഷ്ട്രീയ ആശയങ്ങളുടെ തടവറയിൽനിന്ന് ഈ വിഭാഗങ്ങളെ മോചിപ്പിച്ച് നവോത്ഥാനത്തിന്റെയും ഇടതുപക്ഷ പുരോഗമന ആശയങ്ങളുടെയും വേരോട്ടങ്ങളിലൂടെ സാമൂഹിക

പുരോഗതിയിലേയ്ക്ക് നയിച്ച ചരിത്രം നമ്മുടെ കേരളത്തിലുണ്ട്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ട് 75 വർഷം പിന്നിട്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ സ്വാതന്ത്ര്യത്തിന് നരബാധിച്ചിരിക്കുന്നുവെന്ന് വേണമെങ്കിൽ പറയാം. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 46-ൽ പറയുന്ന കാര്യങ്ങൾ വളരെ പ്രസക്തമാണ്. "The State shall promote with special care the educational and economic interests of the weaker sections of the people, and, in particular, of the Scheduled Castes and the Scheduled Tribes, and shall protect them from social injustice and all forms of exploitation." എന്നതിൽ കാര്യങ്ങൾ വളരെ ക്ലിയറാണ്. ഇത് സർക്കാരിന്റെ ചുമതലയാണെന്ന് ഇന്ത്യൻ ഭരണഘടനയിൽ പറയുന്നുണ്ട്. ആ ഭരണഘടനയുടെ ഉത്തരവാദിത്വം നിർവ്വഹിക്കാൻ എല്ലാ ഗവൺമെന്റുകളും ഇവിടെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭരണഘടന ഉത്തരവാദിത്വ ദൗത്യമേറ്റെടുത്ത് ഈ പാവപ്പെട്ട മനുഷ്യർക്ക് എതിരായുള്ള അനീതിക്കെതിരെയുള്ള പോരാട്ടം നടത്തി ഈ വിഭാഗത്തിൽപ്പെടുന്ന

ജനങ്ങളുടെ സാമൂഹ്യ പുരോഗതി ലക്ഷ്യംവച്ച്, പുതിയ ജനറേഷൻ മാറേണ്ടതും വളരേണ്ടതും വിദ്യാഭ്യാസത്തിലൂടെയാണ്. ആ കാഴ്ചപ്പാടാണ് ഭരണഘടനാ അനുസൃതമായി ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായ കാര്യങ്ങളെല്ലാം എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകർ ഇവിടെ സൂചിപ്പിച്ചു. നമ്മുടെ ഗവൺമെന്റ് നടപ്പാക്കിയ ഒട്ടേറെ വികസന പദ്ധതികളും സമാനതകളില്ലാത്ത ചരിത്രവുമാണ് അക്കാര്യത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. വിദ്യാഭ്യാസ പുരോഗതിയിലേയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗത്തിലെ കുട്ടികളെ ആനയിക്കുന്നതിനായി നമുക്ക് ഇന്ന് കാണാൻ കഴിയുന്ന ഒട്ടേറെ വിദേശ പഠന സൗകര്യങ്ങളുൾപ്പെടെയുള്ള പദ്ധതികളുണ്ട്. അതെല്ലാം നമുക്ക് ഇനിയും തുടരേണ്ടതായിട്ടുണ്ട്. ജനസംഖ്യാനുപാതികമായി ഫണ്ടുകൾ മാറ്റിവച്ചുകൊണ്ടാണ് കേരളത്തിലെ ഗവൺമെന്റ് ഒട്ടേറെ വികസന പദ്ധതികൾ നടപ്പാക്കി മുന്നോട്ടുപോകുന്നതെന്ന കാര്യം നമുക്ക് എല്ലാവർക്കും അറിയാം. അക്കൂട്ടത്തിൽ എടുത്ത് പറയേണ്ട ഒരു കാര്യമാണ് പാലക്കാട് മെഡിക്കൽ കോളേജ്. ആ കോളേജിന്റെ അവകാശങ്ങളെക്കുറിച്ച് നമുക്കറിയാം. പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി മാറ്റിവച്ച ഫണ്ടിൽനിന്ന് 500 കോടി

രൂപയിലധികം വരുന്ന സംഖ്യ വിനിയോഗിച്ച് ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്ന നിലയിലേയ്ക്ക് വളർത്തി കൊണ്ടുവരേണ്ടതിന്റെ അനിവാര്യത കാലഘട്ടം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനെ ഏൽപ്പിച്ചിരിക്കുകയാണ്. അതിന്റെ എല്ലാ പ്രവർത്തനങ്ങളും നമുക്ക് അറിയാവുന്നതാണ്. 100 കുട്ടികളെ പഠിപ്പിച്ച് ഡോക്ടർമാരാക്കുമ്പോൾ അതിൽ 75 ശതമാനവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് മുൻഗണന നൽകുന്നത് ഇന്ത്യയിൽ ആദ്യമായിട്ടാണ്. അത്തരത്തിൽ ഡോക്ടർ പോലെയുള്ള റോയൽ ജോബുകളിലേയ്ക്ക് ആ വിഭാഗങ്ങളിൽ നിന്നുള്ളവർ ചുവടുവച്ച് മുന്നോട്ടുപോകുന്ന അനുഭവമാണ് നാം ഇന്ന് കാണുന്നത്. ശ്രീ. എ. പി. അനിൽ കുമാർ മുൻമന്ത്രിയായിരുന്ന വ്യക്തിയാണ്. ശ്രീ. കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്ന വേദിയിൽ ഞാനും അദ്ദേഹവും ഉണ്ടായിരുന്നു. നമുക്ക് പറയാനുള്ള അവകാശം മുൻകാലഘട്ടങ്ങളിലും ഇപ്പോഴുമുണ്ട്. അതിന്റെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നല്ല രീതിയിൽ മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. അതിന്റെ വികസന പദ്ധതികളിൽ പട്ടികജാതി,

പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പും ആരോഗ്യ വകുപ്പും കൃത്യമായി ശ്രദ്ധകേന്ദ്രീകരിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. അതോടൊപ്പം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന എം.എൽ.എ.-മാരെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയിലുൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനുള്ള ഉത്തരവുകൂടി ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയാണ്.

കേരളത്തിലെ എസ്.സി./എസ്.ടി. വികസന കോർപ്പറേഷനെ സംബന്ധിച്ചുള്ളതാണ് രണ്ടാമത്തെ വിഷയം. കേരളത്തിൽ ധാരാളം ന്യൂ ജെൻ ബാങ്കുകൾ വരികയാണ്. അവിടെ പണമിടപാടുകളും ലോണുകളും വായ്പകളും മറ്റ് കാര്യങ്ങളുമൊക്കെ നിരവധി നടന്നുകൊണ്ടിരിക്കുകയാണ്. വട്ടിപ്പലിശക്കാരും കൊള്ളപ്പലിശക്കാരും സാധാരണക്കാരിൽ പിടിമുറുക്കി കടക്കെണിയിലേയ്ക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നത്. എസ്.സി./എസ്.ടി. വികസന കോർപ്പറേഷൻ 1972-ലാണ് രൂപീകരിച്ചത്. അതിന്റെ പ്രവർത്തനം നഷ്ടത്തിലായിരുന്നുവെന്നത് ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. എന്നാൽ കഴിഞ്ഞ രണ്ടുവർഷമായി നമ്മുടെ കോർപ്പറേഷൻ ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ ഗവൺമെന്റിന്റെ

കൈത്താങ്ങ് ഉണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. അതായത് 45 ലക്ഷത്തിലധികം വരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കേരളത്തിലുണ്ടെങ്കിലും 35000 ആളുകൾ മാത്രമാണ് ലോണിനായി കോർപ്പറേഷനെ ആശ്രയിക്കുന്നത്. അതുകൊണ്ട് പരമാവധി ആളുകൾക്ക് സഹായം ലഭിക്കത്തക്ക വിധത്തിൽ കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതായിട്ടുണ്ട്. ജോബുകളെക്കുറിച്ചും വകുപ്പ് നേടിയിട്ടുള്ള നേട്ടങ്ങളെ സംബന്ധിച്ചുമുള്ള എല്ലാ കാര്യങ്ങളും ഇവിടെ പറഞ്ഞു.

മറ്റൊരു കാര്യം അഡ്രസ്സ് ചെയ്യപ്പെടേണ്ടത് ഭൂമിയെയും വീടിനെയും സംബന്ധിച്ചുള്ളതാണ്. അതൊക്കെ ഇവിടെ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും പാവപ്പെട്ട മനുഷ്യരുടെ അന്തസ്സുയർത്താനായി സ്വന്തമായി ഭൂമിയെന്ന ആശയം നടപ്പാക്കേണ്ടതായിട്ടുണ്ട്. അതിന്റെ ഭാഗമായി 44 ശതമാനം വരുന്ന പട്ടികവർഗ്ഗ വിഭാഗവും 33.6 ശതമാനം വരുന്ന പട്ടികജാതി വിഭാഗം ആളുകൾക്കും സ്വന്തമായി ഭൂമി കൊടുക്കുകയെന്ന ലക്ഷ്യം പൂർത്തീകരിക്കാൻ നമ്മുടെ ഗവൺമെന്റ് കൃത്യമായ തീരുമാനമെടുത്ത് മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. നിരവധി മിച്ചഭൂമികൾ കണ്ടെത്തിയിട്ടുണ്ട്. ആ

മിച്ച ഭൂമികളെല്ലാം തിരിച്ചെടുക്കണം. പാട്ടക്കരാറിന്റെ കാലാവധി കഴിഞ്ഞ എസ്റ്റേറ്റ് ഉടമകളുടെ കൈവശമുള്ള ഭൂമിയുമായി ബന്ധപ്പെട്ട നിരവധി കേസുകൾ ഈ സർക്കാരിനെ കബളിപ്പിച്ചുകൊണ്ട് കോടതികളിൽ വിഹരിക്കുകയാണ്. ആ ഭൂമി മുഴുവൻ പിടിച്ചെടുത്ത് കേരളത്തിലെ ഭൂരഹിതരായ പാവപ്പെട്ട മനുഷ്യർക്ക് സ്വന്തമായി ആസ്തിയുണ്ടാക്കാനും അന്തസ്സ് ഉയർത്തിപ്പിടിക്കാനുമുള്ള മാർഗ്ഗം പ്രദാനം ചെയ്യാനുതകുന്ന തരത്തിലുള്ള തീരുമാനവുമായി നമുക്ക് മുന്നോട്ടുപോകാൻ കഴിയണം.

റിസർവേഷൻ സംബന്ധിച്ചുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. ഇന്ത്യയിൽ റിസർവേഷൻ ഇന്ന് അനിവാര്യമായിരിക്കുകയാണ്. പക്ഷേ പലപ്പോഴും കേന്ദ്ര ഗവൺമെന്റ് ആന്റി-റിസർവേഷൻ പോളിസി സ്വീകരിക്കുന്നു. ഇവിടെയും ചിലർ അക്കാര്യങ്ങൾ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. പുതിയ കാലഘട്ടത്തിലെ കുട്ടികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിലുള്ള ജോലി സംബന്ധമായ റിസർവേഷൻ നമുക്ക് ഇവിടെ അനിവാര്യമാണ്. ഉയർന്ന തസ്തികകളിലേയ്ക്കും പഠന മേഖലകളിലുമെല്ലാം റിസർവേഷൻ വേണം. ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഏറ്റവും പ്രധാനപ്പെട്ട തീരുമാനമായി

എടുത്തിട്ടുള്ളത് ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിയമനങ്ങളിൽ 'പി.എസ്.സി. മോഡൽ' അടിയന്തരമായി നടപ്പാക്കുന്നുയെന്നതാണ്. ഓരോ വർഷവും പതിനേഴായിരത്തിലധികം കോടി രൂപ ചെലവഴിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സംവരണം ഇന്ന് അനിവാര്യമാണ്. അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഏറ്റെടുക്കാൻ തയ്യാറാകണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇന്ത്യയിലെ ആദിവാസി ദളിത് പിന്നാക്ക ന്യൂനപക്ഷ ജനവിഭാഗങ്ങൾ വലിയ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണ് രാജ്യത്തുള്ളത്. രാജ്യത്ത് ഇത്തരത്തിലുള്ള ജനവിഭാഗങ്ങൾക്ക് എതിരായ ആക്രമണങ്ങൾ ഇത്രയും ശക്തമായി മുന്നോട്ടുപോകുമ്പോൾ അതിനെതിരായി പ്രതിരോധം തീർക്കുന്ന സമീപനമാണ് കേരളത്തിൽ നിലവിലുള്ളത്. ഐക്യകേരളം രൂപീകൃതമായ കാലഘട്ടംമുതൽ മാറിമാറി വന്ന

സർക്കാരുകളുടെയെല്ലാം നയങ്ങൾ ഈ ജനവിഭാഗങ്ങളെ ചേർത്തുപിടിക്കുന്ന സമീപനമായിരുന്നു. രാജ്യത്ത് വർഗ്ഗീയ ചേരി തിരിവുണ്ടാക്കി പിന്നാക്ക ജനവിഭാഗങ്ങളെയും ദളിത് ജനവിഭാഗങ്ങളെയും വേട്ടയാടാൻവേണ്ടിയാണ് വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ലോകരാജ്യങ്ങളുടെ സ്ഥിതി പരിശോധിച്ചാൽ, ഇന്ത്യയിൽ ഒരു മണിക്കൂറിൽ ഒരു പിന്നാക്ക ജനവിഭാഗത്തിലുള്ള അല്ലെങ്കിൽ ദളിത് ജനവിഭാഗത്തിലുള്ള ആൾ പീഡിപ്പിക്കപ്പെടുന്നുവെന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ആദിവാസികളെയും പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗത്തിലുള്ളവരെയും സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള കേസുകളിൽ കൃത്യമായി വ്യവഹാരം നടക്കാത്തതുകൊണ്ടോ സാക്ഷി പറയാത്തതുകൊണ്ടോ അവരുടെ കേസുകൾ കോടതിയിൽ പരാജയപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇവരെ ചേർത്തുപിടിക്കുന്ന സമീപനം അഭിമാനപൂർവ്വം സ്വീകരിക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് വിദ്യാഭ്യാസം, ആരോഗ്യം,

തൊഴിൽ, അടിസ്ഥാനസൗകര്യ വികസന മേഖലകളിൽ ഇടതുപക്ഷ സർക്കാർ വിവിധ ക്ഷേമപദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കികൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ അനുപാതത്തേക്കാൾ കൂടുതൽ പണം പദ്ധതികൾക്കായി ബഡ്ജറ്റിലൂടെ നീക്കിവയ്ക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. കഴിഞ്ഞ ഏഴര വർഷത്തിനിടയിൽ 99.34 കോടി രൂപ ചെലവഴിച്ച് 28010 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകി. ഭൂമി വാങ്ങി നൽകുന്നില്ലെന്നാണ് ചില സുഹൃത്തുക്കൾ ഇവിടെ പരാമർശിച്ചത്. 2730 പട്ടികവർഗ്ഗക്കാർക്ക് 3937.47 ഏക്കർ ഭൂമി സർക്കാർ ഭൂമിയിൽനിന്നും ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. രണ്ടുവർഷത്തിനകം മുഴുവൻ ഭൂരഹിത-ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും വീടും നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് വകുപ്പ് മുന്നോട്ടുപോകുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര നിയോജകമണ്ഡലത്തിലെ ചെറ്റച്ചൽ എന്ന പ്രദേശത്ത് 30 വർഷമായി ഭൂമിയും വീടും ഇല്ലാത്ത 33 കുടുംബങ്ങൾ സമരം നടത്തിയതിന്റെ ഫലമായി രണ്ടാം

പിണറായി ഗവൺമെന്റിന്റെ കാലത്ത് അവർക്ക് ഭൂമിയും പട്ടയവും നൽകുന്നതിനുള്ള തീരുമാനം കൈക്കൊണ്ട് നടപടികൾ സ്വീകരിച്ചു.

വിദ്യാഭ്യാസം, സ്വയം സംരംഭകത്വ വികസനം, നൈപുണ്യ പരിപോഷണം തുടങ്ങിയ കാര്യങ്ങൾക്ക് ഉയർന്ന പരിഗണനയാണ് ഈ സർക്കാർ നൽകുന്നത്. ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടപെടൽമൂലം ആ പദ്ധതി തടസ്സപ്പെട്ട അവസരത്തിൽ അന്നത്തെ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ പ്രത്യേക താല്പര്യമെടുത്ത് ആ സ്കൂൾ പാങ്കാവിൽ തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വനം വകുപ്പ് വിട്ടുനൽകിയ ഭൂമി തിരികെ കൊടുത്തശേഷം പുതിയ ഒരു ഹെക്ടർ ഭൂമി വാങ്ങി ആ സ്കൂളിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ പരിശ്രമിക്കുന്നത് ഈ വിഭാഗത്തിലുള്ള കുട്ടികളുടെ പഠനാവകാശം സംരക്ഷിക്കുന്നതിനുള്ള നടപടിയാണ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ നൽകിയ ഉറപ്പുപ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് തത്തുല്യമായ രീതിയിലുള്ള എല്ലാ വിദ്യാഭ്യാസ

ആനുകൂല്യങ്ങളും പരിവർത്തിത ജനവിഭാഗങ്ങൾക്കും നൽകുന്നതിനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

എസ്.സി., എസ്.ടി പിന്നാക്ക വിഭാഗത്തിൽപ്പെട്ട 425 വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ സ്കോളർഷിപ്പോടെ പഠിക്കാൻ സർക്കാർ അവസരമൊരുക്കുകയും ഈ വർഷം 310 പേർക്കുകൂടി ഇതേ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. കേന്ദ്ര ഗവൺമെന്റ് ഒന്ന് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് നൽകിയിരുന്ന സ്കോളർഷിപ്പിൽനിന്നും ഒന്ന് മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികളെ ഒഴിവാക്കുന്ന സമീപനം സ്വീകരിച്ചു. ഒൻപതും പത്തും ക്ലാസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയ സ്കോളർഷിപ്പ് ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്കും ഇത് ലഭ്യമാക്കുന്നതിനായി കേരളത്തിലെ ഗവൺമെന്റ് 'കെടാവിളക്ക്' എന്ന പദ്ധതി നടപ്പാക്കിയത് അഭിമാനകരമായ കാര്യമാണ്. മെഡിക്കൽ കോഴ്സുകളിലും അനുബന്ധ കോഴ്സുകളിലും പഠിക്കുന്ന മാതാവോ, പിതാവോ, ഇരുവരുമോ ഇല്ലാത്ത പെൺകുട്ടികൾക്കും ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കും 50,000 രൂപ സ്കോളർഷിപ്പ്

അനുവദിക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടത് ഏറ്റവും ജനോപകാരപ്രദമായ പ്രവർത്തനമായിരുന്നു.

ഇന്റർനെറ്റ് സൗകര്യം ഭൂരിഭാഗം പട്ടികവർഗ്ഗ കേന്ദ്രങ്ങളിലും എത്തിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു. പഠനവുമായി ബന്ധപ്പെട്ട് 35000 പട്ടികജാതി വിദ്യാർത്ഥികൾക്കാണ് സർക്കാർ ലാപ്ടോപ്പുകൾ നൽകുന്നതിനുള്ള തീരുമാനമെടുത്തത്. ഈ സർക്കാർ പിന്നാക്ക സമുദായ ക്ഷേമത്തിന് പ്രഥമപരിഗണന നൽകുകയും വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവരെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിച്ച് ഉത്തരവാകുന്നതിനും തയ്യാറായിട്ടുണ്ട്.

സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, സാമ്പത്തികം, പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കുന്നതിന് ജെ. ബി. കോശി (റിട്ടയേർഡ് ജസ്റ്റിസ്) കമ്മീഷനെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. സർക്കാരിന്റെ പരിഗണനയിലുള്ള കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അടിയന്തരമായി പരിശോധിച്ച് നടപ്പാക്കണമെന്നുള്ള അഭ്യർത്ഥന മുന്നോട്ടുവയ്ക്കുകയാണ്.

കേരളത്തിലെ അധഃസ്ഥിത വിഭാഗങ്ങളുടെ ആത്മവിശ്വാസം ഉയർത്തുന്നവിധത്തിൽ ആദിവാസി വിഭാഗങ്ങൾ ഒരുമിച്ച് താമസിക്കുന്ന പ്രദേശങ്ങളെ നാളിതുവരെ 'കോളനികൾ' എന്ന നാമധേയത്തിലാണ് നാമെല്ലാം വിളിച്ചിരുന്നത്. കോളനി എന്നുള്ളത് സാമ്രാജ്യത്വത്തിന്റെ അല്ലെങ്കിൽ കൊളോണിയൽ സംവിധാനത്തിന്റെ ഭാഗമായുള്ള വാക്കായതിനാൽ കേരളത്തിൽ കോളനിയെന്ന ടാഗ് വലിച്ചെറിഞ്ഞുകൊണ്ടും അവരുടെ ആ പദപ്രയോഗം ഒഴിവാക്കിക്കൊണ്ടും 'നഗറുകൾ' ആക്കി മാറ്റുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വിവിധയിടങ്ങളിലായുള്ള എഴുപതോളം ക്ഷേത്രങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിലെ പൂജാരിമാരെ നിയമിക്കാനുള്ള സർക്കാർ തീരുമാനം ഏറ്റവും പുരോഗമനപരമായുള്ള ഒരു സമീപനമാണ്. ഇത്തരത്തിൽ അധഃസ്ഥിത ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ രാജ്യത്ത് ഏറ്റവും കൂടുതൽ അഡ്രസ് ചെയ്യുന്ന ഒരു സംസ്ഥാന ഗവൺമെന്റാണ് കേരളത്തിലുള്ളതെന്ന കാര്യം നമുക്കറിയാം. അതുകൊണ്ടുതന്നെ കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിൽ പിന്നാക്കക്കാരനെന്നോ മുന്നാക്കക്കാരനെന്നോ തിരിച്ചറിയാൻ കഴിയാത്ത ഒരു

സമഭാവന കേരളത്തിൽ വാർത്തെടുക്കാൻ ഇതിനകം നമുക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക ക്ഷേമ വികസനത്തിനായി 2081.81 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത്. ഈ ജനവിഭാഗത്തിനായി നീക്കിവച്ച പദ്ധതി തുകയുടെ 92 ശതമാനവും ചെലവഴിച്ച ഒരു സംസ്ഥാനമാണ് കേരളം.

'വിംഗ്സ്' പദ്ധതിപ്രകാരം പൈലറ്റ് പരിശീലനത്തിനുവേണ്ടി വർഷം തോറും കോമേഴ്സ്യൽ പൈലറ്റ് കോഴ്സിന് സ്കോളർഷിപ്പായി മൂന്ന് എസ്.സി. വിദ്യാർത്ഥികൾക്കും രണ്ട് എസ്.ടി. വിദ്യാർത്ഥികൾക്കും ഒരു ഒ.ബി.സി. വിദ്യാർത്ഥിക്കും 33 ലക്ഷം രൂപ വീതമാണ് കേരളത്തിൽനിന്നും അനുവദിക്കുന്നത്.

ഭവന നിർമ്മാണത്തിന്റെ കാര്യത്തിൽ, 9813070 വീടുകൾ ഇതിനോടകം എസ്.ടി. വിഭാഗത്തിനും 39998 വീടുകൾ എസ്.സി. വിഭാഗത്തിനും പൂർത്തീകരിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയാണ് പട്ടികവർഗ്ഗ മേഖലയിൽനിന്നും സർക്കാർ പി.എസ്.സി. മുഖേന നിയമിക്കാനുള്ള

തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. 'ട്രൈബൽ പ്ലസ്' പദ്ധതിപ്രകാരം 8 വർഷം കൊണ്ട് 5318521 തൊഴിൽദിനങ്ങൾ എസ്.ടി. വിഭാഗത്തിലുള്ള ആളുകൾക്ക് അധികമായി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ പിന്നാക്ക ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമവികസന പദ്ധതികൾക്കാവശ്യമായ തുക അനുവദിക്കുന്നതിനുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗത്തെ സമൂഹത്തിന്റെ ഉന്നത തലങ്ങളിലേയ്ക്ക് വളർത്തിക്കൊണ്ടുവരുന്ന ഒരു ഗവൺമെന്റാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. എല്ലാവർക്കും ക്ഷേമവും എല്ലായിടത്തും വികസനവും എന്ന നിലയിൽ എസ്.സി., എസ്.ടി. മേഖലകളിൽ കഴിഞ്ഞ കാലങ്ങളേക്കാൾ വലിയ മാറ്റമാണ് കേരളത്തിൽ കണ്ടുവരുന്നത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളുമെടുത്ത് പരിശോധിച്ചാൽ, പാവപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, ആദിവാസി, ഗോത്രവർഗ്ഗ മേഖലകളിൽ ജീവിക്കുന്നവർക്ക് അവിടെ

അടിസ്ഥാന സൗകര്യമുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. ഇവിടെയിരിക്കുന്ന എം.എൽ.എ.-മാർ അവരുടെ സ്റ്റഡി ടൂറുമായി ബന്ധപ്പെട്ട് പല സംസ്ഥാനങ്ങളും സന്ദർശിക്കാറുണ്ട്. ഏറ്റവും മൃഗീയമായ സ്ഥിതിയാണ് ആ സംസ്ഥാനങ്ങളിലെ എസ്.സി., എസ്.ടി. മേഖലകളിൽ കാണാൻ കഴിയുന്നത്. അവർക്ക് ശുദ്ധജലമില്ല, വൈദ്യുതിയില്ല, കയറിക്കിടക്കാൻ വീടില്ല, എന്തൊരു വിരോധാഭാസമാണ്! ഇന്ത്യ സ്വതന്ത്രമായിട്ട് 75 വർഷം പിന്നിട്ടപ്പോഴും സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടക്കുകയാണ് അത്തരം വിഭാഗക്കാർ. എന്നാൽ കേരളത്തിലെ സ്ഥിതി പരിശോധിച്ചാൽ, എല്ലാവർക്കും വീട്, വൈദ്യുതി, ശുദ്ധജലം, എല്ലാ കുട്ടികളും അവരുടെ പഠനാവകാശം നേടിയെടുക്കാൻ സ്കൂളിൽ പോകുന്നു. ഇതെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നൽകുന്ന സംഭാവനകളായതിനാൽ നമുക്ക് അതിനെ ചെറുതായി കാണാൻ കഴിയില്ല. കേരളത്തിലെ ഈ മേഖലയിൽ വലിയ മാറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഈ ഗവൺമെന്റ് വന്നതിനുശേഷം ലൈഫ് പദ്ധതി പ്രകാരം കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ആദിവാസി ഗോത്രവർഗ്ഗ

മേഖലകളിലെ നിരവധി കുടുംബങ്ങൾക്ക് വീട് കൊടുത്തു. ഒരു കുടുംബത്തിലെ 59 വയസ്സിന് താഴെയുള്ള കുടുംബനാഥൻ മരിച്ചാൽ ഈ ഗവൺമെന്റ് 2 ലക്ഷം രൂപ കൊടുക്കുന്ന കാര്യം ഇപ്പോഴും പലർക്കും അറിയില്ല. മുമ്പ് അങ്ങനെയൊന്നും ആരും ചെയ്തിട്ടില്ല. അജ്ഞത കൊണ്ട് പലർക്കും അതിന് അപേക്ഷിക്കാൻ കഴിയുന്നില്ല. എന്റെ മണ്ഡലത്തിലും ഈ ഇനത്തിൽ 2 കോടിരൂപ ലഭിക്കാനുള്ളതിനാൽ ബഹുമാന്യനായ മന്ത്രി അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

അതുപോലെതന്നെ ചികിത്സാധനസഹായം കാലഘട്ടത്തിനനുസരിച്ച് വർദ്ധിപ്പിക്കണം. വീടെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ഗവൺമെന്റ് വെറും നാല് ലക്ഷം രൂപയാണ് കൊടുക്കുന്നത്. വീട് നിർമ്മിക്കാനാവശ്യമായ മെറ്റീരിയൽസിന്റെ വിലയിൽ വലിയ വർദ്ധനവായതിനാൽ 4 ലക്ഷം രൂപ ഉപയോഗിച്ച് വീട് നിർമ്മിക്കാൻ കഴിയില്ല. ഫൗണ്ടേഷൻ കെട്ടുന്നതോടെ നാല് ലക്ഷം രൂപ തീർന്നുപോകുന്നതിനാൽ ഇത് ദയനീയമായിട്ടുള്ള അവസ്ഥയാണ്.

ഇന്ത്യയിൽ 74 പട്ടികജാതി-പട്ടികവർഗ്ഗ, ഗോത്രവർഗ്ഗ, ആദിവാസി മേഖലകൾക്ക് ഭരണഘടനപ്രകാരം വെറും 8 ശതമാനമാണ് സംവരണം. ഈ

74 ജാതിക്കാർക്കെല്ലാംകൂടി ഇപ്പോഴും 8 ശതമാനം മാത്രമേ സംവരണമുള്ളൂവെന്നതിനാൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തി അത് നിയമസഭ പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് നൽകണം. 8 ശതമാനം സംവരണം കൊണ്ട് എത്രപേർക്ക് ജീവിക്കാൻ കഴിയും? വളരെ ബുദ്ധിമുട്ടും പ്രയാസവും കഷ്ടപ്പാടും യാതനയും അനുഭവിക്കുന്ന കുടുംബങ്ങൾ ഇന്നും കേരളത്തിലുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം ഇവിടെ പറയുന്നത്. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വളർത്തിയെടുക്കണമെന്നതാണ് എല്ലാവരുടെയും ആഗ്രഹം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അവരെ സമൂഹത്തിന്റെ ഉന്നതിയിലേയ്ക്ക് നയിക്കാൻ നമുക്ക് സാധിക്കണം. ഒരു കാലഘട്ടത്തിൽ ജീവിക്കാൻ കഴിയാതിരുന്നവർ, വഴിയിലൂടെ സഞ്ചരിക്കാനോ, ആരാധന സ്വാതന്ത്ര്യമോ അവർക്ക് ഇല്ലായിരുന്നു. പാവപ്പെട്ട വീട്ടിലെ കുട്ടി പ്രായമായിക്കഴിഞ്ഞാൽ ആ കുട്ടിക്ക് മാറുമറയ്ക്കാനുള്ള അവകാശം നിഷിദ്ധമായിരുന്നു. അതെല്ലാം മാറ്റിയെടുത്തില്ലേ; ശ്രീനാരായണ ഗുരു, മന്നത്ത് പത്മനാഭൻ, ചട്ടമ്പി സ്വാമി തിരുവടികൾ, വാഗ്ഭടാനന്ദ സ്വാമി, മഹാത്മ അയ്യങ്കാളി, സി. കേശവൻ, ഡോ. പൽപ്പ

എന്നിവരെ പോലുള്ള പ്രബുദ്ധരായ സാമൂഹ്യ പരിഷ്കർത്താക്കൾ എത്രയോ വർഷം ഈ നാട്ടിൽ നടത്തിയ വലിയ പ്രവർത്തനത്തിന്റെ ഭാഗമായി ഇതെല്ലാം മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവരെല്ലാം പരിശ്രമിച്ചിട്ടുപോലും നമ്മുടെ സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്ന ജാതീയത, വർഗ്ഗീയത, അയിത്തം, അനാചാരം എന്നിവയെല്ലാം തുടച്ചുമാറ്റാൻ നമുക്ക് കഴിയണം. അതിനുവേണ്ടിയാണ് നാം പ്രവർത്തിക്കേണ്ടത്. അല്ലാതെ ഓരോ കുടുംബത്തിന്റെയും വളർച്ചയും ശേഷിയുമല്ല നാം ആഗ്രഹിക്കുന്നത്. അവർക്ക് പരസഹായം നൽകണം. അന്യാധീനപ്പെട്ടുപോകുന്ന ഭൂമി ഗവൺമെന്റ് തിരിച്ചുപിടിച്ച് പാവപ്പെട്ടവർക്ക് നൽകണം. ആദിവാസികൾക്ക് നൽകാനുള്ള ഭൂമി നൽകണം. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ഭൂമി നൽകണം, അതാണ് നമ്മുടെ അന്തസ്സ്. ഇന്ത്യൻ ഭരണഘടനപോലും നമ്മളെ അറിയിക്കുന്നത് അതാണ്. 'സ്വയം പര്യാപ്ത അംബേദ്കർ ഗ്രാമം' പദ്ധതി ഒരു നല്ല ആശയമാണ്. ഉദ്യോഗസ്ഥരെ പഴിക്കുന്നില്ലെങ്കിലും, 140 മണ്ഡലങ്ങളിലും അനുവദിക്കപ്പെട്ട ഒരു കോടി രൂപയുടെ വർക്ക് പെൻഡിംഗിലാണ്. ഇത് എന്റെ മണ്ഡലത്തിലുമുണ്ട്, അവിടെയും വർക്ക് പെൻഡിംഗിലാണ്. ബഹുമാനപ്പെട്ട പി.

സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ, ഒരു കോടി രൂപകൊണ്ട് ഒരു റോഡിന്റെപോലും പ്രവൃത്തി ചെയ്യാൻ കഴിയുന്നില്ല. ഞങ്ങളെല്ലാവരും എം.എൽ.എ. ഫണ്ടുകൂടി നൽകിയാണ് ഒരു സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നത്. അതുകൊണ്ട് ബഹുമാന്യനായ മന്ത്രി ഒരു കോടി രൂപയെന്നുള്ളത് വർദ്ധിപ്പിച്ചാൽ ഗുണകരമായി തീരുമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

വൈദ്യുതി എത്തിച്ചേരാത്ത മേഖലകൾ ഇപ്പോഴുമുണ്ട്. ആ മേഖലകളിലേയ്ക്ക് വൈദ്യുതി നൽകേണ്ടതായിട്ടുണ്ട്. അതിന് അങ്ങ് തയ്യാറാകണം. എല്ലാവരും വീടുവച്ചതിന്റെയും വസ്തു വാങ്ങിയതിന്റെയും കണക്കെല്ലാം പറഞ്ഞതുകൊണ്ട് ഞാൻ അത്തരം കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. 'കോളനി' എന്ന വാക്ക് ഇനി മുതൽ വേണ്ടെന്ന് പറഞ്ഞത് നല്ല കാര്യമാണ്. ബഹുമാന്യനായ കെ. രാധാകൃഷ്ണൻ നടത്തിയ വലിയ പ്രവർത്തനങ്ങളെക്കുറിച്ച് ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. എം.പി.-യായി പോകുന്നതിനുമുമ്പ് അദ്ദേഹം വകുപ്പിൽ ധാരാളം മാറ്റങ്ങളും നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ സമുദായത്തിന് ധാരാളം

ആനുകൂല്യങ്ങൾ നൽകിയ നല്ലൊരു നേതാവായിരുന്ന അദ്ദേഹം. അദ്ദേഹം ഇവിടെനിന്നും പോയതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. എന്നാലും അദ്ദേഹം തുടങ്ങിവച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഏറ്റവും സമർത്ഥനായ മന്ത്രിയാണ് ശ്രീ. ഒ. ആർ. കേളു. വളരെ നല്ല നിലയിൽ പ്രവർത്തിക്കാൻ അങ്ങേയ്ക്ക് സാധിക്കും. ഈ സമുദായത്തിന്റെ മാത്രമല്ല, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹ്യനീതി ഉറപ്പുവരുത്താനും സാധിക്കണം. സാമൂഹ്യനീതി ലഭിക്കുന്നില്ലെന്ന പരാതികൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ആ വിഭാഗങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പുവരുത്താൻ കഴിയുന്ന തരത്തിലേയ്ക്കുള്ള ഇടപെടലുകൾ നടത്താൻ അങ്ങ് തയ്യാറാകണമെന്നുകൂടി ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് ഇവിടെ അവതരിപ്പിച്ച ഡിമാന്റുകളെ ഞാൻ അംഗീകരിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വരും നാളിൽ ഊർജ്ജസ്വലതയോടെ തീപ്പന്തമായി വളർന്നുവരുമെന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും പറയുന്നതുപോലെ ഞങ്ങൾ തകർന്നുപോയെന്ന് നിങ്ങളാരും ധരിക്കേണ്ട. ഞങ്ങൾ ഫീനിക്സ് പക്ഷിയെപ്പോലെ ഉയിർന്നെഴുന്നേറ്റ്

വരുന്നതാണ്. അക്കാര്യത്തിൽ ഒരു തർക്കവും വേണ്ട. ഈ ഡിമാന്റുകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച കാര്യങ്ങളാണ് നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നത്. ഈ ചർച്ചയിൽ മുസ്ലീം ലീഗിന്റെ ഒരു ജനപ്രതിനിധിയെന്ന നിലയിൽ പങ്കെടുത്ത് സംസാരിക്കാൻ സാധിച്ചതിൽ എനിക്ക് വളരെയധികം അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. കെ. പി. രാമൻ, ശ്രീ. യു. സി. രാമൻ എന്നിവർ നിയമസഭയിലെ അംഗങ്ങളായിരുന്നു. കെ. പി. രാമൻ, എം.എൽ.എ. മാത്രമല്ല അദ്ദേഹം മുസ്ലീം ലീഗിന്റെ നോമിനിയായി പി.എസ്.സി. മെമ്പറായി അദ്ദേഹം സേവനം അനുഷ്ഠിച്ചിരുന്നു. ശ്രീ. യു. സി. രാമൻ, എം.എൽ.എ. ആയി വന്നത് കുന്ദമംഗലത്തെ ജനറൽ സീറ്റിൽ മത്സരിച്ചാണ്. മറ്റൊരു പേരുകൂടി ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നു, ഈ അടുത്ത കാലത്ത് ദിവംഗതനായ എ. പി. ഉണ്ണികൃഷ്ണൻ, അദ്ദേഹം മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ദളിത് പിന്നാക്ക വിഭാഗങ്ങൾക്കുവേണ്ടി

പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഒരു നേതാവായിരുന്നു അദ്ദേഹം. കുന്ദമംഗലത്തുനിന്നും അദ്ദേഹം മത്സരിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, മരിക്കുന്ന സമയത്ത് അദ്ദേഹം പാണക്കാട് അബ്ബാസലി ശിഹാബ് തങ്ങൾ പ്രസിഡന്റായ മുസ്ലീം ലീഗിന്റെ മലപ്പുറം ജില്ലാ കമ്മിറ്റി സെക്രട്ടറി ആയിരുന്നു. കേരളത്തിലെ ദളിത്-പിന്നാക്ക വിഭാഗങ്ങളെ നെഞ്ചോട് ചേർത്തുപ്പിടിക്കുന്ന കാര്യത്തിൽ മുസ്ലീം ലീഗ് എന്തെന്നില്ലാത്ത താൽപ്പര്യം അന്നും ഇന്നും കാണിക്കുന്നുണ്ടെന്ന് പറയാൻ വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. വയനാട്ടിൽനിന്നുള്ള ദളിത് വിഭാഗത്തിൽപ്പെട്ട ശ്രീമതി ജയന്തി ഞങ്ങളുടെ പാർട്ടിയുടെ ദേശീയ ഭാരവാഹിയാണെന്ന കാര്യംകൂടി അറിയാത്തവരുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാന്യനായ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി ഒ. ആർ. കേളുവിനെ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹം മന്ത്രിയായതിൽ പ്രത്യേകം സന്തോഷിക്കുന്ന ഒരാളാണ് ഞാൻ. കാരണം, എട്ടുവർഷം പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെയുണ്ട്,

ഞങ്ങളെല്ലാം ആ കമ്മിറ്റിയിലെ അംഗങ്ങളാണ്. കഴിഞ്ഞ മൂന്നുവർഷം അദ്ദേഹം പ്രസ്തുത സമിതിയുടെ ചെയർമാനായിരുന്നു. എത്രമാത്രം കേരളത്തിലെ ദളിത്-പിന്നാക്ക വിഭാഗങ്ങളോട് അദ്ദേഹത്തിന് പ്രതിബദ്ധതയുണ്ടെന്നും അദ്ദേഹത്തിന്റെ കൂറ് ആ വിഭാഗത്തോട് എത്രമാത്രമാണെന്നും എനിക്ക് നല്ലതുപോലെ അറിയാം. എ. കെ. ഗോപാലൻ, പി. കൃഷ്ണപിള്ള, എം. എൻ. ഗോവിന്ദൻ നായർ, സി. അച്യുതമേനോൻ എന്നിവർ ഈ ഭൂമുഖത്ത് ഉണ്ടായിരുന്നെങ്കിൽ എന്ന് നമ്മളെല്ലാവരും ആശിക്കുകയാണ്. അവിടെയാണ് നമ്മുടെ എല്ലാവരുടെയും പ്രതീക്ഷയായി ശ്രീ. ഒ. ആർ. കേളു പ്രവർത്തിക്കുന്നതെന്നത് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ മുൻഗാമി ഈ സഭയിൽനിന്നും വിട പറഞ്ഞത്, വലിയ ഒരു ടെംപൊ സൃഷ്ടിച്ചുകൊണ്ടായിരുന്നു. ആ ടെംപൊ എന്താണെന്ന് ഞാൻ പറയാം, അങ്ങയുടെ വരവിലും ഒരു ടെംപൊ വേണമെന്നാണ് ഞാൻ അങ്ങയോട് ആവശ്യപ്പെടുന്നത്. മുസ്ലീം ലീഗിന്റെ പെരുന്തൽമണ്ണയിലെ നിയമസഭാംഗം ശ്രീ. നജീബ് കാന്തപുരം ഇവിടെയുണ്ട്. മന്ത്രിയായിരുന്ന ശ്രീ. കെ. രാധാകൃഷ്ണന് 2023-ൽ അദ്ദേഹം സമർപ്പിച്ച ഒരു നിവേദനത്തിന്റെ ഫലമായാണ് 'കോളനി'

എന്ന പദപ്രയോഗം ഒഴിവാക്കി 'സദ്ഗ്രാമം' എന്ന പേര് നൽകിയത്. അത് ശ്രീ. നജീബ് കാന്തപുരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്. പേര് മാറ്റിയതുകൊണ്ട് മാത്രമായില്ല, മറ്റ് ജനവിഭാഗങ്ങളോടൊപ്പം ജീവിക്കാനുള്ള സ്ഥിതി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സഹോദരർക്കുണ്ടാകണം. അതിനുവേണ്ടി ആയിരിക്കണം അങ്ങ് ഇനി ശ്രമിക്കേണ്ടതെന്ന് ഞാൻ അങ്ങയെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അങ്ങ് സൃഷ്ടിക്കേണ്ട ടെംപൊയെ കുറിച്ച് ഞാൻ പറഞ്ഞല്ലോ; ഷെഡ്യൂൾഡ് കാസ്റ്റിനെ പട്ടികജാതിയെന്നും ഷെഡ്യൂൾഡ് ട്രൈബിനെ പട്ടികവർഗ്ഗമെന്നുമാണ് നമ്മൾ പറയുന്നത്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ കർണാടകയുടെ മാതൃഭാഷയായ കന്നഡയിൽ ഈ വിഭാഗത്തെ 'പരിശിഷ്ടജാതി, പരിശിഷ്ടവർഗ്ഗ' എന്നാണ് പറയുന്നത്. കന്നഡ മാതൃഭാഷയായി സ്വീകരിച്ച ജനപ്രതിനിധിയായ ശ്രീ. എ. കെ. എം. അഷ്റഫ് ഇവിടെയുണ്ട്. മഹാരാഷ്ട്രയിൽ ഹിന്ദിയിൽ ഈ വിഭാഗത്തെ 'അനുസൂചിത് ജാതി, അനുസൂചിത് വർഗ്ഗ' എന്നാണ് പറയുന്നത്. അതായത് നമ്മളെല്ലാവരും ചേർത്തുപിടിക്കേണ്ട വളരെയധികം മുന്നിൽ നിൽക്കുന്ന വിഭാഗമെന്നാണ് ഈ

പദങ്ങളുടെ അർത്ഥം വ്യക്തമാക്കുന്നത്. കേരളത്തിൽ എ.പി.എൽ., ബി.പി.എൽ. എന്നീ കാർഡുകളുണ്ട്. ബി.പി.എൽ. എന്നാൽ Below Poverty Line എന്നാണ്. മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർ ബി.പി.എൽ. എന്നും പൊതുവിഭാഗത്തെ എ.പി.എൽ. എന്നുമാണ് റേഷൻ കാർഡുകളിൽ എഴുതുന്നത്. ഇവരൊക്കെ മുൻഗണനാ വിഭാഗത്തിൽപ്പെട്ട ആളുകളാണ്. പട്ടികജാതി/പട്ടികവർഗ്ഗം എന്നുപറയുമ്പോൾതന്നെ ആ പേരുകളിൽ അപകർഷതാബോധത്തിന്റെ ചുവയുള്ളതുകൊണ്ട് അതുമാറ്റാൻ അങ്ങ് നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സദ് ഗ്രാമങ്ങളിൽ ചില ലക്ഷ്യങ്ങൾ ആവശ്യമാണ്. ചില പ്രത്യേക വിഭാഗക്കാരെ പ്രത്യേക കോളനികളിൽ താമസിപ്പിക്കുന്ന രീതിയാണ് ഇപ്പോൾ കണ്ടുവരുന്നത്. ഈ വിഭാഗങ്ങളിൽപ്പെടുന്ന സഹോദരീസഹോദരന്മാരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരണമെന്ന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ അവർക്ക് എല്ലാവരോടൊപ്പം ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചുകൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അല്ലാതെ അവരെമാത്രം പ്രത്യേകം മാറ്റിത്താമസിപ്പിച്ച് ഇപ്രകാരം സമൂഹത്തിന്റെ

മുഖ്യധാരയിൽനിന്നും അകറ്റുന്നൊരു പ്രവണത ഇനിയെങ്കിലും നമ്മൾ അവസാനിപ്പിക്കണം. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടിൽ ഏറ്റവും കുറഞ്ഞ എക്സ്പെൻഡിച്ചർ കാണിക്കുന്ന സംസ്ഥാനം കേരളമാണെന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും എന്തുകൊണ്ട് നമ്മുടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ജനങ്ങളുടെ ദുരിതം ഒഴിയുന്നില്ലായെന്നതിനെക്കുറിച്ച് മനസ്സിലാക്കണം.

മറ്റൊരു വകുപ്പിന്റെ ധനാഭ്യർത്ഥന സംബന്ധിച്ച ചർച്ചകൂടി ഇന്നിവിടെ നടക്കുന്നുണ്ട്. ആ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എനിക്ക് പറയാനുള്ളത്, കർണാടകയിൽ സാമൂഹികക്ഷേമ രംഗത്ത് വഖഫ് ബോർഡിനുവേണ്ടി 100 കോടി രൂപയോളം ചെലവാക്കുമ്പോൾ കേരളത്തിൽ 72 ലക്ഷം രൂപ മാത്രമാണ് ആ ഇനത്തിൽ അനുവദിച്ചിട്ടുള്ളത്. ഈയിടെ എന്റെ സഹപ്രവർത്തകരായ ശ്രീ. പി. ഉബൈദുള്ളയും ശ്രീ. എം. നൗഷാദുമൊക്കെ കർണാടകയിൽ പോയി നേരിട്ട് കണ്ട കാര്യങ്ങളാണ്. എന്തുകൊണ്ട് നമുക്ക് കൂടുതൽ പണം ചെലവഴിക്കാൻ സാധിക്കുന്നില്ലായെന്നാണ് എനിക്ക്

ചോദിക്കാനുള്ളത്. സാമൂഹികക്ഷേമ പദ്ധതിയുമായി ബന്ധപ്പെട്ട യോഗം വിളിക്കാൻപോലും ബഹുമാനപ്പെട്ട മന്ത്രിക്ക് താൽപര്യമില്ല. അതുപോലെ ചികിത്സാ സഹായവും വിവാഹ സഹായവും സംബന്ധിച്ച് ആയിരക്കണക്കിന് അപേക്ഷകൾ പരിഗണിക്കാതെ കിടക്കുകയാണ്. വഖഫ് ബോർഡിന്റെ ഒരിഞ്ച് മണ്ണുപോലും അന്യാധീനപ്പെടുത്താൻ അനുവദിക്കില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ചുമതലയേറ്റ് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സന്ദർശനം നടത്തിയപ്പോൾ പ്രഖ്യാപിച്ചതാണ്. ഞങ്ങളൊക്കെ അതുകേട്ട് രോമാഞ്ചം കൊണ്ടെങ്കിലും ഇതുവരെ ഒരു നടപടിയുമുണ്ടായിട്ടില്ല. നമ്മുടെ നാട്ടിലൊക്കെ, ഇപ്പോഴുണ്ടോയെന്ന് അറിയില്ല, പുതിയ എസ്.ഐ.-മാർ ചാർജെടുത്താൽ പുതിയൊരാൾ ഇവിടെ വന്നിട്ടുണ്ടെന്നറിയിക്കാൻ അവരുടെ സ്റ്റേഷൻ പരിധിയിലുള്ള സ്ഥലങ്ങളിൽ ജീപ്പെടുത്ത് ചുറ്റിക്കൊണ്ട് ഞാൻ കാരാട്ടെ ബ്ലാക്ക് ബെൽറ്റാണെന്നും ജിം അറിയുന്ന ആളാണെന്നുമൊക്കെ പറയും. പക്ഷെ അത് ഒരാഴ്ച മാത്രമേ ഉണ്ടാകുകയുള്ളൂ. പിന്നെ അയാളുടെ ജിമ്മും കാണില്ല, ബ്ലാക് ബെൽറ്റ് എവിടെപ്പോയെന്ന് അറിയാനും കഴിയില്ല. അതുപോലെയാണ് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം പ്രഖ്യാപിച്ചിരുന്നത്. അതിൽ നമുക്ക്

വളരെയധികം സന്തോഷമുണ്ടായിരുന്നു. പക്ഷെ ആ പ്രഖ്യാപനത്തിനനുസരിച്ച് ഒരു പ്രവർത്തനവും നടന്നിട്ടില്ല. കേരളത്തിലാദ്യമായി കാസർഗോഡ് മുനിസിപ്പാലിറ്റിയിലേയ്ക്ക് ഒരു പിങ്ക് സ്റ്റേഡിയം അനുവദിക്കാൻ പോകുന്നുണ്ടെന്ന് അദ്ദേഹം കാസർഗോഡ് വന്ന് പറഞ്ഞു. എന്നാൽ പിങ്കുമില്ല, റെഡ്ഡുമില്ല, ബ്ലൂവുമില്ല. ഇതുവരെ അതിനെക്കുറിച്ച് ഒരു വിവരവുമില്ല. ഫാറൂഖ് കോളേജിന്റെ ചെറായി ബീച്ചിലെ വഖഫ് ഭൂമിക്കായി സ്വകാര്യ വ്യക്തികൾക്ക് നികുതി ഒടുക്കാൻ റവന്യൂ വകുപ്പുമന്ത്രിയും വഖഫ് വകുപ്പുമന്ത്രിയും പങ്കെടുത്ത യോഗത്തിൽ അനുമതി നൽകിയെങ്കിലും ബഹുമാനപ്പെട്ട കോടതി ഇടപെട്ട് അത് തടയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഇക്കാര്യത്തെക്കുറിച്ച് അദ്ദേഹത്തിന് എന്താണ് പറയാനുള്ളതെന്ന് കേൾക്കാൻ എനിക്ക് വളരെയധികം കൗതുകമുണ്ട്. വഖഫ് ഭൂമിയിൽ സ്വകാര്യ വ്യക്തികൾക്ക് നികുതി ഒടുക്കാൻ അനുവാദം നൽകിയ ലോകത്തിലെ ആദ്യ വഖഫ് വകുപ്പുമന്ത്രി എന്ന പേര് അങ്ങ് ആർജ്ജിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റ് രാഷ്ട്രീയ കാര്യങ്ങൾ പറയാനില്ലാത്തതുകൊണ്ടല്ല, അതെല്ലാം ഇപ്പോൾ ചേർന്നുകൊണ്ടിരിക്കുന്ന സി.പി.ഐ.(എം)-ന്റെ

കമ്മിറ്റികളിൽ അവരുടെ നേതാക്കൾ ഉൾപ്പെടെ എല്ലാവരും പറയുന്നുണ്ട്. അതുകൊണ്ട് അക്കാര്യങ്ങളെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. പാർട്ടി ജനങ്ങളുടേതാണെന്ന് കേൾക്കാൻ ചെവി വേണമെന്ന് പറഞ്ഞത്, കോൺഗ്രസ് നേതാവോ മുസ്ലീം ലീഗ് നേതാവോ അല്ല, ഡോ. ടി. എം. തോമസ് ഐസക്കാണ് അങ്ങനെ പറഞ്ഞത്. അതുപോലെ പ്രത്യേകിച്ച് ഒരു തൊഴിലോ മറ്റ് മാർഗ്ഗമോ ഇല്ലാത്തവർ പെട്ടെന്ന് വലിയ സമ്പന്നരാകുന്ന പ്രവണത പാർട്ടിയിൽ കണ്ടുവരുന്നുവെന്ന് ശ്രീ. വി. ഡി. സതീശനല്ല പറഞ്ഞത്, അത് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ പ്രസ്താവനയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയുക്തം എതിർക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഉച്ചനീചത്വത്തിന്റെയും ജന്മിത്തത്തിന്റെയും അടിമത്തത്തിന്റെയും ഒരു കാലഘട്ടം നമുക്ക് മുന്നിലൂടെ കടന്നുപോയിട്ടുണ്ട്. കിടക്കാൻ കിടപ്പാടമില്ലാത്ത, പഠിക്കാൻ പള്ളിക്കൂടങ്ങളില്ലാത്ത, മറവുചെയ്യാൻ മണ്ണില്ലാത്ത, കുളിക്കാൻ കുളമില്ലാത്ത, കുടിക്കാൻ വെള്ളമില്ലാത്ത, എതിർ വാക്ക് പറയാൻ പറ്റാത്ത, ചിരട്ടയിൽ വെള്ളം കുടിച്ച, കുമ്പിളിൽ കഞ്ഞി കുടിച്ച,

മാറിടം മറയ്ക്കാൻ കഴിയാത്ത, താലം പിടിക്കാൻ കഴിയാത്ത, തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപ്പെട്ടാൽ ദോഷമുള്ളവർ തുടങ്ങി ഒരു കാലഘട്ടത്തിന്റെ പ്രതീകമായി നമുക്ക് പഴയകാല ചരിത്രത്തെ വായിക്കേണ്ടതായി വരും. ഈ സമൂഹത്തെ മാനവികതയിലേയ്ക്കും മനുഷ്യത്വത്തിലേയ്ക്കും കൊണ്ടുവരുന്നതിന് നവോത്ഥാന നായകർ വഹിച്ച പങ്ക് നിർണ്ണായകമാണ്. അവർ പടുത്തുയർത്തിയ, അല്ലെങ്കിൽ നേടിയ നേട്ടങ്ങളിലൂടെ വളർന്നുവന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം 1957-ൽ അധികാരത്തിൽവരുമ്പോൾ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് എല്ലാവർക്കും വീട്, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവ കൈവരിക്കാനും ജാതിവ്യവസ്ഥിതി ഇല്ലാതാക്കുന്നതിനുംവേണ്ടി വലിയ ശ്രമങ്ങളാണ് നടത്തിയത്. പട്ടികജാതി/പട്ടികവർഗ്ഗ സമൂഹത്തിന്റെ ജീവിതം സാമൂഹികനീതിയിൽ അടിസ്ഥാനപ്പെടുത്തി സാക്ഷാത്കരിക്കാനുള്ള ഈ ഗവൺമെന്റിന്റെ പരിശ്രമങ്ങൾ കഴിഞ്ഞ എട്ടുവർഷമായി തുടരുകയാണ്. ഈ വകുപ്പിന്റെ ചുക്കാൻ പിടിച്ചിരുന്ന, കേരള നിയമസഭയുടെ അഭിമാനമായിരുന്ന ശ്രീ. കെ.

രാധാകൃഷ്ണനെ നാട്ടുകടത്തിയതല്ല. നാട്ടുകടത്തൽ എന്ന വാക്ക് നിയമപരമായിത്തന്നെ തെറ്റായ വാക്കാണെന്ന കാര്യംകൂടി ബഹുമാന്യരായ പ്രതിപക്ഷ എം.എൽ.എ.-മാർ തിരിച്ചറിയപ്പെടേണ്ടതാണെന്ന് വളരെ സൗമ്യതയോടുകൂടി ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അമ്മയുടെ കൈപിടിച്ച്, കൃഷിഭൂമിയിലെ പാട്ട് കേട്ട്, ആ താളത്തിൽ വിപ്ലവത്തിന്റെ മണ്ണിലേയ്ക്ക്, വിപ്ലവ പ്രസ്ഥാനത്തിലേയ്ക്ക്, എസ്.എഫ്.ഐ.-ലേയ്ക്ക് കടന്നുവന്ന് സി.പി.ഐ.(എം.)-ന്റെ ഭാഗമായും അടിസ്ഥാന ജനവിഭാഗങ്ങളുടെ എല്ലാമെല്ലാമായും അവരിൽ ഒരാളായി അവരോടൊപ്പം ചേർന്നുനിന്നുകൊണ്ട് വളർന്നുവന്ന ഒരു സഖാവാണ് ശ്രീ. കെ. രാധാകൃഷ്ണൻ. ഞങ്ങൾ ആ സഖാവിനെ വിട്ടത് നാട്ടുകടത്താൻ വേണ്ടിയല്ല. അടിസ്ഥാന ജനവിഭാഗങ്ങളുടെ ശബ്ദമായും മതേതരത്വത്തിന്റെ ഭാഗമായും പാർലമെന്റിലുണ്ടാകാൻ വേണ്ടിയാണ്. തിരിവുകൾ തിരിച്ചും വർഗ്ഗങ്ങളെ തിരിച്ചുമുള്ള പ്രസ്താവനകൾ പ്രതിപക്ഷത്തുനിന്നും വരുന്നത് നാളെകളിലുണ്ടാകാൻ പോകുന്ന വിപത്തുകൾ തിരിച്ചറിയാതെയാണെന്ന് നിങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. ബാബറി മസ്ജിദ് തകർക്കാൻ മൗനാനുവാദം നൽകിയപ്പോൾ, ഇന്ത്യാരാജ്യം കത്തിയെരിഞ്ഞ്,

ഇന്നും അതിന്റെ ഭാഗങ്ങൾ അവശിഷ്ടങ്ങളായി നമ്മുടെ മുന്നിൽ നിൽക്കുന്നത് കോൺഗ്രസ് ചെയ്ത തെറ്റിന്റെയും അനുവാദം നൽകിയതിന്റെയും ഭാഗമാണെന്നുള്ള തിരിച്ചറിവുണ്ടാകണം. അതുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗമെന്നുള്ള രീതിയിലുള്ള തരംതിരിവ് ഒരുപക്ഷെ രാഷ്ട്രീയത്തിൽ നിങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളായി നിങ്ങൾ കാണുന്നുണ്ടെങ്കിൽ സമൂഹത്തിലുണ്ടാകാൻ പോകുന്ന വിപത്തുകൾ ബാബറി മസ്ജിദിന്റെ രൂപത്തിൽ നമുക്കിടയിലേയ്ക്ക് കടന്നുവരാതിരിക്കാൻ നല്ല സൗമ്യമായ ഭാഷകളിലൂടെ സ്വയം വിമർശനാത്മകമായി വിലയിരുത്തപ്പെടണമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ശ്രീ. കെ. രാധാകൃഷ്ണൻ പാർലമെന്റിൽ ലീഡറായി തിളങ്ങിവരും. അടിസ്ഥാനവർഗ്ഗത്തിന്റെ ശബ്ദമായി അദ്ദേഹം അവിടെയുണ്ടാകുമെന്ന ഉറച്ചവിശ്വാസം തീർച്ചയായും ഞങ്ങൾക്കുണ്ട്. ഈ വകുപ്പ് ഇപ്പോൾ കൈകാര്യം ചെയ്യുന്നത് അടിസ്ഥാന വർഗ്ഗത്തിൽനിന്നുതന്നെയുള്ള ഏറ്റവും പ്രിയപ്പെട്ട, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാനായിരുന്ന ശ്രീ. ഒ. ആർ. കേളു ആണ്. അദ്ദേഹമാണ് ഇതിനെ നയിക്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്.

അദ്ദേഹത്തെ ഈ വേദിയിൽ ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. ആവിഷ്കാരമായിട്ടുള്ള കേരള ഗവൺമെന്റിന്റെ എല്ലാ സാമൂഹിക നവോത്ഥാന പ്രവർത്തനങ്ങളിലും പട്ടികജാതി/പട്ടികവർഗ്ഗത്തെ ചേർത്തുപിടിക്കുന്ന വകുപ്പും സംസ്ഥാനവും ഭരണകൂടവുമാണ് ഇന്നിവിടെയുള്ളത്. വർഷങ്ങൾക്കുമുമ്പ് ലോകാരാധ്യനായിട്ടുള്ള ഒരു നേതാവിനോട് സാമൂഹിക പുരോഗതിയുടെ മാനദണ്ഡമെന്താണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, നിങ്ങൾ നിങ്ങളുടെ നാട്ടിലെ പിന്നാക്ക ജനവിഭാഗങ്ങളെയും ഏറ്റവും താഴ്ന്ന ജീവിത വിതാനങ്ങളിൽ പാർക്കുന്ന ദളിത് ആദിവാസികളെയും പൊതുസമൂഹത്തിനുമുന്നിൽ കൊണ്ടുവരൂ എന്നാണ്. മാത്രമല്ല അവരുടെ ജീവിതം എങ്ങനെയാണെന്ന് അവരെ കണ്ടാൽ ആർക്കും മനസ്സിലാകുമെന്നും അതിൽ നിങ്ങൾ സംതൃപ്തരാണെങ്കിൽ നമ്മുടെ സമൂഹം സാംസ്കാരികമായും രാഷ്ട്രീയമായും ഉയർന്ന വിതാനങ്ങളിൽ നിൽക്കുന്ന സമൂഹമാണെന്ന് സംശയലേശമന്യേ പറയാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതുതന്നെയാണ് മഹാത്മാഗാന്ധി മറ്റൊരർത്ഥത്തിൽ നമ്മളോട് സൂചിപ്പിച്ചത്. സമൂഹത്തിലെ ഏറ്റവും നിർധനനും നിരക്ഷരനുമായ മനുഷ്യന്റെ കണ്ണിലെ

കണ്ണുനീർ തുടയ്ക്കുകയാണ് സ്വാതന്ത്ര്യത്തിന്റെ പരമമായ അർത്ഥമെന്ന് ഗാന്ധിജി സൂചിപ്പിക്കുകയുണ്ടായി.

കിടപ്പാടം ചോദിച്ചതിന് ആദിവാസി ഊരുകളിലും പട്ടികവർഗ്ഗ നഗരങ്ങളിലും താമസിക്കുന്നവരെ വെടിവച്ചുകൊന്ന, നരനായാട്ട് നടത്തിയ എ. കെ. ആന്റണി ഗവൺമെന്റിന്റെ കാലത്ത് സെക്രട്ടേറിയറ്റിനുമുന്നിൽ അരങ്ങേറിയ സമരങ്ങൾ നമുക്ക് ഓർമ്മയുണ്ട്. അന്ന് സമരരംഗത്തുണ്ടായിരുന്ന ജോഗി എന്ന ആദിവാസി യുവാവിന്റെ ഹൃദയ രക്തം പുരണ്ടതാണ് പ്രതിപക്ഷത്തുള്ളവരുടെ കൈകൾ. അവർക്ക് എന്നും തലവേദനയായിരുന്ന ഈ വിഭാഗത്തെ സാമൂഹിക പുരോഗതിയുടെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്നത് അവരുടെ ഹൃദയപക്ഷമായിട്ടുള്ള ഇടതുപക്ഷമാണെന്ന് ഓർക്കേണ്ടതായിട്ടുണ്ട്. സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന ഈ ഗവൺമെന്റ് ഇലത്തലയ്ക്കൽ വിളമ്പുന്ന തൊട്ടുകറിയായിട്ടല്ല, നാക്കിലയിൽ വിളമ്പുന്ന അന്നമായിട്ടാണിവരെ കാണുന്നത്. എന്നാൽ വിശപ്പ് മാറ്റിയാൽ മാത്രം പോരാ നക്ഷത്രങ്ങളെ കണ്ടുനടക്കാനും ചുറ്റുപാടുകളിലെ സാമൂഹിക വികാസത്തിന്റെ ചില ചലനങ്ങളെ ഉൾക്കൊള്ളാനും പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക്

സാധിക്കണമെന്നുള്ള നിശ്ചയദാർഢ്യമാണ് ഇടതുപക്ഷ ഗവൺമെന്റിനുള്ളത്. പുലയന്റെ കുടിലിന്റെ ഉമ്മറത്ത് കുലച്ച വാഴക്കുല വെട്ടുന്ന ജന്മിമാരെ പാടവരമ്പത്തുവച്ചുതന്നെ അടിവേരറുത്ത് അവസാനിപ്പിച്ചത് ഇടതുപക്ഷമാണ്. സാമൂഹിക ജീവിതത്തിൽനിന്ന് ഒറ്റപ്പെടുത്തി ജന്മിത്തത്തിന്റെ ചാട്ടവാറും മെതിയടിയും നിയന്ത്രിച്ച ഇരുട്ടിന്റെ കാരാഗൃഹത്തിൽ തളച്ച ജന്മങ്ങളെ സൂര്യവെളിച്ചത്തിലേയ്ക്ക് നടയിരുത്തിയത് ഇടതുപക്ഷമാണ്. അടുത്ത അഞ്ച് വർഷംകൊണ്ട് ഇവരുടെ ജീവിതം സാധാരണ ഗ്രാമങ്ങളിലേയ്ക്കൊപ്പം അടുപ്പിക്കുമെന്നൊരു ദൃഢനിശ്ചയം ഇടതുപക്ഷ പ്രസ്ഥാനത്തിനുണ്ടെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒട്ടനവധി മാറ്റങ്ങൾക്ക് വിധേമായുള്ള ഒരു കാലഘട്ടമാണ് ഈ എട്ട് വർഷമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഭരണപക്ഷത്തിരിക്കുന്ന എല്ലാവരും അത്തരം കാര്യങ്ങളെക്കുറിച്ച് കൃത്യമായി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരെ ചേർത്തുപിടിച്ചാണ് ഇടതുപക്ഷ സർക്കാർ മുന്നോട്ടുപോകുന്നത്. 'ഉയരാം ഒത്തുചേർന്ന്' എന്ന മുദ്രാവാക്യം ഉയർത്തി നടപ്പാക്കിയ 'ഉന്നതി'-യുടെ ഭാഗമായി 2026-നകം എല്ലാവർക്കും

ഭൂമിയും വീടും നൽകുന്ന പദ്ധതിക്ക് ഇവിടെ തുടക്കംകുറിച്ചിരിക്കുകയാണ്. പഴയ വീടുകൾ അടച്ചുറപ്പുള്ളതാക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ച സേഫ് (സെക്യൂർ അക്കോമഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ്) പദ്ധതിയിലൂടെ 17829 വീടുകൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. എസ്.സി./എസ്.ടി., പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടെയുള്ള കുട്ടികൾക്ക് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് നേടുന്നതിന് സഹായിക്കാൻ നടപ്പാക്കിയ 'വിങ്സ്' പദ്ധതിയിലൂടെ നമ്മുടെ കുട്ടികളുടെ സ്വപ്നങ്ങൾ ആകാശങ്ങളിലേയ്ക്ക് എത്തിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. വിവാഹ ധനസഹായം പട്ടികജാതി പെൺകുട്ടികൾക്ക് 1.25 ലക്ഷം രൂപയായും പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 1.50 ലക്ഷം രൂപയായും ഉയർത്തിക്കൊണ്ട് അടിസ്ഥാന ജനവിഭാഗങ്ങളെ ചേർത്തുപിടിച്ചുതന്നെ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിന് ഈ കാലഘട്ടത്തിൽ സാധിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് സർക്കാർ എന്ന് അധികാരത്തിൽ വന്നിട്ടുണ്ടോ അന്നുമുതൽ ഇന്നുവരെയുള്ള ഓരോ കാലഘട്ടങ്ങളുമെടുത്ത് പരിശോധിച്ചുകഴിഞ്ഞാൽ എല്ലാം ഇല്ലാതാക്കാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാരിന്റെ......., പള്ളിക്കൂടങ്ങളിൽ അധ:സ്ഥിത

ജനവിഭാഗങ്ങളെ പ്രവേശിപ്പിക്കാൻ സാധിക്കാത്ത രീതിയിലേയ്ക്ക് വരുന്ന സാഹചര്യങ്ങളിലും സംവരണം അട്ടിമറിച്ചുകൊണ്ട് മുഖ്യധാരയിലേയ്ക്ക് കടന്നുവരാൻ അവകാശം നിഷേധിക്കപ്പെടുന്ന ഈ കാലഘട്ടങ്ങളിലും എല്ലാ പാവപ്പെട്ട ജനവിഭാഗങ്ങളെയും അധ:സ്ഥിത ജനവിഭാഗങ്ങളെയും ചേർത്തുപിടിച്ച ഗവൺമെന്റാണിതെന്ന് കാണാൻ കഴിയും. പഴയ കെട്ടകാലത്തിന്റെ ഇന്ത്യൻ മുഖമാണ് മനുസ്മൃതിയിലെ ശാസനകൾ. മനുസ്മൃതി അനുസരിക്കുന്ന സമൂഹത്തിൽ ഒരു മനുഷ്യൻ ജനിച്ചുവീഴുന്നത് ജാതിയിലേയ്ക്കാണ്. 18 അധ്യായങ്ങളും എഴുതിയിരിക്കുന്നത് ഉച്ചനീചത്വത്തിന്റെ അനുശാസനകളാണ്. ഇന്ത്യയിൽ ഇത് നടപ്പാക്കാമെന്നാണ് ബ്രാഹ്മണ ഫാസിസ്റ്റുമാർ ആഗ്രഹിക്കുന്നത്. അവർക്കെതിരായുള്ള ഒരു ചൂണ്ടുപലകയായി കേരളത്തിൽനിന്നുള്ള പ്രതിനിധികൾ സഖാവ് ശ്രീ. കെ. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ അണിനിരക്കുമ്പോൾ ഇന്ത്യാ മുന്നണിയുടെ ചുക്കാൻ പിടിക്കുന്ന കോൺഗ്രസ്സിന്റെ ബഹുമാന്യനായ രാഹുൽ ഗാന്ധി അടക്കമുള്ളവർ ബഹുമാന്യനായ മുൻമന്ത്രി കെ. രാധാകൃഷ്ണന്റെ നേതൃത്വത്തിനൊപ്പം നിന്നുകൊണ്ട് മതേതരത്വത്തിനും അധ:സ്ഥിത ജനവിഭാഗങ്ങൾക്കുംവേണ്ടി

പോരാട്ടം നയിക്കണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. 'കൂടോത്രം' വല്ലാത്ത രീതിയിൽ കോൺഗ്രസ് എന്ന രാഷ്ട്രീയ പാർട്ടിയുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യമായി നമ്മുടെ നാട് ചർച്ച ചെയ്യുന്ന കാലമാണിത്. ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് ദൃശ്യമാധ്യമങ്ങളിൽ ഇതുസംബന്ധിച്ച് വലിയ വാർത്തകൾ വന്നത്. ഇന്നുവരെ കേൾക്കാത്ത കാര്യമാണ്. കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരന്റെ വീട്ടിലും ഓഫീസിലുമെല്ലാം തകിടും കൂടോത്രത്തിന്റെ സാമഗ്രികളും വച്ചിട്ടുണ്ട് എന്നത് പ്രബുദ്ധമായ രാഷ്ട്രീയ കേരളം ഏറെ പുച്ഛത്തോടുകൂടി തള്ളിക്കളയേണ്ട ഒരു കാര്യമാണ്. അന്ധവിശ്വാസവും ആഭിചാരവുമെല്ലാം കോൺഗ്രസ് നേതാക്കന്മാരെ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്നതിന്റെ തെളിവുകൂടിയാണിത്. പുരോഗമനം പ്രസംഗത്തിലും, പ്രവർത്തിയിൽ നൂറ്റാണ്ടുകൾക്ക് മുമ്പുള്ള ചിന്തയുമാണ് ഈ നേതാക്കൾക്കുള്ളത്. അന്ധവിശ്വാസത്തിനെതിരെ നിയമം

പാസ്സാക്കിയ നാട്ടിൽ സമൂഹത്തെ നേർവഴിക്ക് നയിക്കേണ്ട നേതാക്കൾതന്നെ ഇത്തരം കാര്യങ്ങളുടെ പുറകെപോകുന്നത് ശരിയല്ല. എനിക്ക് ഓർമ്മവരുന്നത് 1990-കളിൽ ഇറങ്ങിയ 'മിഥുനം' എന്ന സിനിമയാണ്. ശ്രീ. മോഹൻലാലും ശ്രീ. ജഗതി ശ്രീകുമാറും നെടുമുടി വേണുവുമെല്ലാം മത്സരിച്ച് അഭിനയിച്ച, 'തേങ്ങ ഉടയ്ക്ക് സ്വാമി' എന്ന് നെടുമുടി വേണുവിനോട് ശ്രീ. ജഗതി ശ്രീകുമാർ അലറിക്കരഞ്ഞുകൊണ്ട് പറയുന്നതുപോലെ..... ഒരുപക്ഷെ മിഥുനം സിനിമയുടെ രണ്ടാം ഭാഗം കേരളത്തിലിറങ്ങിയാൽ പല കോൺഗ്രസ് നേതാക്കന്മാർക്കും ആ സിനിമയിൽ അഭിനയിക്കാനുള്ള അവസരം ഈ സാഹചര്യത്തിലുണ്ടാകുമെന്ന് സഭ മുമ്പാകെ പറയുകയാണ്. കേരളത്തിൽ പൊതുവിൽ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി ബോധപൂർവ്വമായ ശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണിത്. അടിസ്ഥാനപരമായി അവരെ ഉയർത്തണമെങ്കിൽ വിദ്യാഭ്യാസം, തൊഴിൽ, പശ്ചാത്തലവികസനം, അടിസ്ഥാന ആവശ്യങ്ങളുൾപ്പെടെ വർദ്ധിപ്പിക്കേണ്ടത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. 2024 ഫെബ്രുവരി 24-ന് കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന 'മുഖാമുഖം' പരിപാടിയുടെ ഭാഗമായി പട്ടികവിഭാഗത്തിൽനിന്നുമുള്ള ആദ്യ എയർഹോസ്റ്റസായ കണ്ണൂർ ആലക്കോട് സ്വദേശി ഗോപിക ഗോവിന്ദൻ സംസാരിക്കുന്ന ഒരു അനുഭവമുണ്ടായി. ഒരു മൊട്ടുസൂചി വീണാൽ അറിയാവുന്നതരത്തിൽ നിശബ്ദമായിട്ടാണ് സദസ്സ് ആ പെൺകുട്ടിയുടെ പ്രസംഗം കേട്ടത്. ഒരു പക്ഷെ ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽനിന്ന് വല്ലാത്ത രൂപത്തിൽ പ്രയാസങ്ങൾ നേരിട്ട ഒരു കുടുംബത്തിൽ ജനിച്ച ഗോപിക ഗോവിന്ദൻ എങ്ങനെയാണ് ഈ സർക്കാർ നടപ്പാക്കുന്ന 'വിങ്സ്' പദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്തി കേരള ചരിത്രത്തിൽ പട്ടികവിഭാഗത്തിൽനിന്നുള്ള ആദ്യ എയർഹോസ്റ്റസായിമാറിയതെന്ന് ഏറെ അഭിമാനത്തോടുകൂടി കേട്ടിരിക്കാൻ ഞാനുൾപ്പെടെയുള്ള എം.എൽ.എ.-മാർക്ക് സാധിച്ചു. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് സ്വദേശിയായ സങ്കീർത്തന ദിനേശ് ഉൾപ്പെടെ പൈലറ്റ് പരിശീലനം പൂർത്തിയാക്കി വിജയകരമായി ആ മേഖലയിലേയ്ക്ക് മാറുന്ന കാഴ്ച കാണാൻ സാധിച്ചു. ഈ ഗവൺമെന്റ് കഴിഞ്ഞ എട്ട് വർഷമായി കേരളത്തിന്റെ മണ്ണിൽ നടപ്പാക്കിയ 'വിങ്സ്' പദ്ധതി പോലെയുള്ള പദ്ധതികൾ, പ്രത്യേകിച്ച്

പട്ടികജാതി ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്ക് എത്രമാത്രം സഹായകരമായിട്ടുണ്ടെന്ന് നമുക്ക് കാണാൻ സാധിക്കും. അതുപോലെതന്നെയാണ് വിദേശ വിദ്യാഭ്യാസവും. 2001 മുതൽ 2010 വരെയാണ് എന്റെ പി.ജി., B.Ed. പഠനകാലഘട്ടം. ഞാൻ ഉൾപ്പെട്ട തലമുറയ്ക്ക് സ്വപ്നം കാണാൻ സാധിക്കാത്ത മേഖലയായിരുന്നു ഉന്നത സർവ്വകലാശാലകളിലെ പഠനം. എന്നാൽ കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ 717 വിദ്യാർത്ഥികൾക്കാണ് ലോകത്തിലെ വിവിധ സർവ്വകലാശാലകളിലേയ്ക്ക് പറന്നുയരാനും ഏറ്റവും മികച്ച വിദ്യാഭ്യാസം നേടാനും സാധിച്ചത്. ഒരു കാലത്ത് വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ച് ജീവിക്കുന്നവർക്ക് മാത്രം സാധിച്ചിരുന്നതുപോലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് പോകാനും വിദേശ സർവ്വകലാശാലകളിലുൾപ്പെടെ ഉന്നത വിദ്യാഭ്യാസ പഠനം നടത്താനും സാധിക്കുന്ന രൂപത്തിലേയ്ക്ക് ഒരു വിദ്യാർത്ഥിക്ക് 25 ലക്ഷം രൂപയാണ് ഗ്രാന്റ് നൽകുന്നത്. അത് ചെറിയ കാര്യമല്ല. 717 വിദ്യാർത്ഥികൾക്ക് കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ സ്കോളർഷിപ്പോടുകൂടി വിദേശ സർവ്വകലാശാലകളിൽ പഠിക്കാനുള്ള അവസരം ഈ ഗവൺമെന്റ് നൽകിയെന്നത് ചെറിയ കാര്യമല്ല.

10000 പഠനമുറികളാണ് കഴിഞ്ഞ എട്ട് വർഷങ്ങൾക്കുള്ളിൽ കേരളത്തിൽ അനുവദിച്ചത്. അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടുന്ന, മുന്നൂറോ നാനൂറോ സ്ക്വയർ ഫീറ്റ് മാത്രമുള്ള, പരിമിതമായ സൗകര്യങ്ങളുള്ള കുടുസ്സായ വീടുകളിൽ പഠിച്ചിരുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കാണ് പഠനമുറിയുടെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് അവർക്ക് സ്വസ്ഥമായി പഠിക്കാനും പഠനത്തിലൂടെ ഉന്നത നിലയിൽ വളരാനും സാധിച്ചത്. കഴിഞ്ഞ ഒരു വർഷത്തെ മോഡൽ റെസിഡൻഷ്യൽ സ്കൂൾ (എം.ആർ.എസ്.)-കളുടെ റിസൽട്ട് പരിശോധിക്കുമ്പോൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 872 കുട്ടികളും പാസ്സാകുകയും 42 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും A+ ലഭിക്കുകയുമുണ്ടായി. ഭക്ഷണം, വസ്ത്രം, താമസം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സൗജന്യമായി നൽകി എം.ആർ.എസ്. സ്കൂളുകൾ കേരളത്തിലാകെ സാധ്യമാകുന്ന രൂപത്തിലേയ്ക്കെത്താൻ സർക്കാർ വളരെ കൃത്യതയോടുകൂടി ഇടപെടുന്നുവെന്ന് കാണാൻ സാധിക്കും. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ടൂറിസം മേഖലയിൽ നടപ്പാക്കിയ പ്രത്യേക പദ്ധതിയാണ് 'എൻ ഊര് ഗോത്ര

പൈതൃക ഗ്രാമം'. വരുംനാളുകളിൽ കേരളത്തിനേറെ സാധ്യതയുള്ള മേഖലകളാണ് ബയോടെക്നോളജി, ഇൻഫർമേഷൻ ടെക്നോളജി, ടൂറിസം തുടങ്ങിയവ. ടൂറിസം രംഗത്ത് വയനാട് ജില്ലയിലെ പട്ടികവർഗ്ഗ സമൂഹത്തിന്റെ നേർചിത്രങ്ങൾ ലോകത്തിന്റേയും രാജ്യത്തിന്റേയും വിവിധ ഭാഗങ്ങളിലും കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലും നിന്നുള്ള വിനോദസഞ്ചാരികൾക്ക് കാഴ്ചയൊരുക്കുന്ന നിലയിലേയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരു ട്രൈബൽ ടൂറിസം പദ്ധതിയായി വയനാട് ജില്ലയിലെ 'എൻ ഊര് ഗോത്ര പൈതൃക ഗ്രാമം' പദ്ധതിക്ക് മാറാൻ കഴിഞ്ഞു. ഈ പദ്ധതി കേരളത്തിലാകെ വ്യാപിപ്പിക്കാൻ കഴിയണം. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അട്ടപ്പാടിയിൽ 'അയ്യപ്പനും കോശിയും' എന്ന സിനിമ ചിത്രീകരിച്ചതിനുശേഷം ആയിരക്കണക്കിന് സഞ്ചാരികളാണ് ആ പ്രദേശത്തേയ്ക്ക് വന്നുപോകുന്നത്. തമിഴ്നാട്ടിൽനിന്ന് എത്തുന്നവർക്ക് കോയമ്പത്തൂർ ഉൾപ്പെടെയുള്ള സ്ഥലത്തിന്റെ സാധ്യതകൂടി പ്രയോജനപ്പെടുത്തി ആ പ്രദേശത്തേയ്ക്ക് വരാൻ കഴിയും. വയനാട് പോലെ അട്ടപ്പാടി, നെന്മാറ, നെല്ലിയാമ്പതി തുടങ്ങിയ പ്രദേശങ്ങളിലേയ്ക്കും ഇത്തരത്തിലുള്ള പദ്ധതികൾ വ്യാപിപ്പിച്ചാൽ വലിയ

രീതിയിലുള്ള ടൂറിസം സാധ്യതയുണ്ടാകും. ശ്രീ. എ. രാജ എം.എൽ.എ.-യുടെ നാടായ ഇടമലക്കുടി ഗ്രാമത്തിലേയ്ക്ക് നിയമസഭാ സമിതിയുടെ ഭാഗമായി യാത്ര ചെയ്യാൻ സാധിച്ചിട്ടുണ്ട്. അങ്ങേയറ്റം ദുർഘടമായ പാതയിലൂടെയാണ് ഞങ്ങൾ യാത്ര ചെയ്തത്. എന്നാൽ ഇപ്പോൾ ആ ചിത്രം മാറുകയാണ്. നമ്മുടെ ഗവൺമെന്റ് റോഡിനുവേണ്ടി മാത്രം പതിമൂന്നേമുക്കാൽ കോടി രൂപയാണ് ഇടമലക്കുടി പഞ്ചായത്തിലേയ്ക്ക് അനുവദിച്ചത്. രണ്ടായിരത്തോളം നിവാസികളുള്ള കേരളത്തിലെ ഏറ്റവും ചെറിയ ഒരു പഞ്ചായത്തിനെ എത്ര കരുതലോടുകൂടിയാണ് ഈ സർക്കാർ ഉയർത്തിക്കൊണ്ടുവരുന്നത്; നാൽപ്പത് കിലോമീറ്റർ ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിച്ചുകൊണ്ടാണ് ബി.എസ്.എൻ.എൽ. സൗകര്യം ഏർപ്പെടുത്തിയത്. ആശുപത്രി, സ്കൂൾ തുടങ്ങി എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊണ്ട് ഒരു പഞ്ചായത്തിനെ എത്ര കരുതലോടെയാണ് സർക്കാർ ഉയർത്തിക്കൊണ്ടുവരുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പ്രിയപ്പെട്ട എ. പി. അനിൽ കുമാർ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിച്ചത്. എന്നാൽ തിട്ടുക്കപ്പെട്ട്

ആരംഭിച്ചതിന്റെ ഭാഗമായി അതിന് അംഗീകാരം നഷ്ടപ്പെടുന്ന ഒരു ഘട്ടമുണ്ടായി. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് അന്നത്തെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ കേന്ദ്രസർക്കാരിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബോധ്യപ്പെടുത്തിക്കൊണ്ടാണ് പാലക്കാട് മെഡിക്കൽ കോളേജിന്റെ അംഗീകാരം തിരിച്ചുപിടിച്ചത്. നിലവിൽ അവിടെ പത്ത് ഒ.പി. സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഏതാനും മാസങ്ങൾക്കുമുമ്പാണ് മൂന്ന് വാർഡുകളിലായി 120 രോഗികൾക്ക് കിടക്കകളോടുകൂടിയ ചികിത്സാ സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞത്. അവിടേയ്ക്ക് കൂടുതൽ ജീവനക്കാരെയും ഡോക്ടർമാരെയും വിന്യസിച്ചാൽ, പൂർണ്ണമായി എല്ലാ അർത്ഥത്തിലും കിടത്തിചികിത്സാ സൗകര്യത്തോടുകൂടിയുള്ള ആശുപത്രിയായി പാലക്കാട് മെഡിക്കൽ കോളേജിനെ മാറ്റിയെടുക്കാൻ കഴിയും. കൂടാതെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് മോണിറ്ററിംഗ് കമ്മിറ്റിയിൽ പട്ടികജാതി വിഭാഗത്തിലെ എം.എൽ.എ.-മാരെയും ഉൾപ്പെടുത്താനാവശ്യമായ തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം.

എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് പ്രധാനപ്പെട്ട സംരംഭങ്ങളെക്കുറിച്ച് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ ഏക കമ്മ്യൂണിറ്റി കോളേജ് എന്റെ നിയോജകമണ്ഡലമായ വടക്കഞ്ചേരി സെന്ററിലാണ്. രണ്ട് വർഷത്തിൽ പഠിച്ചിറങ്ങിയാൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട കുട്ടികൾക്ക് ജോലി ലഭിക്കും. കമ്മ്യൂണിറ്റി കോളേജിന്റെ സ്വന്തമായ കെട്ടിടത്തിന്റെ പണി ഏകദേശം 90 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഈ വർഷംതന്നെ അതിന്റെ ഉദ്ഘാടനം നടത്താൻ സാധിക്കണം. അതുപോലെ അവിടെത്തന്നെയുള്ള ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസും സ്ഥാപനവുംകൂടി ഈ കമ്മ്യൂണിറ്റി കോളേജിലേയ്ക്ക് മാറ്റിയാൽ വാടക ഇനത്തിൽ നൽകുന്ന ഒന്നരലക്ഷം രൂപ മറികടക്കാൻ സാധിക്കും. അതോടൊപ്പം കാവശ്ശേരി പഞ്ചായത്തിലെ കെൽപാം റൈസ് മിൽ ഈ വർഷാവസാനമോ അടുത്ത വർഷം ആരംഭത്തിലോ പദ്ധതി പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയണം. അങ്ങനെവന്നാൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട കുറേയേറെ ആളുകൾക്ക് ജോലി ലഭിക്കാൻ സാധ്യതയുള്ള ഒരു പദ്ധതിയായി അത് മാറും.

കേരളത്തിൽ ഏതാനും മാസങ്ങൾക്കുമുമ്പാണ് ദേവസ്വം നിയമനങ്ങളിൽ ഏറ്റവും ശ്രദ്ധയോടുകൂടി ഇടപെടുന്ന സാഹചര്യങ്ങളുണ്ടായത്. ആ നിലയിലേയ്ക്കുള്ള മാറ്റത്തിലേയ്ക്ക് കേരളം വരുമ്പോൾ എയ്ഡഡ് മേഖലയിൽ ഉൾപ്പെടെയുള്ള നിയമനങ്ങളിൽ സംവരണത്തിന്റെ സാധ്യതകൾ കൊണ്ടുവരാൻ സാധിക്കുന്ന രൂപത്തിലേയ്ക്കുള്ള വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയണം. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ നേതാവും ഒട്ടേറെ വർഷക്കാലം നിയമസഭയിൽ മന്ത്രിയും എം.എൽ.എ.-യുമായി പ്രവർത്തിച്ച സഖാവ് കെ. രാധാകൃഷ്ണനെ പാർലമെന്റിലേയ്ക്ക് നാടുകടത്തിയെന്ന ജനാധിപത്യ സംവിധാനത്തിനുതന്നെ നിരക്കാത്ത രീതിയിലുള്ള പരാമർശം ശ്രീ. മഞ്ഞളാംകുഴി അലിയുടെ ഭാഗത്തുനിന്നുണ്ടായി. കഴിഞ്ഞ പത്ത് വർഷക്കാലം രാജ്യത്താകമാനം പട്ടികജാതി ജനവിഭാഗങ്ങൾക്കെതിരെ വലിയ രീതിയിലുള്ള കടന്നാക്രമണം നടന്ന കാലഘട്ടമായിരുന്നു. സംവരണം എടുത്തുമാറ്റുക എന്നതാണ് ആർ.എസ്.എസ്.-ന്റെ പ്രഖ്യാപിതമായ ലക്ഷ്യം. അങ്ങേയറ്റം പ്രയാസകരമായ ഈ കാലഘട്ടത്തിൽ നമ്മുടെ രാജ്യത്തിന്റെ പാർലമെന്റിൽ ഇടതുപക്ഷത്തിന്റെ

ശബ്ദമായി ഉയരാൻ വേണ്ടിയാണ്, അഞ്ച് വർഷം മുമ്പ് നഷ്ടപ്പെട്ട ആലത്തൂർ പാർലമെന്റ് മണ്ഡലം തിരിച്ചുപിടിക്കുകയെന്ന രാഷ്ട്രീയ ലക്ഷ്യത്തോടുകൂടി സഖാവ് കെ. രാധാകൃഷ്ണൻ മത്സരിച്ചത്. മത്സരിച്ച് വിജയിച്ച് പാർലമെന്റിൽ സി.പി.ഐ.(എം.)-ന്റെ കക്ഷി നേതാവായി എത്തപ്പെട്ട സഖാവിനെ സംബന്ധിച്ച് മോശം പരാമർശം നടത്തിയത് പിൻവലിച്ച് മാപ്പ് പറയാൻ ബഹുമാനപ്പെട്ട അംഗം തയ്യാറാകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ-പിന്നാക്ക ക്ഷേമ-ന്യൂനപക്ഷ വിഭാഗങ്ങളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനയാണ് ഇന്ന് ചർച്ച ചെയ്യുന്നത്. ഇത് അവസാനത്തെ ധനാഭ്യർത്ഥനയാണ്. സമൂഹത്തിലെ അവസാനത്തെ ജനവിഭാഗങ്ങളുടെ കാര്യമാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിനോടൊപ്പം ചേർത്തുവയ്ക്കുന്ന ഒന്നാണ് പിന്നാക്ക ക്ഷേമ വകുപ്പും. മുമ്പും പിന്നാക്ക ക്ഷേമ വകുപ്പ് നമുക്കുണ്ടായിരുന്നു. പക്ഷെ പിന്നാക്ക ക്ഷേമ വകുപ്പ്

ബി.സി.ഡി.സി. (Backward Classes Development Corporation) എന്ന ഒരു കോർപ്പറേഷനിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നായിരുന്നു. എന്നാൽ 2011-ൽ ഉമ്മൻ ചാണ്ടി സർക്കാരാണ് റീജിയണൽ ഡയറക്ടറേറ്റും സെക്രട്ടേറിയറ്റിൽ ഭരണ സംവിധാനവുമുണ്ടാക്കി ഇതൊരു പ്രത്യേക വകുപ്പാക്കി മാറ്റിയത്. ആ വകുപ്പിന്റെ ഭാഗമായി ഒട്ടനവധി കാര്യങ്ങൾ ചെയ്യുകയും അതിനുവേണ്ടി പ്ലാൻ ഫണ്ട് നീക്കിവയ്ക്കുകയും ചെയ്തത് ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ്. എസ്.സി./എസ്.ടി. വിഭാഗങ്ങൾ, ഒ.ബി.സി., മുസ്ലീം-ഈഴവ എന്നീ വിഭാഗങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ നിരന്തരം ഇവിടെ സംസാരിക്കും. പക്ഷെ നമ്മുടെ സഭ പലപ്പോഴും വേണ്ട രീതിയിൽ അഡ്രസ് ചെയ്യാത്ത ചെറുതും വലുതുമായ ഒട്ടനവധി സമുദായങ്ങൾ ഇന്ന് ഒ.ബി.സി. വിഭാഗത്തിലുണ്ട്. Other Backward Hindus എന്ന പേരിൽ അറിയപ്പെടുന്ന മറ്റ് പിന്നാക്ക ഹിന്ദു ജനവിഭാഗങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. അവരുടെ അവസ്ഥയെക്കുറിച്ച് ആരും ചിന്തിക്കാറില്ല. വിശ്വകർമ്മജരും പത്മശാലിയും അടക്കമുള്ള മുപ്പതോളം ചെറിയ വിഭാഗങ്ങൾ അതിൽ ഉൾപ്പെടുന്നുണ്ട്. അവരുടെ എണ്ണവും വണ്ണവും നോക്കി കൈകാര്യം ചെയ്തിരുന്ന ഒരു രീതിയാണ്

തുടർന്നുവന്നിരുന്നത്. ഉമ്മൻ ചാണ്ടി എന്ന നേതാവ് അത്തരം ചെറിയ ജനവിഭാഗങ്ങളെപ്പോലും പരിഗണിക്കണമെന്ന് ആഗ്രഹിക്കുകയും അവരുമായി നിരന്തരം മീറ്റിംഗുകൾ വിളിക്കുകയും ചെയ്തിരുന്ന കാര്യങ്ങൾ ഞാൻ ഓർക്കുകയാണ്. ഞാൻ അന്ന് പിന്നാക്ക ക്ഷേമ വകുപ്പുമന്ത്രിയായിരുന്നു. അന്നത്തെ സാഹചര്യത്തിൽ കുറേ കാര്യങ്ങൾ അദ്ദേഹം തുടങ്ങിവച്ചു. അക്കാര്യങ്ങൾ ഫയൽ നോക്കിയാൽ അങ്ങേയ്ക്ക് മനസ്സിലാക്കാൻ കഴിയും. അതെല്ലാം തുടർന്നും കൊണ്ടുപോകാൻ കഴിയണം. കാരണം പരമ്പരാഗത തൊഴിൽ ചെയ്യുന്ന ഒരു വലിയ ജനവിഭാഗമാണവർ. സമയപരിമിതിയുള്ളതുകൊണ്ട് അധികം സംസാരിക്കുന്നില്ല. സ്വർണ്ണപ്പണി ചെയ്യുന്ന ആളുകളെ സംബന്ധിച്ച് സൂചിപ്പിക്കുകയാണെങ്കിൽ അവർക്കിപ്പോൾ പരമ്പരാഗത തൊഴിലുകൾ നഷ്ടപ്പെടുന്ന അവസ്ഥയാണ്. കാരണം ഇന്ന് ഫാക്ടറികളിലേതുപോലെയാണ് സ്വർണ്ണാഭരണങ്ങൾ നിർമ്മിക്കുന്നത്. മുഴുവനും മെഷീൻ വർക്കുകളാണ്. അതുകൊണ്ടുതന്നെ പാരമ്പര്യ തൊഴിൽ ചെയ്യാൻ അവർക്ക് അവസരമില്ല. ഈ വിഭാഗത്തിലുള്ള ആളുകൾ വലിയ രീതിയിലുള്ള പ്രയാസം അനുഭവിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് യു.ഡി.എഫ്.

ഗവൺമെന്റ് അവർക്ക് നല്ലരീതിയിലുള്ള പിന്തുണ നൽകിയിരുന്നു. വിശ്വകർമ്മജർ വിഭാഗത്തിന് സംവരണം ഏർപ്പെടുത്തുകയുണ്ടായി. ആശാരിപ്പണി, മരപ്പണി തുടങ്ങിയ ജോലികൾ ചെയ്യുന്നവരുടെ അവസ്ഥയെന്താണ്; അതെല്ലാം വലിയ രീതിയിൽ അഡ്രസ് ചെയ്യേണ്ട കാര്യങ്ങളാണ്. അവരുടെ സാമൂഹിക അവസ്ഥയെയും സാമ്പത്തിക സാഹചര്യത്തെയുംകുറിച്ച് ആരും പരിശോധിക്കാറില്ല. അവർക്കാവശ്യമായ പിന്തുണ നൽകാൻ ഗവൺമെന്റിന് കഴിയണം. പക്ഷെ നിർഭാഗ്യമെന്ന് പറയട്ടെ, 2011-ന് മുമ്പുള്ള എൽ.ഡി.എഫ്.-യു.ഡി.എഫ്. സർക്കാരുകൾ ഇക്കാര്യം ചെയ്തിട്ടില്ല. 2016-ന് ശേഷം അധികാരമേറ്റ എൽ.ഡി.എഫ്. സർക്കാർ ഇത്തരം കാര്യങ്ങൾ അഡ്രസ് ചെയ്തിട്ടേയില്ല. എനിക്കത് ഉറപ്പിച്ച് പറയാൻ കഴിയും. കാരണം ഞാൻ ഇക്കാര്യങ്ങളെല്ലാം ശ്രദ്ധിക്കുന്ന ഒരാളാണ്. അതുപോലെ മൺപാത്രനിർമ്മാണ തൊഴിലാളികൾ വളരെ പാവപ്പെട്ട ഒരു ജനവിഭാഗമാണ്. മൺപാത്രനിർമ്മാണം കേവലം നിർമ്മാണങ്ങൾ മാത്രമല്ല, അതൊരു കല കൂടിയാണ്. ശില്പ നിർമ്മാണവും ചിത്രകലയെയുംപോലെ എത്ര മനോഹരമായിട്ടാണ് മൺപാത്രങ്ങൾ നിർമ്മിച്ചെടുക്കുന്നത്; പക്ഷെ അവരുടെ

പ്രശ്നങ്ങൾ നമ്മൾ അഡ്രസ് ചെയ്യുന്നുണ്ടോ? ആദ്യമായി യു.ഡി.എഫ്. സർക്കാർ അവർക്ക് 25,000 രൂപ വീതം സൗജന്യമായി, തിരിച്ചടയ്ക്കാത്ത വിധത്തിലുള്ള ഗ്രാന്റ് അനുവദിച്ചു. പക്ഷെ പിന്നീടുള്ള സർക്കാർ അധികാരത്തിലെത്തിയപ്പോൾ അത് തുടർന്ന് നൽകിയില്ല. ഈ വിഭാഗം ആളുകളെ അഡ്രസ് ചെയ്യുന്ന കാര്യത്തിൽ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെ ആലയിൽ ഇരുമ്പ് ചൂടാക്കി അടിച്ചൊതുക്കി ആയുധങ്ങളുണ്ടാക്കുന്ന ഒരു വിഭാഗം ആളുകളുണ്ട്. ഇന്ന് അവരുടെ അവസ്ഥയെന്താണ്; ഇപ്പോൾ അത്തരത്തിലുള്ള ആലകൾ കാണാൻ കഴിയുമോ; അതുകൊണ്ട് അവരെല്ലാം സമ്പന്നരായി എന്നാണോ നാം കരുതേണ്ടത്; അല്ല. അവർ വലിയ പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ ആവശ്യങ്ങളും പരിഗണിക്കണം. ഇത്തരത്തിലുള്ള ജനവിഭാഗങ്ങളുടെ കാര്യത്തിൽ നമുക്ക് ഏറെ മുന്നോട്ടുപോകേണ്ടതുണ്ട്. പത്മശാലി വിഭാഗങ്ങൾ നെയ്ത്ത് തൊഴിലാക്കിയിട്ടുള്ളവരാണ്. അവരുടെ ആവശ്യങ്ങൾ നിരന്തരം അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇത്തരത്തിലുള്ള മുപ്പത് സമുദായങ്ങളെ ഒരു ലിസ്റ്റിലാക്കി ഷെഡ്യൂൾ ചെയ്യുകയും ഈ വിഭാഗത്തിലെ

പെൺകുട്ടികൾക്ക്, ഒ.ഇ.സി. വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ നൽകി പഠിക്കാനുള്ള സാഹചര്യം ഏർപ്പെടുത്തുകയും ചെയ്തത് ഉമ്മൻ ചാണ്ടി ഗവൺമെന്റാണ്. അത്തരം ആനുകൂല്യങ്ങളെല്ലാം ഇപ്പോൾ നിങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. ഒന്നും നൽകാതെ എല്ലാം കുടിശ്ശികയാണ്. നമ്മൾ ഇവിടെ ചർച്ച ചെയ്യുന്ന ചില വിഭാഗങ്ങളെ സംബന്ധിച്ച് മാത്രമല്ല എല്ലാ വിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങൾ അറിയണം, അവരുടെ എണ്ണവും വണ്ണവുമല്ല നോക്കേണ്ടത്. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾ ആരാണോ അവരെ അഡ്രസ് ചെയ്യാൻ ഒരു സർക്കാരിന് കഴിയണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഉമ്മൻ ചാണ്ടി ഗവൺമെന്റ് അതുസംബന്ധിച്ച് കുറേ നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചാൽ അങ്ങേയ്ക്കത് മനസ്സിലാകും. വിശ്വകർമ്മ വിഭാഗക്കാരുടെ പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്നായിരുന്നു നിയന്ത്രിത അവധി എന്നത്. വിശ്വകർമ്മ ദിനം അവർക്ക് നിയന്ത്രിത അവധിയായി അനുവദിച്ചതും അവർക്കാവശ്യമായ ടൂൾ കിറ്റ് നൽകാനുള്ള തീരുമാനം കൈക്കൊണ്ടതും യു.ഡി.എഫ്. ഗവൺമെന്റാണ്. ഇക്കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട മന്ത്രിക്ക് പരിശോധിച്ചാൽ മനസ്സിലാകും. എന്നാൽ ഇപ്പോൾ

ടൂൾ കിറ്റ് നൽകുന്നില്ല. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളെ ഏതെല്ലാം രീതിയിൽ സംരക്ഷിക്കാൻ കഴിയുമോ അവരെയൊക്കെ സംരക്ഷിക്കാനുള്ള ശ്രമം ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഒരുപാട് കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയപരിമിതിമൂലം ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.

ദേവസ്വം നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയം ഞാൻ ആവർത്തിച്ച് പറഞ്ഞിരുന്നു, ഇന്നും ആരൊക്കെയോ സഭയിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ദേവസ്വം ബോർഡ് നിയമനത്തിലെ റിസർവേഷൻ എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് മാത്രമല്ല, സംവരണം കൊണ്ടുവന്നപ്പോൾ എല്ലാ പിന്നാക്ക വിഭാഗങ്ങൾക്കുംകൂടിയാണ് ദേവസ്വം ബോർഡിന് കീഴിലെ അമ്പലങ്ങളിലെ ശാന്തി നിയമനങ്ങളിൽ സംവരണം കൊണ്ടുവന്നത്. അത് യു.ഡി.എഫ്.-ന്റെ കാലത്താണെന്ന് ഞാൻ പലപ്പോഴും പറഞ്ഞു. പക്ഷേ ഇവർ അവർത്തിച്ച് പറഞ്ഞുകൊണ്ടേയിരിക്കുന്നു.... അങ്ങ് അനുവദിക്കുകയാണെങ്കിൽ രണ്ടുകാര്യങ്ങൾ ഞാൻ പറയാം. ഇതുമായി ബന്ധപ്പെട്ട് 2015-ൽ യു.ഡി.എഫ്. കൊണ്ടുവന്ന നിയമവും പിന്നീട് യു.ഡി.എഫ്.-ന്റെ കാലത്തുതന്നെ കൊണ്ടുവന്ന

റൂൾസും.... അങ്ങ് അനുവദിക്കുകയാണെങ്കിൽ ഇവ രണ്ടും ഞാൻ സഭയിൽ സമർപ്പിക്കാം. ഇതിൽ രണ്ടിലും പറയുന്നത് ശാന്തി നിയമനങ്ങൾ ... യു.ഡി.എഫ്.-ന്റെ കാലത്താണെന്ന്. എന്നിട്ടും ശ്രീ. വി. എൻ. വാസവൻ കഴിഞ്ഞ തവണ പറഞ്ഞത് ...., ആ സമയത്ത് ഞാൻ സഭയിൽ ഉണ്ടായിരുന്നില്ല. 2016 ജനുവരി മാസം ഇതുമായി ബന്ധപ്പെട്ട അപേക്ഷ ക്ഷണിച്ചു. പക്ഷേ നിർഭാഗ്യവശാൽ തിരഞ്ഞെടുപ്പ് വന്നതുകൊണ്ട് നിയമന നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. പിന്നീട് അധികാരത്തിൽവന്ന പിണറായി വിജയൻ ഗവൺമെന്റാണ് ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചതും നിയമനം നടത്തിയതും. അത് ഞാൻ അംഗീകരിക്കുന്നു. പക്ഷേ നിയമം കൊണ്ടുവന്നത് യു.ഡി.എഫ്.-ന്റെ കാലത്താണ്. അതിൽ തർക്കമുണ്ടാകരുത്. ഇക്കാര്യം പരിശോധിക്കാവുന്നതാണ്. അങ്ങ് (ശ്രീ. വി. എൻ. വാസവൻ) മന്ത്രിയായതുകൊണ്ട് അങ്ങേയ്ക്ക് അതുസംബന്ധിച്ച വിവരങ്ങൾ ലഭിക്കും.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, (....മൈക്ക് ഓഫ്.....)

ശ്രീ. എ. പി. അനിൽ കുമാർ: സർ, റൂൾസ്, നിയമം എന്നിവ പരിശോധിച്ചാൽ ഇക്കാര്യം ബോധ്യമാകും. മുൻ മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രിസ്ഥാനം ഒഴിയുന്നതിനുമുമ്പ് ഒരു ഉത്തരവിട്ടു. ദേവസ്വം ബോർഡുകൾക്കുകീഴിലെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ നിർബന്ധമായും സംവരണം നടപ്പാക്കണമെന്ന് ഞങ്ങൾ പലതവണ നിയമസഭയിൽ പറഞ്ഞതാണ്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സബ്മിഷനും നൽകി. ഇത് സമയമാകുമ്പോൾ ചെയ്യുമെന്നാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട മുൻ ദേവസ്വം വകുപ്പുമന്ത്രിയും (ശ്രീ. കെ. രാധാകൃഷ്ണൻ) പലവട്ടം അങ്ങനെയാണ് പറഞ്ഞത്. പക്ഷേ ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രിസ്ഥാനം ഒഴിയുന്നതിനുമുമ്പ് ഒരു ഉത്തരവിറക്കി-എക്സിക്യൂട്ടീവ് ഓർഡർ. നിലവിൽ ഒരു നിയമം പ്രാബല്യത്തിലുള്ളപ്പോൾ അതിൽ ഭേദഗതി വരുത്താതെ എങ്ങനെയാണ് ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുന്നത്? അത് ജനങ്ങളെ വിഡ്ഢികളാക്കുന്നതാണ്. സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നത് എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് മാത്രമല്ല; ഒ.ബി.സി., ഒ.ഇ.സി.,

വിഭാഗങ്ങൾക്കൊക്കെ അതിന്റെ ആനുകൂല്യങ്ങൾ ലഭിക്കും. ആ സംവരണം കൊണ്ടുവരാൻ നിങ്ങൾക്ക് നിശ്ചയദാർഢ്യം ഉണ്ടായിരുന്നുവെങ്കിൽ ഈ നിയമസഭയിൽ നിങ്ങൾ നിയമം കൊണ്ടുവരണമായിരുന്നു. ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ ഇത്തരത്തിലുള്ള കാര്യങ്ങൾ നടപ്പാക്കാൻ കഴിയില്ലെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്; അപ്പോൾ തിരഞ്ഞെടുപ്പിനുമുമ്പ് ഇങ്ങനെയൊരു ഉത്തരവ് ഇറക്കിയത് എന്തിനാണ്? ഈ ജനവിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ നിങ്ങൾക്ക് ഒരു നിലപാടുമില്ലെന്ന് അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്. സമീപനമുണ്ടാവണം, സമീപനമാണ് നമ്മളെ നടപടികളിലേയ്ക്ക് നയിക്കുക. പിന്നാക്ക വിരുദ്ധ സമീപനമാണ് ഈ ഗവൺമെന്റിന്റെ സമീപനമെന്ന് ഞാൻ എപ്പോഴും പറയാറുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങളിൽ നിങ്ങൾക്ക് താൽപര്യമില്ല. നിങ്ങൾക്ക് ഒരുപാട് വലിയ കാര്യങ്ങളുണ്ട്. ഈ പാവപ്പെട്ട വിഭാഗങ്ങളുടെ പ്രശ്നങ്ങളിൽ നിങ്ങൾക്ക് താൽപര്യമില്ല. അതുകൊണ്ട് നിങ്ങൾ അത് ചെയ്യുന്നില്ല. ദേവസ്വം ബോർഡുകൾക്കുകീഴിലെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം കൊണ്ടുവരാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ

അടുത്ത സഭാസമ്മേളനത്തിൽ നിങ്ങൾ ഈ വിഷയം സഭയിൽ കൊണ്ടുവരണം. എങ്കിൽ മാത്രമേ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

പാലക്കാട് മെഡിക്കൽ കോളേജിനെ സംബന്ധിച്ചാണ് മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ് പാലക്കാട് മെഡിക്കൽ കോളേജ് കൊണ്ടുവന്നതെങ്കിലും എൽ.ഡി.എഫ്. ആണ് എല്ലാം ചെയ്തതെന്ന നിലയിൽ ശ്രീമതി ശാന്തകുമാരി കെ. പറഞ്ഞത് ഞാൻ മനസ്സിലാക്കുന്നുണ്ട്. നിങ്ങൾ ഭരണത്തിൽവന്ന് എട്ടുവർഷം കഴിഞ്ഞിട്ടും അവിടെ എല്ലാവിധ സംവിധാനങ്ങൾ ഉണ്ടായിട്ടും ഇതുവരെ അവിടെ ഐ.പി. തുടങ്ങാൻ നിങ്ങൾക്ക് സാധിച്ചിട്ടില്ല. അവിടെ കുട്ടികൾ സമരം ചെയ്യുകയാണ്. പാലക്കാട് ജില്ലയിലുള്ള ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഇക്കാര്യം അറിയാമല്ലോ? മെഡിക്കൽ കോളേജ് എങ്ങനെ പ്രവർത്തിപ്പിക്കണമെന്നത് സംബന്ധിച്ച് ഈ ഗവൺമെന്റ് ആലോചിക്കുന്നേയില്ല. ഇത്രയും വലിയ മെഡിക്കൽ കോളേജ്...., ഈ ഗവൺമെന്റിന്റെ സമീപനം കൊണ്ടല്ലേ ഇങ്ങനെ സംഭവിച്ചത്? ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഉമ്മൻ ചാണ്ടി ഗവൺമെന്റ്

എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായി മാത്രം എസ്.സി. ഫണ്ട് ഉപയോഗിച്ചുകൊണ്ട് മെഡിക്കൽ കോളേജ് നടപ്പാക്കുന്നു. ഇതിനുവേണ്ടി 86,000 കോടി രൂപയാണ് കിഫ്ബി ചെലവഴിച്ചത്. കിഫ്ബി എന്നാൽ എന്താണ്; കിഫ്ബിയുടെ തിരിച്ചടവ് എവിടെ നിന്നാണ്? നമ്മുടെ ബഡ്ജറ്റിൽനിന്നാണ്. ആ ബഡ്ജറ്റിൽനിന്നും തിരിച്ചടയ്ക്കേണ്ട 86,000 കോടി രൂപ ചെലവഴിക്കുമ്പോൾ 250 കോടി രൂപയെങ്കിലും ഈ മെഡിക്കൽ കോളേജിനായി നീക്കിവച്ചിരുന്നുവെങ്കിൽ എല്ലാ കാര്യങ്ങളും ചെയ്യാമായിരുന്നില്ലേ; നിങ്ങൾ ചെയ്തോ? അവിടെ നിയമനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ഈ ഗവൺമെന്റ് യാതൊന്നും ചെയ്തില്ല. ഞാൻ സൂചിപ്പിക്കുന്നത് ഏത് കാര്യങ്ങളായാലും ഈ ഗവൺമെന്റിന്റെ സമീപനമെന്ന് പറയുന്നത് ദളിത് വിരുദ്ധ സമീപനമാണ്. ലൈഫ് മിഷൻ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം നൽകുന്നത് ത്രിതല പഞ്ചായത്തുകളും ഗവൺമെന്റുമാണ്. ഒരു ലക്ഷം രൂപയാണ് ഗവൺമെന്റ് നൽകുന്നത്. എടുക്കുന്ന ലോണിന്റെ ഇന്ററസ്റ്റ് കൊടുക്കുമെന്ന് പറയുന്നു. ഒരു ലക്ഷം രൂപ വീതം ഓരോ ഗുണഭോക്താവിനും കൊടുക്കുമ്പോൾ അത് ഗവൺമെന്റിന്റെ

ഫണ്ടിൽനിന്നുമാണ് കൊടുക്കുന്നത്. എസ്.സി. വിഭാഗങ്ങൾക്ക് ആ ഫണ്ട് നൽകണ്ടേ? 1126 കോടി രൂപയാണ് പട്ടികജാതി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ഇക്കഴിഞ്ഞ കാലംകൊണ്ട് ലൈഫ് മിഷനുവേണ്ടി ചെലവഴിച്ചത്. ആ പണം ലൈഫ് മിഷൻ, എസ്.സി. വിഭാഗം ഗുണഭോക്താക്കൾക്ക് കൊടുക്കേണ്ട തുകയാണ്. എസ്.സി. വിഭാഗത്തിനൊഴികെ എല്ലാവർക്കും ഗവൺമെന്റ് ഫണ്ട് കൊടുക്കുന്നു. ഒരു ലക്ഷം രൂപ വീതം ഓരോ ജനറൽ കാറ്റഗറിയിൽപ്പെട്ട ഗുണഭോക്താക്കൾക്കും കൊടുക്കുന്നു. എന്നാൽ എസ്.സി. കാറ്റഗറിക്ക് കൊടുക്കുന്ന ഒരു ലക്ഷം രൂപ പ്ലാൻ ഫണ്ടിലൂടെ എസ്.സി.-ക്ക് അനുവദിച്ച പണം എടുത്ത് കൊടുക്കുകയാണ്. അവിടെയും ഈ വിഭാഗത്തെ ചതിക്കുകയല്ലേ; നിങ്ങൾ വഞ്ചിക്കുകയല്ലേ ചെയ്യുന്നത്? ആ പൈസ അവരുടെ ഡിപ്പാർട്ട്മെന്റ് ചെലവഴിക്കട്ടെ. ജനറൽ വിഭാഗത്തിന് ഒരു ലക്ഷം രൂപ കൊടുക്കുമ്പോൾ എന്തുകൊണ്ട് ഈ ഗവൺമെന്റ് ലൈഫ് മിഷൻ പദ്ധതിക്ക് എസ്.സി. വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഫണ്ട് അനുവദിക്കുന്നില്ല? നിങ്ങൾ ഇതിനെ രാഷ്ട്രീയമായി കാണരുത്. ഈ പാവപ്പെട്ട ജനവിഭാഗത്തിന് ലഭിക്കേണ്ട ഫണ്ടാണ്, അത് ലഭിക്കുന്ന കാര്യത്തിൽ

നിങ്ങളുടെ നിലപാട് വ്യക്തമാക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, ചർച്ചയിൽ പതിനേഴോളം ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചു. ഈ വകുപ്പിനെ സംബന്ധിച്ച് സംസാരിച്ച എല്ലാ മെമ്പർമാരും വളരെ ആഴത്തിലും വിശദമായും ഇവിടെ ചർച്ചയിൽ പങ്കെടുത്തു. അതുകൊണ്ട് കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. ഇവിടെ ശ്രീ. കോവൂർ കുഞ്ഞുമോൻ ഉൾപ്പെടെയുള്ള അംഗങ്ങൾ സംസാരിച്ചതുപോലെ നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രപരമായിട്ടുള്ള ഘടകമാണ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്ന് പറയുന്നത്. അവരുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും എല്ലാ കാലഘട്ടത്തിലും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിച്ചിട്ടുള്ള നയസമീപനങ്ങൾ നമുക്ക് എല്ലാവർക്കും അറിയാം. നേരത്തെ അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, 1957-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരാനൊരു പശ്ചാത്തലമുണ്ടായിരുന്നു. ആ പശ്ചാത്തലമെന്ന് പറയുന്നത് സ്വാമി വിവേകാനന്ദൻ പറഞ്ഞതുപോലെ

അദ്ദേഹം കേരളത്തിൽവന്ന് കണ്ടതുപോലെയുള്ള ഒരു സാമൂഹിക വ്യവസ്ഥിതി കേരളത്തിൽ നിലനിന്നിരുന്നു എന്നതാണ്. കർഷകരും കർഷകത്തൊഴിലാളികളും ആദിവാസികളും നേരിട്ടിട്ടുള്ള കൊടിയ പീഡനങ്ങളുടെയും ഉച്ചനീചത്വങ്ങളുടെയും ഫലമായാണ് 1957-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലെത്തിയത്. ആ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ആദ്യമായി ഒരു കുടികിടപ്പ് അവകാശംതന്നെ ഈ അടിസ്ഥാന വിഭാഗത്തിന് ലഭ്യമാകുന്നത്. പിന്നീട് സാർവ്വത്രിക വിദ്യാഭ്യാസം വരെയുള്ള കാര്യങ്ങൾ എല്ലാം നമുക്കറിയാം. അതാണ് കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റിന്റെ ആദിവാസി വിഭാഗത്തോടുള്ള ആദ്യത്തെ കാഴ്ചപ്പാടെന്ന് പറയുന്നത്. പിന്നീട്, 1996-ൽ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ടിന്റെ ചുവട് പിടിച്ചുകൊണ്ട് ജനകീയാസൂത്രണം കേരളത്തിൽ നടപ്പാക്കിയിട്ടുള്ള കാര്യം നമുക്കറിയാം. ആ പശ്ചാത്തലത്തിലാണ് കേരളത്തിലെ ആദിവാസി സമൂഹത്തിന് ഏറ്റവും കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയതായി നമുക്ക് കാണാൻ സാധിക്കുന്നത്. അതിൽ എല്ലാവർക്കും വീട്, കുടിവെള്ളം, വൈദ്യുതി എന്നുള്ള

സങ്കൽപ്പത്തിലേയ്ക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വിവിധ പദ്ധതികൾ നടപ്പാക്കി. അതിൽ പട്ടികജാതി, പട്ടികവർഗ്ഗത്തിന് ഏറ്റവും നല്ല രീതിയിലുള്ള പരിഗണന ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള കാഴ്ചപ്പാട് ആ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയെന്ന് നമുക്ക് കാണാൻ സാധിക്കും. മൂന്നാം ഘട്ടത്തിലേയ്ക്ക് കടക്കുമ്പോൾ ഇടതുപക്ഷ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന ആശയമാണ് നവകേരള മിഷൻ എന്ന് പറയുന്നത്. ആ നവകേരള മിഷൻ മൂന്നാം ഘട്ടത്തിലാണ് കാണാൻവേണ്ടി സാധിക്കുന്നത്. ആ നവകേരള മിഷൻ പദ്ധതിയിൽ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം നമുക്ക് കൃത്യമായി പരിശോധിച്ചാൽ മനസ്സിലാകും. കാലഘട്ടത്തിന് അനുസരിച്ച് ആദിവാസി വിഭാഗത്തെ മുന്നോട്ടുനയിക്കാനുള്ള കാഴ്ചപ്പാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ആദിവാസി സമൂഹം പരമ്പരാഗതമായി കൃഷിയും കൃഷി മേഖലയും കാർഷിക തൊഴിലാളിയും ആയി മാത്രം ജീവിക്കുന്നവരാണ്. ചരിത്രപരമായി കൃഷി അവരുടെ ഒരു തൊഴിലും വരുമാന മാർഗ്ഗവുമായിരുന്നു. പക്ഷേ കാലവും ലോകവും മാറിയില്ലേ, അപ്പോൾ ആദിവാസി സമൂഹവും മാറേണ്ടതുണ്ട്,

അവരെയും മാറ്റണം. ആ മാറ്റത്തിന്റെ ചുവട് പിടിച്ചുകൊണ്ടാണ് നവകേരള മിഷനിൽ ആദിവാസി സമൂഹത്തിന് ആവശ്യമായിട്ടുള്ള പ്രാതിനിധ്യം നൽകി ഈ ഗവൺമെന്റ് ചില പദ്ധതികൾ നടപ്പാക്കുന്നത്. അതിലെ എല്ലാ കാര്യങ്ങളും ഞാൻ ഇവിടെ പറയുന്നില്ല. എല്ലാക്കാലത്തും അതിനുള്ള പശ്ചാത്തലം ഒരുക്കിയിരിക്കുന്നത് നമുക്ക് കാണാൻ സാധിക്കും.

നവകേരള മിഷനിൽ 'എല്ലാവർക്കും ഭൂമി, എല്ലാവർക്കും വീട് ' എന്ന ഒരു കാഴ്ചപ്പാട് ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. അതിനായി ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി റവന്യൂ വകുപ്പുമന്ത്രിതന്നെ മുൻകയ്യെടുത്ത് വലിയ ഒരു പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. ജനറൽ വിഭാഗത്തിന് ഭൂമി ലഭ്യമാക്കുന്നതുപോലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഏറ്റവും കുറഞ്ഞത് 5 സെന്റ് ഭൂമിയെങ്കിലും ലഭ്യമാക്കുന്നതിനായി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം ആദിവാസി സമൂഹം കൈവശംവച്ചതും വനേതരങ്ങളിൽ താമസിക്കുന്നതും

അല്ലെങ്കിൽ മിച്ചഭൂമിയിൽ താമസിക്കുന്നതുമായ ആൾക്കാർക്ക് ആ ഭൂമിയുടെ രേഖകൾ നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പും ഈ ഗവൺമെന്റും സ്വീകരിക്കുന്നുണ്ട്. അങ്ങനെയാണ് നമ്മുടെ സമൂഹത്തിലെ ആളുകൾക്ക് ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. അംബേദ്കർ പദ്ധതിയെക്കുറിച്ച് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ കാര്യങ്ങൾ സൂചിപ്പിച്ചു. എല്ലാ മണ്ഡലങ്ങളിലും നടപ്പാക്കുന്ന ഈ പദ്ധതി ചില സ്ഥലങ്ങളിൽ മന്ദഗതിയിലാണ് നീങ്ങുന്നതെന്ന് സൂചിപ്പിച്ചു. അത് ത്വരിതപ്പെടുത്തുന്നതിനുള്ള ഇടപെടൽ തീർച്ചയായും ഉണ്ടാകും. അത് ശക്തിപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ബജറ്റിൽ 100 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒരു പദ്ധതിയിലൂടെയാണ് നടപ്പാക്കികൊണ്ടിരിക്കുന്നത്. പട്ടികജാതി-പട്ടിക വർഗ്ഗത്തിന് മാത്രമായി പ്രത്യേകിച്ച് ഒരു ഭവന നിർമ്മാണ പദ്ധതിയില്ല. നിലവിൽ ലൈഫ് മിഷൻ പദ്ധതിയിലൂടെയാണ് ഇത് നടപ്പാക്കുന്നത്. ലൈഫ് മിഷൻ പദ്ധതി മുഖാന്തരം മൂന്ന് വർഷത്തിനുള്ളിൽ ഏകദേശം 1078 കോടി

രൂപ ചെലവഴിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 440 കോടി രൂപയാണ് ഈ പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുള്ളത്. ഇക്കാലയളവിനുള്ളിൽ 1,23,362 വീടുകളാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ലഭ്യമാക്കിയിട്ടുള്ളത്. ഈ ഗവൺമെന്റിനെ സംബന്ധിച്ച് ഇനി രണ്ട് വർഷമാണ് മുന്നിലുള്ളത്. അടുത്ത രണ്ട് വർഷത്തിനകം ഇനിയും ഇതിന്റെ ആനുകൂല്യങ്ങൾ ലഭിക്കാത്ത മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനും വീട് ലഭ്യമാക്കുന്നതിനും 440 കോടി രൂപ വകയിരുത്തികൊണ്ട് മുന്നോട്ടുപോകുമെന്നാണ് സൂചിപ്പിക്കാനുള്ളത്. മറ്റൊരു പദ്ധതിയാണ് സേഫ് പദ്ധതി. പല വീടുകളുടെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്ന് രാവിലെ സബ്മിഷനിലൂടെ ഉന്നയിച്ചിരുന്നു. അത്തരം വീടുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. അതുപ്രകാരം 17,829 വീടുകളാണ് സേഫ് പദ്ധതിയിലുൾപ്പെടുത്തി പുതുക്കി പണിത് നൽകിയിട്ടുള്ളത്. ഇതിന്റെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

'പഠനമുറി'യെ സംബന്ധിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. തദ്ദേശീയ ജനവിഭാഗത്തിന്റെ വീട് എന്നത് ചെറുതായിരിക്കും. ചെറിയ വീടാകുമ്പോൾ നമ്മുടെ കുട്ടികൾക്ക് അവിടെയിരുന്ന് പഠിക്കാനുള്ള സൗകര്യക്കുറവുണ്ട്. അക്കാര്യങ്ങൾ മനസ്സിലാക്കിയാണ് വീടിനോട് ചേർന്ന് ചെറിയ സംവിധാനംകൂടി ഒരുക്കുന്നത്. 'പഠനമുറി' എന്ന നിലയ്ക്ക് കുട്ടികൾക്ക് ഇരുന്ന് പഠിക്കാനുള്ള സൗകര്യമായാണ് ഇതിനെ കാണുന്നത്. അത് ഒരു വലിയ വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ ഭാഗമാണ്. അതുകൊണ്ട് ഇക്കാലയളവിൽ 9811 പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്കായി 364 സാമൂഹിക പഠനമുറികളും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ABCD (Akshaya Big Campaign for Document Digitisation) പദ്ധതി ആദ്യമായി വയനാട് ജില്ലയിലാണ് നടപ്പാക്കിയിട്ടുള്ളത്. 2018-ലും 2019-ലും കേരളത്തിലുണ്ടായ പ്രളയവും ആ പ്രളയങ്ങളുടെ ഭാഗമായി ഏകദേശം എല്ലാവരുടെയും പ്രധാനപ്പെട്ട രേഖകൾ നഷ്ടപ്പെട്ടുപോയി. ഈ സാഹചര്യത്തിലാണ് ഈ പദ്ധതി നടപ്പാക്കിയത്. നഷ്ടപ്പെട്ട രേഖകളുടെ ബഹുഭൂരിപക്ഷവും ആദിവാസി സാമൂഹത്തിന്റേതാണ്. അവ തിരിച്ചെടുക്കാനുള്ള പ്രയാസങ്ങൾ

മനസ്സിലാക്കികൊണ്ടാണ് എ.ബി.സി.ഡി. പദ്ധതിക്ക് രൂപംകൊടുത്തിട്ടുള്ളത്. ഈ പദ്ധതി പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ പൂർത്തീകരിച്ചുകഴിഞ്ഞു. ഇനി ശേഷിക്കുന്ന എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കികൊണ്ട് നമ്മുടെ പ്രിയപ്പെട്ടവരുടെ രേഖകളെല്ലാം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. തൊഴിൽ പരിശീലന പരിപാടികളായ കേരള എംപവർമെന്റ് സൊസൈറ്റി, TRACE (Training for Career Excellence), ജ്വാല (ജസ്റ്റീസ് വെൽഫയർ& ലീഗൽ അസിസ്റ്റന്റ്സ്) എന്നിങ്ങനെയുള്ള സംരംഭകത്വ പദ്ധതികളും വകുപ്പ് നടപ്പാക്കുന്നുണ്ട്. കേരള ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള പദ്ധതിയാണ് കെ-ഡിസ്ക്. 'എല്ലാവർക്കും തൊഴിൽ എല്ലാവർക്കും വരുമാനം' എന്നത് ഇടതുപക്ഷ ഗവൺമെന്റിന്റെ പോളിസിയാണ്. ആ പൊതുപോളിസിയിൽ നമ്മുടെ അടിസ്ഥാനവർഗ്ഗത്തെക്കൂടി ഉൾപ്പെടുത്തി അവർക്ക് സ്കിൽ ട്രെയിനിംഗ് നൽകി അവരെ തൊഴിൽ മേഖലയിലേയ്ക്ക് തിരിച്ചുവിടുന്നുണ്ട്. പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കിയ 250 പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഓണറേറിയത്തോടെ ആശുപത്രികളിൽ നിയമിച്ചു. സിവിൽ എഞ്ചിനീയറിംഗ്/ഡിപ്ലോമ പാസ്സായ

500 പട്ടികവിഭാഗക്കാരെ കണ്ടെത്തുകയും അവർക്ക് പരിശീലനം നൽകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അക്രഡിറ്റഡ് എഞ്ചിനീയർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ ആരോഗ്യ മേഖലയിലും സമാനരീതിയിലുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പാരാമെഡിക്കൽ പഠിച്ചിട്ടുള്ള വിദ്യാർത്ഥികളെ നമ്മുടെ ആരോഗ്യ മേഖലയിൽ വിന്യസിച്ച് അവർക്ക് തൊഴിലും വരുമാനവും ഉണ്ടാക്കുന്ന രീതിയിലേയ്ക്ക് മാറ്റാൻ സാധിച്ചു. അവസാനമായി ഗവൺമെന്റ് പട്ടികവർഗ്ഗ വിഭാഗത്തിലെ 500 പേർക്ക് പ്രത്യേക നിയമന നടപടികൾ സ്വീകരിച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം നടത്തി. അവരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. ഇങ്ങനെ ഒരു ഇന്നവേഷൻ അതായത്, കെ-ഡിസ്ക് പോലെ തൊഴിലും വരുമാനവും ലഭ്യമാക്കുന്ന ഒട്ടനവധി പദ്ധതികൾ ഈ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. അതുപോലെ എക്സൈസ് വകുപ്പിലേയ്ക്കും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട 717 കുട്ടികളെയാണ് വിദ്യാഭ്യാസത്തിനായി വിദേശത്തേയ്ക്ക് അയച്ചിട്ടുള്ളത്. ആ കുട്ടികൾക്ക് 25 ലക്ഷം രൂപ നൽകിക്കൊണ്ട് നമ്മുടെ കുട്ടികളെ വിദേശ യൂണിവേഴ്സിറ്റികളിൽ പഠിപ്പിച്ച്

അത്തരം രാജ്യങ്ങളിൽതന്നെ പ്ലേസ്മെന്റും ലഭ്യമാക്കുന്നുണ്ട്. കുട്ടികളെ പരിശീലിപ്പിക്കുമ്പോഴും അവർക്ക് ലംപ്സം ഗ്രാന്റ്/സ്കോളർഷിപ്പ് എന്നിവ നൽകുമ്പോഴും ഇതിനെല്ലാം വിഘാതമായിട്ട് കേന്ദ്ര ഗവൺമെന്റിന്റെ ചില തടസ്സങ്ങളുണ്ട്. രണ്ടര ലക്ഷത്തിന്റെ മുകളിൽ വരുമാനമുള്ള കുടുംബത്തിലെ കുട്ടികൾക്ക് കേന്ദ്രഗവൺമെന്റിന്റെ സബ്സിഡികൾ നിർത്തിയതായി ഇവിടെ ചർച്ചയിൽ സൂചിപ്പിച്ചു. കേന്ദ്ര ഗവൺമെന്റ് ഇതിനെ ബാൻ ചെയ്തെങ്കിലും അതിന്റെ എല്ലാ ഭാരവും കേരളത്തിലെ ഗവൺമെന്റ് ചുമന്നുകൊണ്ടാണ് നമ്മുടെ കുട്ടികളെ ഇത്തരം കാര്യങ്ങൾക്ക് പ്രേരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. ഇതിനുപുറമേ സിവിൽ സർവ്വീസ് പരീക്ഷകൾക്കുവേണ്ടി പഠിപ്പിക്കുന്നുണ്ട്. ഏത് കേന്ദ്ര അഡ്മിനിസ്ട്രേഷൻ ലെവലിലേയ്ക്കും നമ്മുടെ കുട്ടികളെ വളർത്തിയെടുക്കുന്നതിനുവേണ്ടി ഐ.എ.എസ്., ഐ.പി.എസ്., ഐ.ആർ.എസ്. എന്നീ പരീക്ഷകൾക്കുവേണ്ടിയുള്ള കോച്ചിംഗ് പൂർണ്ണമായി സൗജന്യ നിരക്കിൽ കേരളത്തിലെയും ഇന്ത്യയിലെയും ഏത് യൂണിവേഴ്സിറ്റിയിലും സ്ഥാപനത്തിലും ചേർന്ന് പഠിക്കാനുള്ള സാഹചര്യം ഒരുക്കുന്നതിനുവേണ്ടി നമ്മുടെ പ്രിയപ്പെട്ട മക്കളുടെ കാര്യത്തിനുവേണ്ടി ശ്രമം

നടത്തികൊണ്ടിരിക്കുകയാണ്. പലപ്പോഴും ചർച്ചയിലുൾപ്പെടുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ് നമ്മുടെ കുട്ടികളുടെ ഡ്രോപ്പ് ഔട്ട്. നമ്മുടെ കുട്ടികൾ എല്ലാവരും സ്കൂളുകളിലെത്തുന്നില്ല എന്നതിന്റെ പ്രധാന കാരണം വാഹനസൗകര്യമില്ലായ്മയാണ്. അവരെ നിർബന്ധമായും സ്കൂളുകളിൽ എത്തിക്കുന്നതിനുവേണ്ടിയാണ് 'വിദ്യാവാഹിനി' എന്ന പദ്ധതി നടപ്പാക്കുന്നത്. കുട്ടികൾക്കായുള്ള പ്രഭാത ഭക്ഷണ പരിപാടിയും, സ്കൂൾ യൂണിഫോം നൽകുന്നതുപോലെയുള്ള കാര്യങ്ങളും നടപ്പാക്കുന്നുണ്ട്. വളരെ ചെറുപ്പം മുതൽ നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും തുടർന്ന് അവർക്ക് ഉന്നതവിദ്യാഭ്യാസം കൊടുത്തുകൊണ്ട് ഒരു ജോലിയിലൂടെ വരുമാനം ലഭിക്കുന്നവിധത്തിലുള്ള വളരെ ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാട് ഈ ഗവൺമെന്റ് സ്വീകരിക്കുന്നുവെന്നുള്ളത് നമുക്ക് കാണാൻ സാധിക്കും. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഒരു പുതിയ പദ്ധതി നടപ്പാക്കുന്നുണ്ട്. ആ പദ്ധതിയുമായി വിദ്യാവാഹിനി പദ്ധതിയെ ലിങ്ക് ചെയ്യാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. മറ്റൊന്നാണ് അധിക തൊഴിൽ ദിനം നൽകുന്ന പദ്ധതിയായ 'ട്രൈബൽ പ്ലസ്'. കേന്ദ്ര ഗവൺമെന്റ്

ഒരു കുടുബത്തിന് ഒരു വർഷം നൂറ് തൊഴിൽദിനങ്ങളാണ് നൽകുന്നത്. എന്നാൽ ഒരു വർഷം നൂറ് ദിനങ്ങളിലെ വരുമാനം ലഭിക്കുന്നതുകൊണ്ടുമാത്രം അവർക്ക് മുമ്പോട്ടുപോകാൻ കഴിയാത്ത ഒരു സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. അതുകൊണ്ട് അടിസ്ഥാന വർഗ്ഗമായ പട്ടികവർഗ്ഗ വിഭാഗത്തിന് നൂറ് ദിനം കൂടി അധികമായി നൽകുന്നതിന് സംസ്ഥാന സർക്കാർ ഈ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അതുകൂടി ഉൾപ്പെടുത്തി ഒരു വർഷം ആകെ ഇരുന്നൂറ് തൊഴിൽ ദിനങ്ങൾ ഈ കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ അവരുടെ ജോലിയും വരുമാനവും വർധിപ്പിക്കാൻ സാധിക്കും. എട്ടുവർഷംകൊണ്ട് 5318521 തൊഴിൽ ദിനങ്ങൾ ഇതിലൂടെ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. നമ്മുടെ കുട്ടികളെ ആകാശവീഥിയിലെ പൈലറ്റുമാരും എയർ ഹോസ്റ്റസുകളുമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്. MRS (Model Residential School)-ലെ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്, കൂടാതെ കാലാനുസൃതമായി അവർക്ക് നൽകുന്ന മെസ്സ് ഫീയും അനുബന്ധ ആനുകൂല്യങ്ങളും വർധിപ്പിക്കുന്നതിൽ കൂടുതൽ പരിശോധനകൾ നടത്തി നടപ്പാക്കാനും സാധിക്കും. ഇതിനുപുറമേ പട്ടികവർഗ്ഗ

മേഖലകളിൽ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനായി 'എൻ ഊര് ' പോലെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തുകയും അവയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അവിടെയുള്ള യുവതീയുവാക്കൾക്ക് തൊഴിൽ നൽകാനുള്ള കാര്യങ്ങളും വകുപ്പ് പരിശോധിക്കുന്നതാണ്. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും വൈദ്യുതിയില്ലാത്ത ഒരു പട്ടികവർഗ്ഗ വീടും ഉണ്ടാകാൻ പാടില്ലെന്ന ലക്ഷ്യത്തിനായി സമ്പൂർണ്ണ വൈദ്യുതീകരണം നമ്മൾ നടപ്പാക്കിയിട്ടുമുണ്ട്. പുതിയ വീടുകൾ വരുന്നതോടെ വൈദ്യുതി എത്തിച്ചേരാത്ത ഇടങ്ങളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതിയും വൈദ്യുതി വകുപ്പുമായിച്ചേർന്ന് നടപ്പാക്കുന്നുണ്ട്. ആറളം ഫാം പോലെയുള്ള സ്ഥലങ്ങളിലെ ആനശല്യം പരിഹരിക്കുന്നതിനായി 53 കോടി രൂപയുടെ പദ്ധതികളാണ് നടത്തിയിട്ടുള്ളത്. ഇടമലക്കുടിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മുമ്പ് സംസാരിച്ചതാണ്, ഏകദേശം 14 കോടി രൂപയോളം മുടക്കി ഈ പഞ്ചായത്തിലേയ്ക്ക് പുതിയ റോഡ് സംവിധാനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജന്മനാ ഉണ്ടാകുന്ന വൈകല്യങ്ങൾകൊണ്ട്

പ്രയാസമനുഭവിക്കുന്ന കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതിയായ 'കാറ്റാടി' നടപ്പാക്കുന്നുണ്ട്. 'കൈത്താങ്ങ്' പോലെയുള്ള പദ്ധതികളും നടപ്പാക്കുന്നുണ്ട്, സമയക്കുറവുമൂലം എല്ലാ കാര്യങ്ങളും പറയുന്നില്ല.

മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എ. പി. അനിൽ കുമാർ എം.എൽ.എ.-യും ശ്രീമതി ശാന്തകുമാരി കെ. എം.എൽ.എ.-യും സൂചിപ്പിച്ച പാലക്കാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട പ്രധാന വിഷയം, ഞാൻ മന്ത്രിയായി ചുമതലയേറ്റ ഉടൻ കാര്യങ്ങൾ പരിശോധിക്കുകയും ചുമതലയുള്ള ഡോക്ടറുമായി ചർച്ച നടത്തുകയും ചെയ്തു. ഈ നിയമസഭാ സമ്മേളനത്തിനുശേഷം ഇക്കാര്യത്തിൽ കൃത്യമായി പരിഹാരമുണ്ടാക്കുന്നതിനായി ഇടപെടൽ നടത്തുന്നതുമാണ്. അവിടെ ഒരു ഐ.പി.-യൂണിറ്റിനുള്ള കെട്ടിടനിർമ്മാണം നടത്തിയെങ്കിലും 85 ശതമാനം മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചത്. അത് എത്രയുംവേഗം പൂർത്തിയാക്കിയാൽ ഐ.പി. ആരംഭിക്കാൻ സാധിക്കും. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ ഒരു നഴ്സിംഗ് കോളേജ് അവിടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കോളേജിന്റെ പ്രവർത്തനങ്ങൾ പടിപടിയായി

മെച്ചപ്പെടുത്തുന്നതിന് ശക്തമായ ഇടപെടൽ ഉണ്ടാകുമെന്നും പറയുകയാണ്. സംസ്ഥാനത്തെ ഏറ്റവും താഴെത്തട്ടിലുള്ള ജനവിഭാഗത്തിന്റെ സാമൂഹികമായ പരിരക്ഷയ്ക്കുവേണ്ടിയുള്ള ചർച്ചകളും ആരോഗ്യപരമായ നിർദേശങ്ങളുമാണ് മുന്നോട്ടുവച്ചിട്ടുള്ളത്. എല്ലാവരെയും ഈ അവസരത്തിൽ അഭിനന്ദിച്ചുകൊണ്ട് ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുകയാണ്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) : സർ, ഈ വർഷത്തെ ബജറ്റിൽ ന്യൂനപക്ഷ വികസന പദ്ധതികൾക്കായി 115.68 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക അവകാശങ്ങൾ ഇന്ത്യൻ ഭരണഘടന വ്യവസ്ഥ ചെയ്യുന്നതാണ്. ഇന്ത്യയിൽ മാത്രമല്ല, ജനാധിപത്യ ഭരണ സംവിധാനമുള്ള എല്ലാ രാജ്യങ്ങളിലും അതത് അടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങൾക്കുള്ള സംരക്ഷണങ്ങൾ നൽകാനുള്ള നിയമങ്ങൾ നിലവിലുണ്ട്. ഓരോ രാജ്യത്തിലുമുള്ള ന്യൂനപക്ഷ വിഭാഗങ്ങൾ വ്യത്യസ്തമായിട്ടുള്ളതാണ്. പരിരക്ഷ അർഹിക്കുന്നത് മത ന്യൂനപക്ഷങ്ങൾ മാത്രമല്ല, വംശീയ ന്യൂനപക്ഷം, ഭാഷാ ന്യൂനപക്ഷം എന്നിങ്ങനെ ഓരോ സമൂഹത്തിലുമുള്ള

വ്യത്യസ്തങ്ങളായിട്ടുള്ള ന്യൂനപക്ഷങ്ങൾക്ക് പ്രത്യേകമായ സംരക്ഷണങ്ങൾ ഉണ്ട് എന്നുള്ളതാണ്. പലപ്പോഴും ഇത്തരത്തിലുള്ള ന്യൂനപക്ഷ സംരക്ഷണം ന്യൂനപക്ഷ പ്രീണനമായി എല്ലാവരും പറയാറുണ്ട്. ഇതൊരു പ്രീണനമല്ല, ഏതെങ്കിലും തരത്തിലുള്ള ഒരു പ്രീണനം നടത്തേണ്ട ആവശ്യമുള്ളതുകൊണ്ടോ അല്ല ഭരണഘടനയിൽ ഇന്ത്യൻ ഭരണഘടനാ ശിൽപികൾ ന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങൾ പ്രത്യേകം നൽകിയിട്ടുള്ളത്. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിജിയുടെ നിലപാടും ഇതുതന്നെയായിരുന്നു. ന്യൂനപക്ഷ അവകാശങ്ങളെയും സംരക്ഷണത്തെയും കുറിച്ച് സംസാരിക്കുന്നത് പ്രീണനമാണെങ്കിൽ രാഷ്ട്രപിതാവിനെയും ആ ഗണത്തിൽപ്പെടുത്തേണ്ടി വരുമെന്നുള്ള കാര്യം നമ്മൾ മനസ്സിലാക്കണം. ഇക്കാര്യത്തിൽ ഈ ഗവൺമെന്റിന്റെയും ഏതുകാലഘട്ടത്തിലുമുള്ള ഇടതുപക്ഷ ഗവൺമെന്റുകളുടെയും നിലപാട് ജനാധിപത്യ മതനിരപേക്ഷത ശക്തിപ്പെടുത്തുന്നതിനുള്ള സമരത്തിന്റെ മർമ്മപ്രധാനമായ ഒരു വശമായി ന്യൂനപക്ഷ സംരക്ഷണത്തെ കാണുന്നുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ഒരു കണ്ടെത്തലാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇത്തരത്തിലുള്ള ധാരാളം ചർച്ചകൾ വന്നതാണ്. ഈ

തിളക്കമാർന്ന ഒരു നിലപാടിന്റെ അടിസ്ഥാനത്തിലാണ് പ്രശ്നങ്ങളോടുള്ള നമ്മുടെ സമീപനം. ഇതിൽ നമുക്ക് കാണാൻ കഴിയുന്ന കാര്യം മണിപ്പൂരിലെ കലാപത്തിൽ വംശീയ അക്രമത്തിന് ന്യൂനപക്ഷത്തിലെ ക്രിസ്ത്യൻ ജനവിഭാഗങ്ങളാണ് ഇരയായത്. ജമ്മു-കാശ്മീരിന്റെ പ്രത്യേക പദവി എടുത്തുമാറ്റിയ പ്രശ്നം, പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ നമ്മൾ കണ്ടു. അക്കാര്യങ്ങളിലെല്ലാം ഇടതുപക്ഷ ഗവൺമെന്റുകൾ സ്വീകരിച്ച നിലപാടുകൾ അചഞ്ചലമായതാണ്. ഇതിനെയാണ് ചില രാഷ്ട്രീയ കക്ഷികൾ ന്യൂനപക്ഷ പ്രീണനമായി കാണുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം പാലോളി കമ്മീഷനെ നിയമിച്ചതും കമ്മീഷന്റെ റിപ്പോർട്ട് നടപ്പാക്കുന്നതുമൊക്കെ ന്യൂനപക്ഷങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ്. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനെ നിയമിച്ചതും കമ്മീഷന്റെ റിപ്പോർട്ടുമായി ബന്ധപ്പെട്ട നിർദേശങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്നതും ഇതിന്റെ ഭാഗമായിത്തന്നെയാണ്. ഫാസിസ്റ്റ് വർഗ്ഗീയ ശക്തികൾ ഇങ്ങനെ പ്രചരിപ്പിക്കുന്നത് എന്താണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. പക്ഷേ, ചില മതേതര കക്ഷികൾ പ്രീണന

ആക്ഷേപം ഉന്നയിക്കുന്നത് ആരെ സഹായിക്കാനാണെന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. ന്യൂനപക്ഷ വകുപ്പുമായി ബന്ധപ്പെട്ട വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കുകയുണ്ടായി. ന്യൂനപക്ഷ വിദ്യാർത്ഥികളെ വിദ്യാഭ്യാസ രംഗത്ത് സഹായിക്കാൻ പ്രധാനമായും നൽകുന്ന ഒന്നാണ് സ്കോളർഷിപ്പ്. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള എല്ലാ സ്കോളർഷിപ്പുകളും കൃത്യമായിത്തന്നെ വിതരണം ചെയ്തുവരുന്നുണ്ട്. സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിക്കുന്നതിനും മറ്റും എൻ.ഐ.സി. പോർട്ടലിനെയാണ് ആശ്രയിക്കുന്നത്. ഇത് കേന്ദ്രസർക്കാരിന്റെ ഒരു സംവിധാനമാണ്. 2022-23-ൽ എൻ.ഐ.സി. ഹാക്ക് ചെയ്യപ്പെട്ടു. സുരക്ഷാ പരിശോധനയ്ക്കുശേഷം ഫെബ്രുവരി മാസത്തോടുകൂടിയാണ് എൻ.ഐ.സി. പോർട്ടൽവഴി സ്കോളർഷിപ്പിന്റെ വിതരണ നടപടികൾ ആരംഭിച്ചത്. ഇതിനെയാണ് വലിയ രീതിയിലുള്ള വിമർശനമായി ഇവിടെ പറഞ്ഞത്. നിലവിൽ ഒരു സംവിധാനം ഹാക്ക് ചെയ്യപ്പെട്ടാൽ അതിന്റെ പൂർണമായ വിശ്വാസ്യത വീണ്ടെടുത്തതിനുശേഷം മാത്രമെ തുടർപ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുകയുള്ളൂ. എന്നിട്ടും വളരെ കുറഞ്ഞ സമയം കൊണ്ടുതന്നെ സ്കോളർഷിപ്പ് വിതരണം ചെയ്യാൻ കഴിഞ്ഞു. അർഹരായ മുഴുവൻ

ആളുകൾക്കും ഇതിന്റെ ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞുവെന്നത് നമുക്ക് ആശ്വാസം പകരുന്നതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിപ്രകാരം ജനസംഖ്യാനുപാതികമായി മാത്രമെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. അതിൽ മുസ്ലീം ജനവിഭാഗങ്ങൾക്ക് 59.06 ശതമാനവും ക്രിസ്ത്യൻ ജനവിഭാഗങ്ങൾക്ക് 40.87 ശതമാനവുമാണ്. ശേഷിക്കുന്നത് സൂക്ഷ്മ ന്യൂനപക്ഷങ്ങൾ എന്നതാണ് ഇതിന്റെ അനുപാതം. ഏതെങ്കിലും വിഭാഗം അപേക്ഷകരില്ലെങ്കിൽ അത് മറ്റൊരു വിഭാഗത്തിന് കൊടുക്കാൻ സാധ്യമല്ല. അത് പലപ്പോഴും ചർച്ചയായി വരാറുണ്ട്. കേന്ദ്രത്തിൽ ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടിൽ ഗണ്യമായ വെട്ടിക്കുറവുണ്ടായിട്ടുണ്ട്. 2019-20 കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയത് 1,742 കോടി രൂപയായിരുന്നു. അത് 2023-24-ലെ റിവേഴ്സ് എസ്റ്റിമേറ്റിൽ 610 കോടി രൂപ മാത്രമായി; പിന്നീട് അത് എക്സ്പെൻഡിച്ചർ ആയപ്പോൾ 223 കോടി രൂപ മാത്രമായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ PMJVK (പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം)-യുടെ 60 ശതമാനം ഷെയർ കേന്ദ്ര സർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരുമാണ്. ഈ പദ്ധതിയുടെ

കേന്ദ്രവിഹിതത്തിൽ വലിയതോതിലുള്ള വെട്ടിക്കുറവുണ്ടായി. ഇക്കാര്യങ്ങളിൽ വലിയ വിമർശനം ഉന്നയിക്കുമ്പോഴും ഇത്തരം കാര്യങ്ങൾ പരിശോധിക്കാൻകൂടി ആളുകൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

ശ്രീ. പി. ഉബൈദുള്ള: സർ, ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിലാണ് കേന്ദ്ര പദ്ധതിയായ PMJVK വരുന്നത്. ഈ പദ്ധതിയുടെ കീഴിൽ മലപ്പുറം താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി 2021-ൽ 9.90 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ, ഇതുവരെയും ഫണ്ട് വിനിയോഗിച്ചിട്ടില്ല. 40 വർഷങ്ങളായി പ്രവർത്തിക്കുന്ന മലപ്പുറം താലൂക്കാശുപത്രി സ്ഥിതി ചെയ്യുന്നത് വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിലാണ്. ഇത്ര കാലമായിട്ടും കുടികിടപ്പവകാശം എങ്കിലും ലഭിക്കേണ്ടതല്ലേ; വിദ്യാഭ്യാസ വകുപ്പിന്റെ NOC ലഭിക്കാത്ത ഒരൊറ്റ കാരണത്താലാണ് 10 കോടിയോളം രൂപയുടെ ഈ പദ്ധതി പ്രവർത്തനം നടക്കാത്തത്. ഇത് സംബന്ധിച്ച് പത്രത്തിൽ വന്ന ഒരു വാർത്തയുണ്ട്, 'ഇവിടെ ജോലി ചെയ്യാനാകില്ല - ഡോക്ടർമാർ; ആരോഗ്യം ക്ഷയിച്ച കോട്ടപ്പടി താലൂക്കാശുപത്രിയിൽ മെയിൻ ബ്ലോക്കിൽ ഇനി ജോലി ചെയ്യാനാകില്ലെന്ന് സൂപ്രണ്ടിന് കത്ത് നൽകി ഡോക്ടർമാർ.

അപകടാവസ്ഥയിലായ ആശുപത്രിയുടെ മെയിൻ ബ്ലോക്കിൽ ജോലി ചെയ്യുന്നത് ജീവൻ അപകടത്തിലാക്കുമെന്നും പകരം സംവിധാനമൊരുക്കണമെന്നും ആവശ്യപ്പെട്ടാണ് ഡോക്ടർമാർ സൂപ്രണ്ടിന് കത്ത് നൽകിയത്.' ഫണ്ട് ഉണ്ടായിട്ടുപോലും മെയിൻ ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ വകുപ്പിൽനിന്നും എത്രയുംവേഗം NOC ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വേണ്ടരീതിയിൽ ശ്രദ്ധിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട സ്ഥലത്തിന്റെ ഫയൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലുണ്ട്. എത്രയുംവേഗം അതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

മറ്റൊന്ന്, സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് പാലോളി കമ്മീഷനെയും ജെ. ബി. കോശി കമ്മീഷനെയും നിയമിച്ചത്. പാലോളി കമ്മീഷന്റെ റിപ്പോർട്ടിലുള്ള ഒട്ടുമിക്ക ശിപാർശകളും നടപ്പാക്കിയിട്ടുണ്ട്. ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥ്

ഒരു ചോദ്യം ഉന്നയിച്ചിരുന്നു. ഇതിൽ 284 ശിപാർശകളാണുള്ളത്. അത് കൃത്യമായി പരിശോധിക്കുകയും അതിന്റെ മുൻഗണന തയ്യാറാക്കി വരികയുമാണ്. ഇത് വളരെ പെട്ടെന്ന് നടപ്പാക്കുന്നതിനുവേണ്ടി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുകയും ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ അന്തിമമായി റിപ്പോർട്ട് ചെയ്യാനുള്ള നടപടികളും ആയിട്ടുണ്ട്. വളരെ പെട്ടെന്നുതന്നെ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. റോജി എം. ജോൺ: സർ, ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ട് 13 മാസത്തോളമായി. അതിന്റെ തുടർനടപടികളിലേയ്ക്ക് പോകുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഈ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് എന്താണ് തടസ്സം; ഈ റിപ്പോർട്ടിന്റെ ശിപാർശകൾ എന്താണ് എന്നതിനെ സംബന്ധിച്ച് പൊതുസമൂഹത്തിൽ ആർക്കും വ്യക്തമായ ധാരണയില്ല. ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ജെ. ബി. കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന 284 ശിപാർശകളും പരിശോധിച്ച് വിവിധ വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അതിന്റെ കോ-ഓഡിനേഷനുവേണ്ടി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള ഒരു കമ്മിറ്റി രൂപീകരിച്ചുകഴിഞ്ഞു. ഇതിൽ ന്യൂനപക്ഷ വകുപ്പിന് ചെയ്യാവുന്ന കാര്യങ്ങൾക്കുവേണ്ട നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നാൽ അത് ഉടനടി പത്രങ്ങൾക്ക് കൊടുക്കാൻ കഴിയില്ല. അതിൽ നടപ്പിലാക്കേണ്ട വിധങ്ങൾ, അതിൽ സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ എന്നിവ പരിശോധിക്കേണ്ടതുണ്ട്. ആ രീതിയിലാണ് പോകുന്നത്. യാതൊരു താമസവും കൂടാതെ ഇത് നടപ്പാക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. നിരവധി സ്കോളർഷിപ്പുകളുടെ കാര്യം ഞാൻ കഴിഞ്ഞ ദിവസം ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്.

ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏറ്റവും നല്ലരീതിയിൽ നടപ്പിലാക്കുന്നുണ്ട്. 2024-25 വർഷത്തെ ബഡ്ജറ്റിൽ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് 1.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മാത്രമല്ല, കൂടുതൽ സ്ഥലങ്ങളിൽ കമ്മീഷൻ സിറ്റിംഗ് വർധിപ്പിക്കുവാനും പരാതികൾക്ക്

പരിഹാരം കാണാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ന്യൂനപക്ഷ വിഭാഗത്തിൽപെട്ട യുവജനങ്ങൾക്ക് പരിശീലന കേന്ദ്രങ്ങൾ, സംസ്ഥാന സർവ്വീസിലുൾപ്പെടെ പരിശീലനം നൽകുന്നതിന് 24 പരിശീലന കേന്ദ്രങ്ങൾ, 32 ഉപകേന്ദ്രങ്ങൾ എന്നിവയെല്ലാം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ജെ. ബി. കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് 11 പരിശീലന കേന്ദ്രങ്ങൾകൂടി ആരംഭിക്കാനുള്ള ആലോചനയും നടക്കുന്നുണ്ട്. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഓഫീസുകൾ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. അതിൽ പ്രവാസി വായ്പ, വിസ വായ്പ തുടങ്ങിയ നിരവധി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. പ്രസ്തുത ഓഫീസുകൾ കുറെക്കൂടി വ്യാപകമാക്കി ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് കൂടുതൽ അവസരം ഉപയോഗിക്കാനും വളരെ അടുത്തുള്ള സ്ഥലങ്ങളിലെ ഓഫീസുകളെ സമീപിക്കാനുമുള്ള സംവിധാനമാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ന്യൂനപക്ഷ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ ഓഫീസുകൾ തുടങ്ങുന്നത് സംബന്ധിച്ചും പരാമർശിക്കുകയുണ്ടായി. മതിയായ ഫണ്ട് ഇല്ലാത്തതുകൊണ്ട് ലോൺ കൊടുക്കുന്നതിന് തടസ്സം നേരിടുന്ന സാഹചര്യം അഭിമുഖീകരിക്കുന്നുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ഫണ്ട് ലഭ്യത ഉറപ്പുവരുത്തി നിലവിലുള്ള വായ്പാ അപേക്ഷകർക്ക് വായ്പ കൊടുക്കാനുള്ള സാഹചര്യമുണ്ടാക്കുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഗവൺമെന്റ് കൂടുതൽ ഗ്യാരണ്ടി പണം അനുവദിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ പണം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമാക്കാനുള്ള കാര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. മറ്റൊരു കാര്യം, മദ്രസാധ്യാപകരുമായി ബന്ധപ്പെട്ട രീതിയിൽ വളരെ വർഗ്ഗീയമായൊരു പരാമർശം നാട്ടിലൊക്കെ നടക്കുകയാണ്. മദ്രസാധ്യാപകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ, സർക്കാർ വലിയ തോതിൽ അത് നൽകുന്നുവെന്നെല്ലാം സോഷ്യൽ മീഡിയയിൽ വലിയ രീതിയിൽ വരികയാണ്. ഇത് വാസ്തവ

വിരുദ്ധമായ പ്രസ്താവനയാണ്, കേരളത്തിലെ മദ്രസാധ്യാപകർക്ക് സംസ്ഥാന സർക്കാർ 25,000/- രൂപ ശമ്പളം നൽകുന്നുവെന്നെല്ലാമാണ് പറയുന്നത്. ഇത് കേട്ടാൽത്തന്നെ ആളുകൾ അത്ഭുതപ്പെട്ടുപോകും. കാരണം അവരുടെ ശമ്പളത്തിന്റെ സ്ഥിതിയൊന്നും നമ്മൾ ഇവിടെ പറയാതിരിക്കുകയാണ് നല്ലത്.. മദ്രസാധ്യാപകർക്ക് അവരുടെ ക്ഷേമനിധിയിൽനിന്നാണ് ആനുകൂല്യങ്ങൾ നൽകുന്നത്. ഇതിൽ ക്ഷേമനിധിയിലുള്ള പെൻഷൻ, 60 വയസ്സ് പൂർത്തിയാകുമ്പോഴുള്ള 1500/-രൂപ മുതൽ 7500/- രൂപവരെ പെൻഷൻ അവർക്ക് ലഭ്യമാകും. അവശതാ പെൻഷൻ, അവശത കാരണം ജോലിയിൽ തുടരാൻ കഴിയാത്തവർക്കുള്ള പ്രതിമാസ പെൻഷൻ, അത് എല്ലാംതന്നെ നൽകുന്നില്ല. തെറ്റായിട്ടുള്ളൊരു പരാമർശം നടക്കുന്നുണ്ട്. ഗവൺമെന്റിന് ഇത്തരം കാര്യങ്ങളിൽ, നേരിട്ട് ശമ്പളം കൊടുക്കുന്നൊരു ഡിപ്പാർട്ട്മെന്റും നമുക്കില്ല. ക്ഷേമനിധിയിൽ നിന്നാണ് ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നത് എന്നുള്ള കാര്യം സഭയെ അറിയിക്കുകയാണ്. ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇത്തവണ ഏറ്റവും നല്ല രീതിയിൽ നടത്തി. ഇത്തവണ

മൂന്ന് എമ്പാർക്കേഷൻ പോയിന്റുകളിലും പരാതിരഹിതമായി അത് നടത്താൻ കഴിഞ്ഞുവെന്നുള്ള ഒരു കാര്യമുണ്ട്.

ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലിയുടെ ഒരു പരാമർശവുമായി ബന്ധപ്പെട്ടൊരു കാര്യം പറയുകയാണ്. കാരണം പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട കേസുകളിൽ... പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ നടന്ന സമരങ്ങളിൽ 835 കേസുകളാണ് ആകെ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 194 കേസുകൾ ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. അതിൽ 84 കേസുകൾ നിരാക്ഷേപപത്രം ഇതിനോടകം തന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്. 289 കേസുകൾ കോടതി മുമ്പാകെ തീർപ്പാക്കി കഴിഞ്ഞിട്ടുണ്ട്. സർക്കാർ പുറപ്പെടുവിക്കുന്ന പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ 262 കേസുകൾ വേറെയും അവസാനിച്ചു കഴിഞ്ഞു. അന്വേഷണ ഘട്ടത്തിൽ കേവലം ഒരു കേസ് മാത്രമാണുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ മുമ്പ് തന്നെ ശബരിമലയുമായി ബന്ധപ്പെട്ട കേസുകളും CAA പ്രൊട്ടസ്റ്റുമായി ബന്ധപ്പെട്ട കേസുകളും പിൻവലിക്കാൻ, അതായത് കാഠിന്യമേറിയ, പിൻവലിക്കാൻ

പറ്റാത്ത കേസുകളൊഴിച്ച് എല്ലാ കേസുകളും പിൻവലിക്കാമെന്ന് മുഖ്യമന്ത്രി വാക്ക് നൽകിയിരുന്നു. ആ വാക്ക് പാലിച്ചില്ല. ഇപ്പോൾ അങ്ങ് തീർന്നെന്ന് പറഞ്ഞാൽ... ബഹുഭൂരിപക്ഷം കേസുകളും കോടതിയിൽ ഫൈൻ അടച്ചാണ് തീർത്തിരിക്കുന്നത്. അപ്പോൾ ഗവൺമെന്റ് നൽകിയ വാക്കിൽ നിന്നാണ് പുറകിലേയ്ക്ക് പോയത്. അതുകൊണ്ടാണ് നിങ്ങൾ ആരുടെ കൂടെയാണെന്ന് ഞങ്ങൾ ചോദിച്ചത്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഇക്കാര്യത്തിൽ വ്യക്തമായി തന്നെയാണ് കാര്യങ്ങൾ പറഞ്ഞത്. നിലവിൽ പൗരത്വ ഭേദഗതിയിൽപ്പെടുന്ന 835 കേസുകളാണ്. അതിൽത്തന്നെ 194 കേസുകൾ കോടതിയുടെ പരിഗണനയിലുണ്ട്. കോടതിയിലുള്ള കേസുകൾ, സമയബന്ധിതമായിത്തന്നെയല്ലേ അത് എഴുതിത്തള്ളുന്നത്? ഗവൺമെന്റ് ഒരു സുപ്രഭാതത്തിൽ കേസുകൾ എഴുതിത്തള്ളണമെന്ന് കോടതി എഴുതിക്കൊടുത്താൽ എഴുതിത്തള്ളാൻ കഴിയുമോ? അതിന്റെ നിലവിലുള്ള നടപടികൾ സ്വീകരിച്ച്... പിൻവലിച്ച കേസുകൾ ഉണ്ടല്ലോ. അതും ഉണ്ട്. പിൻവലിച്ച കേസുകളും ഉണ്ട്. ആ കാര്യങ്ങളിൽ ഗവൺമെന്റ് ജനങ്ങൾക്ക്

കൊടുത്ത വാക്കിൽനിന്നും പിന്നോട്ട് പോകുന്ന പ്രശ്നമില്ല. അത് ഘട്ടംഘട്ടമായിത്തന്നെ തീർപ്പാക്കുമെന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, കോഴിക്കോട് ഹെഡ് പോസ്റ്റോഫീസിലേയ്ക്ക് സമരം ചെയ്ത 57 ആളുകളെ ജയിലിൽ അടച്ചപ്പോൾ അതിൽ ഒന്നാമത്തെ പ്രതിയായിരുന്നു ഞാൻ. അഞ്ച് ദിവസം കേരളത്തിലെ ഇടതുപക്ഷ സർക്കാർ ജയിലിലിട്ടതായിരിക്കുന്ന പൊതുപ്രവർത്തകരാണ് ഞാൻ ഉൾപ്പെടെയുള്ള ആളുകൾ. ആ കേസിലുൾപ്പെടെ ഞങ്ങളെ വിചാരണ നടത്തി. ഗവൺമെന്റ് അന്ന് സ്വീകരിച്ച സമീപനം പരമാവധി ശിക്ഷ കൊടുക്കണമെന്നുള്ളതായിരുന്നു. പറഞ്ഞതിൽനിന്നും വ്യത്യസ്തമാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, പൊതുസ്ഥാപനങ്ങൾക്ക് നഷ്ടം വരുത്തുക, പൊതുമുതൽ നശിപ്പിക്കുക ഇത്തരം കേസുകൾക്കെല്ലാം നമുക്ക് നോംസ് പ്രകാരമല്ലേ പോകാൻ പറ്റുകയുള്ളൂ. പൊതുമേഖലാ സ്ഥാപനങ്ങൾ അടിച്ചുതകർക്കുക എന്നുള്ള കേസുകൾക്കൊക്കെ അതിന്റേതായിട്ടുള്ള രീതിയിൽ മാത്രമെ പോകുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത്, വഖഫ് ഭൂമിയുമായി ബന്ധപ്പെട്ട കേസുകളിൽ ഒരു കരാട്ടെ എസ്.ഐ. വന്നു എന്നൊരു കാര്യം പറഞ്ഞു. എന്തായാലും അതിൽ സി.ബി.ഐ. അന്വേഷണം തന്നെയാണ് നടക്കുന്നത്. കണ്ണൂരിൽ തിരിച്ചു പിടിച്ചത് 50 കേസുകൾ, കോഴിക്കോട് 57, മലപ്പുറം 8, എറണാകുളം 58, തൃശ്ശൂർ 11, കോട്ടയം 42, കാസർഗോഡ് 2. ഇതിൽ ഉൾപ്പെട്ട ആളുകളെ ശരിക്കും അങ്ങ് പറഞ്ഞ രീതിയിൽ ഞാൻ പറയണം. പക്ഷേ, വഖഫുമായി ബന്ധപ്പെട്ട കേസുകളിലെ ആളുകളുടെ പേരുകൾ ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. മലപ്പുറം ജില്ലയിൽത്തന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരു പാർട്ടിയുടെ നേതാക്കളുടെ പേരിലുള്ള വഖഫ് ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട വിധി വരാനുണ്ട്. അതും ഇനി നമുക്ക് പത്രങ്ങളിലൂടെ വായിക്കാം. മറ്റൊരു കാര്യം കർണാടക വഖഫ് ബോർഡുമായി ബന്ധപ്പെട്ടാണ്. നമ്മുടെ സംസ്ഥാനത്താണ് ഏറ്റവും നല്ല രീതിയിൽ ന്യൂനപക്ഷ വിഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നത്. (ബഹളം...)

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പോയിന്റ് ഓഫ് ഓർഡർ...

മി. സ്പീക്കർ: യെസ്.... യെസ്....... ബഹുമാനപ്പെട്ട മിനിസ്റ്റർ ഇരിക്കൂ. എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടിയുടെ ആളുകളൊക്കെ നടത്തിയ, വഖഫുമായി ബന്ധപ്പെട്ട വിഷയങ്ങൾ പുറത്തുവരുമെന്ന് പറഞ്ഞു. അങ്ങനെ അവ്യക്തമായിട്ടുള്ള രീതിയിൽ ഊഹാപോഹങ്ങൾ സൃഷ്ടിക്കുന്ന രീതിയിൽ ഒരു മന്ത്രി നിയമസഭയിൽ പറയുന്നത് ശരിയല്ല. അല്ലെങ്കിൽ, തെളിവുകളുണ്ടെങ്കിൽ അദ്ദേഹം അത് വ്യക്തമായി പറയണം. ഏത് ആളായാലും അതിൽ നടപടി സ്വീകരിക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കുറ്റിക്കാട്ടൂർ കേസിൽ മുസ്ലീംലീഗിന്റെ ഉന്നതനായ നേതാവ് മായിൻ ഹാജിയുടെ കുടുംബം കയ്യേറിയ, അവരുടെ സ്വന്തം പേരിലേയ്ക്ക് മാറ്റിയ യത്തീംഖാന അടക്കമുള്ള സ്ഥലങ്ങളാണ് ഇന്ന് മറ്റ് കമ്മിറ്റിക്ക് വിട്ടുകൊടുത്തത്. കോടതി വിധി, കോടതി കേസ്സാണ്. കൊച്ചിയിലുള്ള വഖഫ് ഭൂമിക്ക് ടാക്സ് അടയ്ക്കാൻ സൗകര്യം ചെയ്തുകൊടുത്ത ഒരു

ഗവൺമെന്റാണെന്ന്.... ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ ഇവിടെ ഇരിക്കുന്നുണ്ട്.

.....(ബഹളം)....

മി. സ്പീക്കർ: യെസ്.... യെസ്..... പ്ലീസ്.... പ്ലീസ്....

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഒന്നാമത് കുറ്റിക്കാട്ടൂർ മലപ്പുറത്തല്ല. കുറ്റിക്കാട്ടൂർ കോഴിക്കോടാണ്. മുഴുവൻ വിവരവുമില്ലാതെ ഏതെങ്കിലുമൊരു പെറ്റീഷൻ വന്നാൽ കേസുണ്ടാകും. ഒരാളുടെ പേരെല്ലാം പറഞ്ഞ്, സമുന്നതനായ ഒരാളുടെ പേരൊക്കെ പറഞ്ഞ്.... കുറ്റിക്കാട്ടൂർ മലപ്പുറത്തല്ല, കോഴിക്കോടാണ്. അങ്ങനെ മുഴുവൻ വിവരവുമില്ലാതെ ഔദ്യോഗികമായി മിനിസ്റ്റർ ഇങ്ങനെ പറയുന്നത് ശരിയാണോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ബഹുമാനപ്പെട്ട മുസ്ലീംലീഗിന്റെ നേതാവ് മായിൻ ഹാജി സ്ഥലം കയ്യേറിയെന്ന് ഞാൻ പറഞ്ഞില്ല. മായിൻ ഹാജിയുടെ ബന്ധുക്കൾ എന്നാണ് ഞാൻ പറഞ്ഞത്. (....ബഹളം.....)

മി. സ്പീക്കർ: യെസ്..... മിനിസ്റ്റർ. പ്ലീസ്...കൺക്ലൂഡ് ചെയ്യൂ. സമയം അതിക്രമിച്ചു.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കൊച്ചിയിൽ ഭൂമിയുമായി ബന്ധപ്പെട്ട് നികുതി സ്വീകരിക്കുന്നത്.... അത് ഹൈക്കോടതിയിൽ നടക്കുന്ന കേസ്സാണ്. അവിടെ നികുതി സ്വീകരിക്കുന്നത് ഒരു റൈറ്റ് അല്ല എന്ന് ബഹു. സുപ്രീംകോടതി വിധിയുണ്ട്. അക്കാര്യത്തിൽ കേസ് നടക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആ ഭൂമി വീണ്ടും..... ഫറൂഖ് കോളേജാണ് ആ ഭൂമി വിറ്റിട്ടുള്ളത്. അതും പരിശോധിക്കുന്നുണ്ട്. ഇതൊക്കെയാണ് നിലവിലുള്ള കാര്യങ്ങൾ. സമയക്കുറവ് കാരണം ബാക്കിയുള്ളതിലേയ്ക്ക് കടക്കുന്നില്ല. ന്യൂനപക്ഷ വകുപ്പിന്റെ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXV
## പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, പി. ഉബൈദുള്ള, പി. അബ്ദുൽ ഹമീദ്, അൻവർ സാദത്ത്, ഐ. സി. ബാലകൃഷ്ണൻ, കെ. ബാബു (തൃപ്പൂണിത്തുറ), പി. സി.

വിഷ്ണുനാഥ്, ടി. ജെ. വിനോദ്, സണ്ണി ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, റോജി എം. ജോൺ, മഞ്ഞളാംകുഴി അലി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, എന്നീ അംഗങ്ങൾ XXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പട്ടികജാത/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

**ശ്രീ. എ. പി. അനിൽ കുമാർ:** സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

**അനുകൂലിക്കുന്നവർ:**

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. എം. എസ്. അരുൺ കുമാർ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു (നെന്മാറ)
7. ഡോ. ആർ. ബിന്ദു
8. ശ്രീ. പി. പി. ചിത്തരഞ്ജൻ
9. ശ്രീമതി ദെലീമ
10. ശ്രീ. ചിറ്റയം ഗോപകുമാർ
11. ഡോ. കെ. ടി. ജലീൽ
12. ശ്രീമതി കാനത്തിൽ ജമീല

13. ശ്രീ. ജി. എസ്. ജയലാൽ

14. ശ്രീ. കെ. യു. ജനീഷ് കുമാർ

15. ശ്രീ. ജോബ് മൈക്കിൾ

16. ശ്രീ. ഒ. ആർ. കേളു

17. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

18. ശ്രീ. കോവൂർ കുഞ്ഞുമോൻ

19. ശ്രീ. ലിന്റോ ജോസഫ്

20. ശ്രീ. ടി. ഐ. മധുസൂദനൻ

21. ശ്രീ. പി. മമ്മിക്കുട്ടി

22. ശ്രീ. മാത്യു ടി. തോമസ്

23. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

24. ശ്രീ. കെ. പി. മോഹനൻ

25. ശ്രീ. എ. സി. മൊയ്തീൻ

26. ശ്രീ. മുഹമ്മദ് മുഹസിൻ

27. ശ്രീ. ഡി. കെ. മുരളി

28. ശ്രീ. മുരളി പെരുനെല്ലി

29. ശ്രീ. പി. നന്ദകുമാർ

30. ശ്രീ. എ. പ്രഭാകരൻ

31. ശ്രീ. പ്രമോദ് നാരായൺ

32. ശ്രീ. വി. കെ. പ്രശാന്ത്

33. ശ്രീ. കെ. ഡി. പ്രസേനൻ

34. ശ്രീമതി യു. പ്രതിഭ

35. ശ്രീ. കെ. പ്രേംകുമാർ

36. ശ്രീ. പി. ടി. എ. റഹീം

37. ശ്രീ. എം. രാജഗോപാലൻ

38. ശ്രീ. കെ. രാജൻ

39. ശ്രീ. പി. രാജീവ്

40. ശ്രീ. കെ. കെ. രാമചന്ദ്രൻ

41. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

42. ശ്രീ. ടി. പി. രാമകൃഷ്ണൻ

43. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

44. ശ്രീ. കെ. എം. സച്ചിൻദേവ്

45. ശ്രീ. സജി ചെറിയാൻ

46. ശ്രീ. എച്ച്. സലാം

47. ശ്രീമതി ശാന്തകുമാരി കെ.

48. ശ്രീ. എ. കെ. ശശീന്ദ്രൻ

49. ശ്രീ. വി. ശശി

50. ശ്രീ. ഐ. ബി. സതീഷ്

51. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

52. ശ്രീ. വാഴൂർ സോമൻ

53. ശ്രീ. ജി. സ്റ്റീഫൻ
54. ഡോ. സുജിത് വിജയൻപിള്ള
55. ശ്രീ. കെ. വി. സുമേഷ്
56. ശ്രീ. പി. പി. സുമോദ്
57. ശ്രീ. വി. ആർ. സുനിൽ കുമാർ
58. ശ്രീ. പി. എസ്. സുപാൽ
59. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
60. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
61. ശ്രീ. തോമസ് കെ. തോമസ്
62. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
63. ശ്രീ. വി. എൻ. വാസവൻ
64. ശ്രീ. ഇ. കെ. വിജയൻ
65. ശ്രീ. എം. വിജിൻ
66. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. കുറുക്കോളി മൊയ്തീൻ
13. ശ്രീ. നജീബ് കാന്തപുരം
14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. റോജി എം. ജോൺ
17. ശ്രീ. സജീവ് ജോസഫ്
18. ശ്രീ. എൻ. ഷംസുദ്ദീൻ
19. ശ്രീ. സനീഷ്കുമാർ ജോസഫ്
20. ശ്രീ. വി. ഡി. സതീശൻ
21. ശ്രീ. ടി. സിദ്ദിഖ്

22. ശ്രീ. സണ്ണി ജോസഫ്

23. ശ്രീ. പി. ഉബൈദുള്ള

24. ശ്രീ. ടി. ജെ. വിനോദ്

25. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 66

പ്രതികൂലിക്കുന്നവർ - 25

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ചർച്ചകൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2024-25 | | | | |
|---|---|---|---|---|---|---|
| | | 15-02-2024-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| *I | സംസ്ഥാന നിയമസഭ | 45,67,39,000 | --- | 91,34,80,000 | - | 91,34,80,000 |
| *IV | തിരഞ്ഞെടുപ്പുകൾ | 195,65,16,000 | ---- | ---- | ---- | ----- |
| *XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 5068,48,73,000 | | 10136,97,46,000 | -- | 10136,97,46,000 |
| *XLV | പലവക | ---- | 222,20,64,000 | --- | 444,41,28,000 | 444,41,28,000 |

| | | | | | | |
|---|---|---|---|---|---|---|
| | വായ്പകളും മുൻകൂറുകളും | | | | | |

*ചർച്ച കൂടാതെ വോട്ടിനിടുന്ന ധനാഭ്യർത്ഥനകൾ

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ, IV, XLV എന്നീ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, തിരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന

XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

ധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.